
# കത്തീഡ്രൽ വോയ്സ്

തൃശൂർ ലൂർദ്ദ് മെട്രോപോലിറ്റൻ കത്തീഡ്രലിന്റെ മുഖപത്രം

സെപ്റ്റംബർ 2025



" കുരിശ് രക്ഷയുടെ അടയാളമാണ്..."


Elegance
for every occasion.
Pride Of Fashion
Shankarayyar Junction (Jayalakshmi Silks Road)
Poothole, Thrissur
Phn: 0487 2386500, 8136971500
South Bazar (Near Puthenpalli)
High Road, Thrissur
Phn: 0487 2424200, 8304021500
PRIDE
OF FASHION
Always in style
Poothole Branch (Car Parking Available)
High-road Branch
Scan this QR code to connect with us.
BRIDAL ORNAMENTS - BRANDED COSMETICS - FANCY ACCESSORIES - DANCE ORNAMENTS

THE EDITORIAL BOARD

ചീഫ് എഡിറ്റർ:
വെ. റവ. ഫാ. ജോസ് വല്ലൂരാൻ
97 44 73 31 22
മാനേജിങ്ങ് എഡിറ്റേഴ്സ്:
റവ. ഫാ. പ്രിജോവ് വടക്കേത്തല
98 95 64 7709 082
റവ. ഫാ. ജീസ്മോൻ ചെമ്മണ്ണൂർ
96 33 82 97 62
എക്സിക്യൂട്ടീവ് എഡിറ്റർ:
പ്രൊഫ. ഡോ. കെ. എം. ഫ്രാൻസിസ്
98 46 33 05 95
അസോസിയേറ്റ് എഡിറ്റർ:
ശ്രീ. ജോസ് വാഴപ്പിള്ളി
94 46 76 67 76
സെക്രട്ടറി:
ശ്രീ. സി. ആർ. ആന്റോ
93 87 10 07 28
ട്രഷറർ:
ശ്രീ. സോണി തോമസ് കവലക്കാട്ട്
93 87 10 55 62
അംഗങ്ങൾ:
ഡോ. ജോബി കാക്കശേരി
ഡോ. ഇഗ്നേഷ്യസ് ആന്റണി
ശ്രീ. ജോഷി ചിറമ്മൽ
ശ്രീമതി അൽഫോൺസ സിംസൺ
ശ്രീ. ബോബി ചിറക്കേക്കാരൻ
സി. ദീപ വർഗ്ഗീസ് SKD (80 78 39 90 44)
സർക്കുലേഷൻ മാനേജർ:
ശ്രീ. പി.ജെ. ടോജോ (98 46 66 00 20)
നടത്തുകൈക്കാരൻ:
ശ്രീ. ജോർജ്ജ് ജോസ് കവലക്കാട്ട്
കൈക്കാരന്മാർ:
ശ്രീ. സെബി ലോനായ് പാനികുളങ്ങര
ശ്രീ. റാഫി ആന്റണി കിടങ്ങത്തുപറമ്പിൽ
ശ്രീ. റോഷൻ ഡേവീസ് പുതുക്കാടൻ

# ഉള്ളടക്കം


എഡിറ്റോറിയൽ 2
ഇടയശബ്ദം 4
ഓർമ്മിക്കാൻ ആചരിക്കാൻ 5
യുവജനങ്ങളോട് 6
കുഞ്ഞുമക്കളോട് 8
നന്ദി 10
ജനാധിപത്യസ്ഥാപനങ്ങളും
രാഷ്ട്രത്തിന്റെ ഐക്യവും 12
യാത്ര: വിനോദവും വിജ്ഞാനവും 16
വിപ്ലവകാരികളെ സ്വാധീനിച്ച വിശുദ്ധൻ 18
ചർച്ചാ വിഷയങ്ങൾ 20
ഉപഭോഗം അതീവശ്രദ്ധയോടെ 21
ഗ്രന്ഥശാലകൾ അറിവിന്റെ കേന്ദ്രങ്ങൾ 23
വ്യാകുലമാതാവ് 27
വിൻസെന്റ് ഡി പോളിലൂടെ വിശുദ്ധ പദവിയിലേക്ക്
വാഴ്ത്തപ്പെട്ട ജിയോർജിയോ ഫ്രസാറ്റി 28
കുരിശിലെ ആത്മീയത 32
സെപ്തംബർ 23
വി. പാദ്രെ പിയോ (1887 – 1968) 34
പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ 36
കുടുംബ കൂട്ടായ്മ വാർത്തകൾ 40
ബൈബിൾ ക്വിസ് മത്സരം 47
അടിക്കുറിപ്പ് മത്സരം 48
നിറം കൊടുക്കൽ മത്സരം 50
കുടുംബകൂട്ടായ്മകൾ 51
വചന വായനകൾ 52


## തിരുക്കർമ്മ സമയം

വി.കുർബ്ബാന : ഞായർ: 6.00 a.m, 7.30 a.m. 10.30 a.m, 5.00 p.m, 7.00 p.m.
മറ്റു ദിവസങ്ങളിൽ: 6.00 a.m, 7.30 a.m, 5.00 p.m.
നിത്യസഹായമാതാവിന്റെ നൊവേന: ശനിയാഴ്ച 6.45 a.m, 8.15 a.m. 5.45 p.m.
ഉണ്ണിമിശിഹാ കപ്പേളയിൽ : വി.കുർബ്ബാന, ലദീഞ്ഞ്, നൊവേന, കുഞ്ഞുങ്ങൾക്കുള്ള ആശീർവ്വാദം
എല്ലാ മാസവും 1–ാം തിയ്യതി 7.00 p.m.

**Our Lady of Lourdes Metropolitan Cathedral**
Cathedral Road, Thrissur - 680 005 - Ph: 0487 2333995, 8547797595
e-mail: cathedralthrissur@gmail.com, Web: www.lourdescathedralthrissur.com
Printed at : Vivid Offset Printers, behind Latin Church, Thrissur-1.
(For Private Circulation only)




സെപ്റ്റംബർ 14 കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ്. കുരിശ് എന്ന അടയാളം ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രമാണ്. നാം കുരിശ് വരയ്ക്കുമ്പോൾ യേശുവിന്റെ കുരിശ് നമ്മുടെ കുരിശായി സ്വീകരിക്കാനുള്ള സമ്മതമാണ് നൽകുന്നത്. ശിക്ഷയ്ക്കായി റോമൻ സാമ്രാജ്യം ഉപയോഗിച്ചിരുന്ന കുരിശ് ക്രൈസ്തവർക്ക് രക്ഷയുടെ അടയാളമാകുന്നത് എങ്ങിനെയാണ്?

ഇക്കാര്യം നമ്മെ പഠിപ്പിക്കുന്നത് വലതുഭാഗത്തെ കള്ളനാണ്. യേശുവിന്റെ കുരിശിന്റെ ഇടതും വലതുമായി രണ്ട് കള്ളന്മാരെ ക്രൂശിച്ചിരുന്നു. അവർ ഇരുവരും സ്വയം ശപിച്ചുകൊണ്ടാണ് കുരിശിൽ കിടന്നിരുന്നത്. മാത്രമല്ല അവർ ഇരുവരും യേശുവിനെപരിഹസിച്ചുകൊണ്ടു പറഞ്ഞു‘ “നീ ദൈവപുത്രനാണെങ്കിൽ സ്വയം കുരിശിൽ നിന്ന് ഇറങ്ങിവരിക. എന്നിട്ട് ഞങ്ങളെയും രക്ഷിക്കുക.” ഇതിനിടയിൽ വലതുഭാഗത്തെ കള്ളന് വീണ്ടുവിചാരമുണ്ടായി. അവൻ ഇടതുഭാഗത്തെ കള്ളനെശാസിച്ചുകൊണ്ട് പറഞ്ഞു; ഇവൻ നീതിമാനാണ്. ഇവൻ കുറ്റം ചെയ്യാതെയാണ് കുരിശിൽ മരിക്കുന്നത്. എന്നാൽ നമുക്ക് ഈ കുരിശുമരണം യോഗ്യമാണ്. അതിനുശേഷം അവൻ യേശുവിനോട് പറഞ്ഞു, എന്നെ കുരിശിൽ നിന്ന് ഇറക്കേണ്ട, പക്ഷേ എന്നെ ദൈവരാജ്യത്തിൽ ഉൾക്കൊള്ളിച്ചാൽ മതി. യേശു പറഞ്ഞു, “നീ ഇന്ന് എന്നോടൊപ്പം പറുദീസയിൽ ആയിരിക്കും.”

വലതുഭാഗത്തെ കള്ളനാണ് യഥാർത്ഥത്തിൽ നമ്മെ കുരിശിന്റെ അർത്ഥം പഠിപ്പിക്കുന്നത്. ജീവിതത്തിൽ നാം നേരിടുന്ന എല്ലാ തടസ്സങ്ങളും പ്രതിബന്ധങ്ങളും രോഗങ്ങളും എന്തിനേറെ മരണവും യഥാർത്ഥത്തിൽ മനുഷ്യന് യോഗ്യമാണ്. ഇവയെല്ലാം നാം കള്ളന്മാരെപ്പോലെ സ്വയം ശപിച്ചുകൊണ്ടാണ് നേരിടുന്നത്. ഏത് പ്രതിബന്ധത്തേയും ദുരിതത്തേയും രോഗത്തേയും മരണത്തേയും നാം എതിർക്കുംതോറും അവ നമ്മെ ക്രൂരമായി കീഴ്പ്പെടുത്തും.

എന്നാൽ യേശു ഗദ്സെമൻ തോട്ടത്തിൽ ഇപ്രകാരം പ്രാർത്ഥി

ച്ചു "പിതാവെ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് അകന്നുപോകട്ടെ, എങ്കിലും നിന്റെ ഹിതം എന്നിൽ നിറവേറട്ടെ."

പ്രതിബന്ധങ്ങൾ നമുക്ക് നല്ലതിനാണോ ചീത്തയ്ക്കാണോ എന്ന് നമുക്ക് അറിയില്ല. ജീവിതത്തിലെ പ്രതിസന്ധികളാകുന്ന കുരിശുകൾ മനുഷ്യർക്ക് യോഗ്യമാണെന്ന് തിരിച്ചറിഞ്ഞ് അവയെ ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കുമ്പോൾ അവ നമ്മുടെ മഹത്വത്തിനായി രൂപാന്തരപ്പെടും. യേശു കാണിച്ചുതന്ന ഈ മാതൃക അനുകരിക്കാൻ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷം നമ്മെ ശക്തിപ്പെടുത്തട്ടെ. ജീവിതത്തിന്റെ അവസാനനിമിഷം വരെ ദൈവഹിതത്തിന് ആമ്മേൻ പറഞ്ഞുകൊണ്ട് വേദനകളെ ഹൃദയത്തിൽ സംഗ്രഹിച്ച പരിശുദ്ധ കന്യകാമറിയം നമ്മെ കുരിശ് വഹിക്കാൻ സഹായിക്കട്ടെ.

എഡിറ്റർ

# സൗജന്യ ത്വക്ക് രോഗ ചികിത്സ ക്യാമ്പ് സംഘടിപ്പിച്ചു





ലൂർദ് കത്തീഡ്രൽ കെസിവൈഎം സംഘടനയുടെ ആഭിമുഖ്യത്തിൽ പ്രശസ്ത ത്വക്ക് രോഗ വിദഗ്ധൻ ഡോ. അബേൽ ഫ്രാൻസിസ് നയിക്കുന്ന 11 മത് സൗജന്യ ത്വക്ക് രോഗ ചികിത്സാ ക്യാമ്പും, സൗജന്യ മരുന്ന് വിതരണവും നടത്തി. തൃശ്ശൂർ അതിരൂപത കെസിവൈഎം പ്രസിഡന്റ് ജിഷാദ് ജോസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ കാലങ്ങളിലായി ക്യാമ്പിനായി സുത്യർഹ സേവനം കാഴ്ചവച്ച ഡോ. അബേൽ ഫ്രാൻസിസിനെ ലൂർദ് കത്തീഡ്രൽ വികാരി ജോസ് വല്ലൂരാൻ പൊന്നാട അണിയിച്ച് ആദരിച്ചു. കത്തീഡ്രൽ കെ സി വൈ എം പ്രസിഡന്റ് ഷിനോസൈമൺ, ലൂർദ് ഫൊറോന ജനറൽ സെക്രട്ടറി ക്രിസ്റ്റി വിൽസൺ, വൈസ് പ്രസിഡന്റ് പോൾ തോട്ടാൻ മറ്റു ഭാരവാഹികൾ, സംഘടനാ അംഗങ്ങൾ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.





**ഇടയശബ്ദം**

# വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ

എല്ലാ വർഷവും സെപ്റ്റംബർ 14-ാം തീയതി, തിരുസ്സഭ വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്ന ദിവസമാണ്. റോമ സാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റെയിന്റെ അമ്മയായിരുന്ന ഹെലേനരാജ്ഞിയും ജെറുസലേമിലെ അന്നത്തെ മെത്രാനായിരുന്ന മക്കാരിയൂസും പ്രാർത്ഥനയോടും ഉപവാസത്തോടും കൂടി നടത്തിയ നീണ്ടകാലത്തെ അന്വേഷണത്തിനൊടുവിൽ ഈശോയെ തറച്ച കുരിശ് കണ്ടെടുക്കുകയുണ്ടായി.

തിരുക്കുരിശ് കണ്ടെത്തിയതിന്റെ ഓർമ്മയ്ക്കായിട്ടാണ് വി. കുരിശിന്റെ തിരുനാൾ സ്ഥാപിതമായത്. പാശ്ചാത്യസഭകളിലും പൗരസ്ത്യസഭകളിലും പുരാതനകാലം മുതലേ, (സെപ്റ്റംബർ 14ന്) വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിച്ചുവരുന്നുണ്ട്.

വി.കുരിശിന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹത്തേയും കരുതലിനെയും അതോടൊപ്പം ഈശോയുടെ പീഡാസഹനങ്ങളെയും കുരിശുമരണത്തേയുമാണ് നാം ധ്യാനവിഷയമാക്കുക. യേശുവിന്റെ കുരിശുമരണം വരെ, കുരിശ് യഹൂദർക്ക് ഇടർച്ചയും വിജാതീയർക്ക് ഭോഷത്തവുമായിരുന്നുവെന്ന് വി. പൗലോസ് പറയുന്നുണ്ട്. അവഹേളനത്തിന്റെയും പരിഹാസത്തി

ന്റെയും ചിഹ്നമായി കണക്കാക്കപ്പെട്ടിരുന്ന കുരിശ്, യേശുവിന്റെ മരണത്തോടെ രക്ഷയുടെയും മഹത്വത്തിന്റേയും അടയാളമായി മാറി.

യേശു തന്റെ കുരിശുമരണം വഴി മരണത്തെ പരാജയപ്പെടുത്തുകയും, ഉത്ഥാനം വഴി കുരിശിനെ രക്ഷയുടെയും മഹത്വത്തിന്റെയും അടയാളമായി ഉയർത്തുകയും ചെയ്തു. കുരിശിലൂടെ നമുക്ക് രക്ഷ പ്രദാനം ചെയ്ത യേശു നമ്മോടു പറയും "കുരിശില്ലാതെ കിരീടമില്ല." നമ്മുടെ അനുദിനജീവിതത്തിലെ സഹനങ്ങളും ത്യാഗങ്ങളും കഷ്ടപ്പാടുകളും സന്തോഷത്തോടെ നാം ഏറ്റെടുക്കുമ്പോൾ, നിത്യരക്ഷയുടെ പാതയിലൂടെയാണ് നാം ചരിക്കുന്നത് എന്ന് നമുക്ക് ഉറപ്പിച്ചുപറയുവാൻ കഴിയും.

കുരിശിലൂടെ നമുക്ക് രക്ഷ നേടിതന്ന ക്രിസ്തുവിന്റെ കുരിശിൻകീഴിൽ നമുക്ക് അഭയം തേടാം. നമ്മുടെ എല്ലാ വേദനകളും നൊമ്പരങ്ങളും ആ കുരിശിനോടു ചേർത്തു നമുക്ക് നിത്യപിതാവിന് സമർപ്പിക്കാം. വി. പൗലോസിനോട് ചേർന്ന് "നമ്മുടെ കർത്താവീശോമിശിഹായുടെ കുരിശിലല്ലാതെ മറ്റൊന്നിലും പ്രശംസ കണ്ടെത്തുവാൻ എനിക്ക് ഇടയാകാതിരിക്കട്ടെ" (ഗലാ. 6:14) എന്ന് നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,
വികാരിയച്ചൻ
ഫാ. ജോസ് വല്ലൂരാൻ

## ഓർമ്മിക്കാൻ ആചരിക്കാൻ

### സെപ്തംബർ 2025

| | | |
|---|---|---|
| 1 | തിങ്കൾ | എട്ടുനോമ്പാരംഭം<br>ഉണ്ണിമിശിഹ കപ്പേളയിൽ വിശുദ്ധ കുർബ്ബാന, ലദീഞ്ഞ്, നൊവേന, കുഞ്ഞുങ്ങൾക്കുള്ള ആശീർവ്വാദം |
| 5 | വെള്ളി | ആദ്യവെള്ളി<br>വിശുദ്ധ ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും<br>കൊൽക്കൊത്തയിലെ വിശുദ്ധ തെരേസ |
| 8 | തിങ്കൾ | പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ |
| 13 | ശനി | വിശുദ്ധ ജോൺ ക്രിസോസ്തോം |
| 14 | ഞായർ | വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 20 | ശനി | വിശുദ്ധ മത്തായി ശ്ലീഹ |
| 27 | ശനി | വിശുദ്ധ വിൻസെന്റ് ഡി പോൾ |
| 29 | തിങ്കൾ | പ്രധാന മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ |
| 30 | ചൊവ്വ | വിശുദ്ധ ജെറോം |



# മാലാഖ ജീവിതം



'മാലാഖയെപ്പോലെയുണ്ട്' എന്ന പ്രയോഗം ആരുടെ മനസ്സിനെയാണ് ആർദ്രമാക്കാത്തത്. ശുദ്ധമായിട്ടുള്ള ദൂത് പേറാൻ, നല്ല ദൈവത്തിന്റെ സേവകരാകാൻ ലഭിക്കുന്ന അവസരം ആരാണ് വൃഥാവിലാക്കുക. പ്രിയപ്പെട്ടവരെ, ദൈവത്തിന്റെ സേവകരാകാനും ശുദ്ധമായിട്ടുള്ള അറിയിപ്പുകൾ നൽകാനും യുവജനങ്ങളായ നാം എന്നും കടമയുള്ളവരാണ്.

മാലാഖ എന്നത് ഒരു ദൗത്യത്തിന്റെ പേര് കൂടിയാണ്. ദൈവം നമ്മളെ ഏൽപ്പിക്കുന്ന ഓരോ ദൗത്യങ്ങളുണ്ട്. ദൈവത്തിന്റെ വിളിക്ക് കാതോർത്താൽ മാത്രമാണ് നാം ചെയ്യേണ്ട ദൗത്യം നമ്മുടെ മനസ്സിൽ തെളിഞ്ഞു വരികയുള്ളൂ. ദൈവത്തിന് വിധേയപ്പെട്ട് ദൈവത്തിന്റെ സ്വപ്നങ്ങളിലേക്ക് ചിറകടിച്ചു ഉയരാൻ നമുക്ക് സാധിക്കണം. ദൈവത്തിന് വിധേയപ്പെടലാണ് യഥാർത്ഥ സ്വാതന്ത്ര്യം. വിശാലമായ ആകാശം മുഴുവൻ നമുക്ക് ദൈവം തരുമ്പോൾ, നാം ഏതെങ്കിലും ചില്ലയിൽ ഒതുങ്ങിപ്പോകുന്നു എന്നുള്ളതാണ് നമ്മുടെ അപകടം. എളിമയുള്ള ദൂതന്മാർ ആകാൻ നമുക്ക് ശ്രമിക്കാം. നിഗളം പിണഞ്ഞ് ദൈവത്തിന്റെ പടിവാതിൽക്കൽ നിന്ന് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ആ മാലാഖയെ കൂടെ ഒന്ന് ഓർത്താൽ നന്ന്.

ദൈവഹിതത്തിന്റെ സേവകരാകാനും ദൈവരാജ്യത്തിന്റെ ദൂതരാകാനും നമുക്ക് സാധിക്കണം. മുഖ്യദൂതൻ ശുദ്ധമായ ദൂത് മറിയത്തിനെ അറിയിച്ചത് പോലെ, പരിശുദ്ധ മറിയം എലിസബത്തിന്റെ അടുത്തേക്ക് ഓടിച്ചെന്ന് അവളെ ശുശ്രൂഷിച്ചത് പോലെ, സമറായ സ്ത്രീ പട്ടണത്തിലേക്ക് ഓടിച്ചെന്ന് ബോധ്യമായി തെളിഞ്ഞ ക്രിസ്തുവിനെ പ്ര

ഘോഷിച്ചത് പോലെ, യുവജനങ്ങളായ നമുക്ക് ദൈവ ശുശ്രൂഷയുടെ സേവകരാകാൻ പറ്റണം; ഒപ്പം നല്ല ദൂതരാകാനും.

കത്തി പിടിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിലെ മുറിയിൽ ഒരു കുഞ്ഞുണ്ടെന്ന് മനസ്സിലാക്കി, കുഞ്ഞിന്റെ അമ്മയുടെ വാവിട്ടുള്ള കരച്ചിൽ കേട്ട് ഹൃദയം നുറുങ്ങി, തന്റെ ജീവനെ പോലും പരിഗണിക്കാതെ മുറിയിലേക്ക് ഓടിച്ചെന്ന് കുഞ്ഞിനെ രക്ഷിച്ച യുവാവിനോട് കുഞ്ഞു ചോദിക്കുന്ന ചോദ്യം വളരെ ഹൃദ്യമാണ്. Are You an Angel?

മാലാഖയാകാൻ വേണ്ടി സ്വർഗരാജ്യം വരെ കാത്തിരിക്കണമെന്നില്ല, ആയിരിക്കുന്ന ഇടത്തിൽ നമുക്ക് മാലാഖമാരായി തീരാം. ഞാനായിരിക്കുന്ന ഇടത്തിൽ മാലാഖയുടെ സ്വഭാവം വെളിപ്പെടുത്തുമ്പോൾ, ഞാനായിരിക്കു ഇടത്തിനു പതുക്കെ പതുക്കെ സ്വർഗ്ഗത്തിന്റെ സൗന്ദര്യം വന്നു തുടങ്ങും.

മറ്റുള്ളവരുടെ മിഴികളിലെ കണ്ണുനീര് തുടയ്ക്കുന്നത് മാലാഖമാരാണ്. കൽക്കട്ട തെരുവുകളിൽ അസ്ഥിപഞ്ചങ്ങൾ കണക്ക് ഉള്ള മനുഷ്യരെ എടുത്തു ശുശ്രൂഷിച്ചപ്പോൾ മദർ തെരേസയെ ജനം വിളിച്ചത് കനിവിന്റെ മാലാഖ എന്നാണ്.

താനായിരിക്കുന്ന ആവൃതിക്കുള്ളിൽ അവൾ നേരിട്ട കുഞ്ഞു കുഞ്ഞു സഹനങ്ങളെ മറ്റുള്ളവർക്ക് വേണ്ടി കാഴ്ചവച്ചപ്പോൾ അൽഫോൻസായെ മറ്റുള്ള വർ വിളിച്ചത് സഹനത്തിന്റെ മാലാഖ എന്നാണ്.

പ്രിയ അനുവാചാകരേ, ഒരുപക്ഷേ നിസംഗതയുടെ ചാരം മൂടി കിടക്കുന്ന നമ്മുടെ ഒക്കെ ഹൃദയത്തിനുള്ളിൽ നല്ലൊരു മാലാഖ ഒളിഞ്ഞു കിടപ്പുണ്ടാകും. പതുക്കെ പതുക്കെ ചാരമൂതി കനലു പുറത്തെടുക്കാം.

എന്നാണ് എനിക്ക് ചുറ്റുമുള്ള മനുഷ്യർ എന്നെ നോക്കി ചോദിക്കുക, Are You an Angel?

**പ്രിജോവച്ചൻ**

# ഇടവക തിരുനാളിന് ഒരുക്കമായുള്ള നവനാൾ ശനിയാചരണം ആരംഭം

നമ്മുടെ ഇടവകതിരുനാൾ ദിനം നവംബർ 09-ാം തിയ്യതി ഞായറാഴ്ചയാണ്. സെപ്തംബർ 13- ന് ശനിയാഴ്ച രാവിലെ 7.30 ന്റെ വിശുദ്ധ കുർബ്ബാനയോടുകൂടി തിരുനാളിന് ഒരുക്കമായുള്ള 9 നവനാൾ ശനിയാഴ്ചകളിലെ ദിവ്യബലിയും ശുശ്രൂഷകളും ആരംഭിക്കുന്നു. പരിശുദ്ധ മാതാവിന്റെ തിരുനാളിന് ഒരുക്കമായിട്ടുള്ള വിശുദ്ധ കുർബ്ബാനകളും, മറ്റു തിരുകർമ്മങ്ങളും ഏറ്റെടുത്ത് നടത്താൻ ആഗ്രഹിക്കുന്ന വ്യക്തികൾ പള്ളി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.





## കുഞ്ഞുമക്കളോട്...

# ദിവ്യകാരുണ്യത്തിൽ നിന്ന് കാരുണ്യമായ്......

ഒരിക്കൽ ആഗ്നസ് എന്ന ഒരു കൊച്ചുബാലിക തന്റെ അമ്മ വീടിന്റെ പടിയിറങ്ങി പോകുന്നത് ശ്രദ്ധിച്ചു. എങ്ങോട്ടായിരിക്കും അമ്മ പോകുന്നത്? അവൾ അമ്മയെ പിന്തുടർന്നു. പാവപ്പെട്ട ഒരു വൃദ്ധ സ്ത്രീയുടെ വീട്ടിലേക്കാണ് അമ്മ പോകുന്നത്. അവിടെ ചെന്നപ്പോൾ അവൾ കണ്ട കാഴ്ച ആ പിഞ്ചുഹൃദയത്തെ കരളലിയിപ്പിക്കുന്നതായിരുന്നു. വടിയൂന്നി നിൽക്കുന്ന ആ വൃദ്ധ സ്ത്രീയെ തന്റെ  അമ്മ കുളിപ്പിക്കുന്നതും ഭക്ഷണം കൈ കൊണ്ട് വാരി കൊടുക്കുന്നതുമാണ് അവൾ കണ്ടത്. ഇതെല്ലാം ഒളിച്ചു നിന്ന് കണ്ട അവൾ അമ്മയെ ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് ചുംബിച്ചു. അവളെ തലോടിക്കൊണ്ട് ആ അമ്മ ആഗ്നസിനോട് പറഞ്ഞു.'മോളെ, നീയും ഭാവിയിൽ ഇതുപോലെ ചെയ്യണം സ്നേഹം അത് മാത്രമാണ് സ്വർഗ്ഗം.'

സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളെ,

ആഗ്നസ് എന്ന ആ കൊച്ചു ബാലികയെ മദർ തെരേസയാക്കാൻ ഇടയായ ഒരു സംഭവമാണിത്. കഴിഞ്ഞ നൂറ്റാണ്ടിൽ ലോക ജനതയുടെ മനം കവർന്ന കാരുണ്യത്തിന്റെ വറ്റാത്ത ഉറവിടമായിരുന്ന വിശുദ്ധ മദർ തെരേസയുടെ അമ്മയെയാണ് മുകളിൽ സംഭവത്തിൽ നാം കണ്ടുമുട്ടുന്നത്. വി. മദർ തെരേസയുടെ തിരുനാൾ സെപ്റ്റംബർ അഞ്ചിന് നാം ആഘോഷിക്കുകയാണ്.

മദർ തെരേസയുടെ ജീവിതം പരിശോധിച്ചാൽ ആ അമ്മയെ കാരുണ്യത്തിന്റെ മാലാഖയാക്കുന്നതിന് ഏറ്റവും പ്രചോദനമേകിയത് അവളുടെ സ്വന്തം അമ്മയാണെന്ന് തിരിച്ചറിയാനാവും. എന്നാൽ പിന്നീടുള്ള ആ അമ്മയുടെ നിലയ്ക്കാത്ത കാരുണ്യ പ്രവാഹത്തിനും പ്ര

വർത്തനങ്ങൾക്കും ശക്തി പകർന്നത് ദിവ്യകാരുണ്യമാണെന്ന് അവളുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെയൊക്കെ മനസ്സുകളിൽ കാരുണ്യത്തിന്റെ വലിയ മുഖമാണ് വിശുദ്ധ മദർതെരേസ.

വി. കുർബാനയിൽ നിന്ന് ലഭിക്കുന്ന ആത്മീയ ഊർജ്ജത്തെ തന്റെ ജീവിതത്തിന്റെ പ്രവർത്തനങ്ങളുടെ നിലനിൽപ്പിന് ആധാരമാക്കിയ ലോകം കണ്ട ഏറ്റവും ധീര വനിതകളിൽ ഒരാളാണ് വിശുദ്ധ മദർ തെരേസ. ഇതിനുള്ള ആ അമ്മയുടെ ഉത്തേജനവും പ്രേരണയും എവിടെ നിന്നാണെന്നറിയാൻ ലോകത്തിന് ആകാംക്ഷയായിരുന്നു. "സ്വർഗ്ഗത്തിൽ നിന്ന് അനുദിനം ഞങ്ങൾ സ്വീകരിക്കുന്ന വിശുദ്ധ കുർബാനയിലെ ജീവനുള്ള ക്രിസ്തുവിൽ നിന്നാണ്. എന്നും രാവിലെ 4.40 ന് ഉണരും. നമ്മുടെ കർത്താവിന്റെ മുമ്പിൽ അവിടുത്തെ ധ്യാനിച്ചിരിക്കും. അവിടത്തോട് അനുഗ്രഹങ്ങൾ യാചിക്കുകയും ദൈവത്തിനു നന്ദി പറയുകയുംചെയ്യും. അഞ്ചു മണിക്കുമുമ്പു തന്നെ സക്രാരിയുടെ മുന്നിൽ എത്തും. ദിവ്യബലിയോടെ ഓരോ ദിവസവും ആരംഭിക്കും." വി. മദർ തെരേസ ഇപ്രകാരം പറയുന്നുണ്ട്: "മിഷനറീസ് ഓഫ് ചാരിറ്റി സഹോദരിമാരുടെ ശക്തികേന്ദ്രമാണ് വിശുദ്ധ കുർബാന. അത് യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതുവഴി പാവങ്ങളിലുള്ള യേശുവിനെ ദർശിക്കുന്നതിനും സ്നേഹിക്കുന്നതിനും സഹനത്തിലൂടെ പരിചരിക്കുന്നതിനും ഞങ്ങൾക്കു സാധിക്കുന്നു.

അതുകൊണ്ടു തന്നെ താൻ സ്ഥാപിച്ച സന്യാസസഭയിലേക്ക് പ്രവേശിക്കാൻ മദർ തെരേസ നിർദേശിച്ച ഏറ്റം പ്രധാനപ്പെട്ട ഗുണമാണ് ഈശോയുടെ വി.കുർബാനയിൽ നിന്നുള്ള ശക്തി. വി.മദർ തെരേസയ്ക്ക് തന്റെ ജീവിതമാകുന്ന നാണയത്തിന്റെ ഇരുവശങ്ങളായിരുന്നു വിശുദ്ധ കുർബാനയും പാവപ്പെട്ടവരും. വിശുദ്ധ കുർബാനയിൽ നിന്ന് അമ്മ സ്വീകരിച്ച ശക്തിയാണ് അതിരുകളില്ലാതെ വളരുവാനും അളവുകൾ ഇല്ലാതെ പാവങ്ങൾക്ക് വേണ്ടി ജീവിക്കുവാനും മദർ തെരേസയെ സഹായിച്ചത്. ജീവിച്ചിരിക്കുമ്പോൾ തന്നെ 'ജീവിക്കുന്ന വിശുദ്ധ' എന്നറിയപ്പെട്ടിരുന്ന മദർ തെരേസ ദിവ്യകാരുണ്യത്തിന് മുമ്പിലായിരിക്കുന്ന നിമിഷങ്ങളെ കുറിച്ച് വർണ്ണിക്കുന്നത് ഇപ്രകാരമാണ്:

'ഈശോയുടെ ദിവ്യകാരുണ്യത്തോടൊപ്പം ഈ ഭൂമിയിൽചിലവഴിക്കുന്ന സമയത്തേക്കാൾ മറ്റൊരു മനോഹരമായ സമയം നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാവുകയില്ല.'

പ്രിയ കുഞ്ഞുമക്കളെ, നമുക്കും വി. മദർതെരേസയെ പോലെ വി.കുർബാനയിൽ നിന്ന് ശക്തി സ്വീകരിച്ച് അനുദിന ജീവിതത്തിലെ നമ്മുടെ പഠനങ്ങളും പ്രവർത്തനങ്ങളും ഏറ്റവും അനുഗ്രഹപ്രദമാക്കാം..

ഒത്തിരി സ്നേഹത്തോടെ
ഫാ. ജീസ്മോൻ ചെമ്മണ്ണൂർ






ഒരു ഒന്നരക്കയ്യനായിട്ടാണ് ഞാനിവിടെ എത്തിയത്. രണ്ടര കൈയ്യനായിട്ടാണ് ഞാനിവിടെ നിന്ന് ഇറങ്ങുന്നതെന്നാണ് എന്റെ വിചാരം. അര കൈ ലൂർദ്ദ് പള്ളിയുടെ സ്വന്തമാണ്. എന്നെ ഒരുപാട് വളർത്തിയ ഇടമാണിത്. ഇവിടെ നിന്ന് പോകുമ്പോൾ നന്ദി മാത്രമേ പറയാനുള്ളൂ.

ഇവിടെ നിന്ന് ഇറങ്ങുമ്പോൾ നല്ല കള്ളന്റെ Feel ആണെനിക്ക്. അവസാനനിമിഷം സ്വർഗ്ഗം സ്വന്തമാക്കിയ നല്ല കള്ളനെപ്പോലെ, പൗരോഹിത്യ സ്വീകരണത്തിന്റെ അവസാന നാളുകളിൽ ഈ ഇടവകയിലേക്ക് എനിക്ക് വരാൻ ഭാഗ്യം ലഭിച്ചതിന് ദൈവത്തിന് നന്ദി പറയുന്നു. ഒരുപാട് വ്യക്തികളെ പരിചയപ്പെടാൻ സാധിച്ചു, കുറേ കാര്യങ്ങൾ പഠിക്കാൻ സാധിച്ചു, അങ്ങനെ അങ്ങനെ.........

ഫ്രാൻസിസ് മാർപാപ്പ വൈദികരോട് പറഞ്ഞതുപോലെ ആടിന്റെ മണമുള്ള ഇടയനായിരുന്നു ജോസച്ചൻ, എല്ലാവർക്കും ഒരു മാതൃകയും വഴി കാട്ടിയും........ അച്ചാ ഒത്തിരി നന്ദി.

എന്തിനും എന്റെ കൂടെ നിന്ന് എന്റെ താങ്ങും തണലുമായ എന്റെ ചേട്ടനച്ചന്മാരായ പ്രിജോവച്ചനും ജീസ്മോനച്ചനും ഒരായിരം നന്ദി.

എന്നെ പ്രോത്സാഹിപ്പിച്ച് എനിക്ക് താങ്ങായ എല്ലാ കൈക്കാരന്മാർക്കും പള്ളി ജീവനകാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

**എന്നെ സ്നേഹിച്ചതിനും സഹായിച്ചതിനും കൂടെ നിന്ന് പ്രോത്സാഹിപ്പിച്ചതിനും ലൂർദ്ദ് ഇടവകയിലെ എല്ലാ നല്ല മനസ്സുകൾക്കും പ്രത്യേകിച്ച് ഈശോക്ക് ഏറ്റവും ഇഷ്ട്ടമുള്ള കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും(പേരുകൾ പറഞ്ഞാൽ സ്ഥലം തികയാതെ വരും എന്നതിനാൽ പേരുകൾ പറയുന്നില്ല)ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം നന്ദി.........**

എന്റെ എല്ലാ സ്നേഹവും സന്തോഷവും ഈ രണ്ടക്ഷരത്തിൽ ചുരുക്കുന്നു. വാക്കുകൾ പരിമിതമാകുന്നിടത്താണ് സ്നേഹവായ്പ്പുകൾ പ്രസക്തമാകുന്നത്. എല്ലാവരും എന്റെ പ്രാർത്ഥനയിലുണ്ട്. എന്നെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കണേ ...........

**ഡീക്കൻ ജോസഫ് ബ്രഹ്മകുളം**

# കുടുംബകൂട്ടായ്മ കേന്ദ്ര സമിതി 2025-2028 പുതിയ ഭാരവാഹികൾ

10-08-2025 ഞായറാഴ്ച രാവിലെ രണ്ടാമത്തെ വി. കുർബ്ബാനക്ക് ശേഷം 2025-2028 കാലയളവിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട കുടുംബകൂട്ടായ്മ ഭാരവാഹികളുടെ ആദ്യത്തെ ജനറൽ ബോഡി യോഗം ബഹു. കത്തീഡ്രൽ വികാരി വെ. റവ. ഫാ. ജോസ് വല്ലൂരാന്റെ അദ്ധ്യക്ഷതയിലും അസി.വികാരിമാരുടെ സാന്നിധ്യത്തിലും കൂടുകയുണ്ടായി. 199 ഭാരവാഹികൾ പങ്കെടുത്ത യോഗത്തിൽ 2025-28 ടേമിലേക്കുള്ള കുടുംബകൂട്ടായ്മ കേന്ദ്ര സമിതിയിലേക്കുള്ള ഭാരവാഹികളെ ഇലക്ഷനിലൂടെ തെരഞ്ഞെടുക്കുകയുണ്ടായി.



**കൺവീനർ**
**ജോസ് ചിറ്റാട്ടുകര**



**സെക്രട്ടറി**
**ജോബി കെ. കുഞ്ഞാപ്പു**



**ട്രഷറർ**
**പോൾ മേക്കാട്ടുക്കുളം**



**ജോ. കൺവീനർ**
**റിന്റോ മഞ്ഞില**



**ജോ. കൺവീനർ**
**അൽഫോൺസ സിംസൺ**



**ജോ. സെക്രട്ടറി**
**ഫ്രാൻസീസ് മുളക്കൻ**



**ജോ. സെക്രട്ടറി**
**കുമാരി അലീന ജോജു**



**ഫെമി ബൈജു**
**നോമിനേറ്റഡ് മെമ്പർ**



**ജൂലി ബാബു**
**നോമിനേറ്റഡ് മെമ്പർ**





ഡോ. കെ.എം. ഫ്രാൻസിസ്

# ജനാധിപത്യസ്ഥാപനങ്ങളും രാഷ്ട്രത്തിന്റെ ഐക്യവും

ഇന്ത്യ ഒരു ജനാധിപത്യ സോഷ്യലിസ്റ്റ് മതേതര രാഷ്ട്രമാണ്. ഈ പ്രസ്താവന ഇന്ത്യൻ ഭരണഘടനയുടെ ആമുഖമാണ്. എന്നാൽ ഇതിലെ മൂന്ന് വാക്കുകൾ - ജനാധിപത്യം, സോഷ്യലിസം, മതേതരം - വിശദമായ വ്യാഖ്യാനം കൂടാതെ മനസ്സിലാക്കുക അസാധ്യമാണ്. ഈ വാചകത്തിലെ ജനാധിപത്യം എന്ന വാക്കിനെ കേന്ദ്രീകരിച്ചാണ് പല തർക്കങ്ങളും നടന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ജനാധിപത്യം പുറംമോടി അലങ്കാരം മാത്രമാണെന്ന് ചിലർ ആരോപിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വിലകുറഞ്ഞ മരം കൊണ്ട് പണിതീർത്ത ഫർണീച്ചർ തേക്കുമരത്തിന്റെ പോളിഷ് തേച്ച് പിടിപ്പിച്ച് തേക്കുകൊണ്ടുള്ള ഫർണീച്ചർ ആണെന്ന് തെറ്റിദ്ധരിപ്പിക്കുന്നതുപോലെയാണോ ഇന്ത്യൻ ജനാധിപത്യം? ഈ ആരോപണം ശരിയാണോ തെറ്റാണോ എന്ന് വിലയിരുത്താൻ ജനാധിപത്യമെന്ന വാക്കിന്റെ വിവിധ അർത്ഥതലങ്ങൾ പരിശോധിക്കാം.

**സാമൂഹിക ജനാധിപത്യവും സ്വതന്ത്രജനാധിപത്യവും**

സാമൂഹിക ജനാധിപത്യം (Social democracy) എന്നതായിരിക്കണം ഒരു പക്ഷെ ചരിത്രത്തിന്റെ ആരംഭത്തിൽ നിലനിന്നിരുന്ന രാഷ്ട്രീയ സംവിധാനം. ഒരു സമൂഹത്തിലെ അംഗങ്ങൾ ചെയ്യുന്ന പ്രവർത്തികളുടെ ശരിതെറ്റിന്റെ മാനദണ്ഡം (ethical norm) സമൂഹത്തിലെ ഭൂരിപക്ഷമോ അവരുടെ പ്രതിനിധികളുടെ ഭൂരിപക്ഷമോ നിർണ്ണയിക്കുന്ന സംവിധാനമാണ് സാമൂഹിക ജനാധിപത്യം. ലോകമെമ്പാടുമുള്ള ഗോത്രവർഗ്ഗരാഷ്ട്രീയ ഘടനയിൽ ഈ സംവിധാനം നിലനിന്നിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു.

ഒരുവൻ/ഒരുവൾ നിരപരാധിയാണോ എന്ന യാഥാർത്ഥ്യം സാമൂഹിക ജനാധിപത്യം പരിശോധിക്കുന്നില്ല. പുതിയ നിയമത്തിലെ ഒരു വാചകം പരിശോധിച്ചാൽ സാമൂഹിക ജനാധിപത്യം വ്യക്തമാ

കും. യേശുവിനെ മരണശിക്ഷയ്ക്ക് വിധിക്കാനായി കയ്യാപ്പാസും അന്നാസും പറയുന്ന ന്യായീകരണം ഇപ്രകാരമാണ്: "ജനക്കൂട്ടം നശിക്കാതിരിക്കുന്നതിനേക്കാൾ നല്ലത് ഈയൊരുവൻ മരിക്കുന്നതാണ്." സെൻഹെദ്രീൻ സംഘത്തിലെ ഭൂരിപക്ഷവും യേശുക്രിസ്തുവിന് എതിരായിരുന്നു.

ഈ മാതൃകയാണ് യേശുവിന് 400 വർഷങ്ങൾക്ക് മുൻപ് സോക്രട്ടീസിനെ വധിക്കാനായി ഗ്രീക്കുകാർ ഉപയോഗിച്ചത്. അതുകൊണ്ട് പ്ലാറ്റോ സാമൂഹിക ജനാധിപത്യത്തെ ഏറ്റവും വികൃതമായ രാഷ്ട്രീയ സംവിധാനം എന്നാണ് റിപ്പബ്ലിക് എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നത്.

ഇന്ത്യയിലെ ഗ്രാമങ്ങളിലും ഗോത്രവർഗ്ഗ പാരമ്പര്യങ്ങളിലും, എന്തിനേറെ പള്ളിയോഗങ്ങളിൽപോലും ശരി തെറ്റ് നിർണ്ണയിച്ചിരുന്നത് ജനക്കൂട്ടത്തിലെ ഭൂരിപക്ഷമാണ്.

പതിവ്രതയായിരുന്ന സീതാദേവിയെ ദുരാരോപണങ്ങൾ ഉന്നയിച്ച് ചാരിത്ര്യമില്ലാത്തവളായി വിധിച്ചത് ഇന്ത്യയിലെ ഭൂരിപക്ഷമായിരുന്നു. ജനക്കൂട്ടത്തിലെ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തെ നടപ്പിലാക്കാൻ രാജാവായ രാമൻ നിർബന്ധിതനായിതീർന്നു. ഇന്ത്യയിലെ ഗ്രാമങ്ങളിൽ ഇന്നും നിലനിൽക്കുന്നത് സാമൂഹിക ജനാധിപത്യമാണ്. രണ്ട് സിസ്റ്റർമാർ മനുഷ്യകടത്തുകാരാണെന്ന് ജനക്കൂട്ടം വിധിയെഴുതുന്നു, അവർ തന്നെ ശിക്ഷ വിധിക്കുന്നു. ജനക്കൂട്ടം നശിക്കാതിരിക്കാൻ ഈയൊരുവൻ/ഈയൊരുവൾ മരിക്കണമെന്ന് അവർ വിധിയെഴുതുന്നു, അവർ വിധി നടപ്പിലാക്കുന്നു. മുഖ്യമന്ത്രിയും പോലീസും കോടതിയുമെല്ലാം ജനക്കൂട്ടത്തിന്റെ വിധി നടപ്പിലാക്കാൻ – രാമനെപ്പോലെ – നിർബന്ധിക്കപ്പെടുന്നു.

**സ്വതന്ത്രജനാധിപത്യം**

സ്വതന്ത്രജനാധിപത്യം (Liberal Democracy)എന്നതാണ് ജനാധിപത്യത്തിന്റെ മറ്റൊരു രീതി. ആൾക്കൂട്ട ജനാധിപത്യത്തിൽ നിരപരാധികൾ അപരാധികളാകും, പതിവ്രതകൾ വേശ്യകളാകും, അപരാധികൾ നിരപരാധികളാകും, വേശ്യകൾ പതിവ്രതകളാകും. ആരുടെ സ്വരമാണോ കൂടുതൽ ഉച്ചത്തിൽ കേൾക്കുന്നത് അവർ പറയുന്നതായിരിക്കും സത്യം. ഇത്തരം അവസ്ഥ രാഷ്ട്രത്തിന്റെ ഐക്യത്തെ തകർക്കും. ദേശം ചിന്നഭിന്നമായിപ്പോകും എന്ന് മനസ്സിലാക്കിയവരുടെ നൂറ്റാണ്ടുകളുടെ പരിശ്രമത്തിലൂടെ രൂപപ്പെട്ടതാണ് സ്വതന്ത്ര ജനാധിപത്യം (Liberal Democracy). സ്വതന്ത്രജനാധിപത്യം വളർന്നത് ചരിത്രത്തിലെ പല ഘട്ടങ്ങളിലൂടെയാണ്.

ഭരണാധികാരിക്കും ജനക്കൂട്ടത്തിനും ഉപരിയായി എല്ലാവർക്കും ബാധകമായ നിയമങ്ങൾ അഥവാ സാർവ്വത്രിക നിയമങ്ങൾ (universal laws) ജനങ്ങൾ അംഗീകരിക്കുന്നതിലൂടെയാണ് ചരിത്രത്തിൽ സ്വതന്ത്രജനാധിപത്യം ആദ്യഘട്ടത്തിൽ മുളയെടുക്കുന്നത്. ഇത്തരം നിയമങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥമാണ് ഭരണഘടന. ലഭ്യമായ തെളിവുകൾ ചൂണ്ടിക്കാണിക്കുന്നത് ഇത്തരം പ്രക്രിയ ആരംഭിക്കുന്നത് ബാബിലോണിയയിലെ ഹമുറാബി (Hamurabi 1792 to 1750

BC) (ഗ്രന്ഥങ്ങളിലല്ല) എന്ന രാജാവിന്റെ കാലത്താണ്. അവർ കല്ലുകളിൽ എഴുതി നിയമങ്ങൾ രേഖപ്പെടുത്തിയതിന്റെ ഭൗതികാവശിഷ്ടങ്ങൾ പാരീസിലെ ലവ്റെ മ്യൂസിയത്തിൽ (Louvre Museum) സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഹമുറാബി എന്ന രാജാവിന് ദൈവം നിയമം നൽകി എന്നാണ് ബാബിലോണിയൻ ജനത വിശ്വസിച്ചിരുന്നത്. ഇതാണ് ലോകത്തിലെ ആദ്യ ഭരണഘടന.

നിയമം രേഖപ്പെടുത്തിയ ഭരണഘടനയ്ക്കു കീഴിൽ മാത്രമാണ് രാഷ്ട്രത്തിന് ഐക്യം കൈവരിക എന്ന് വിശ്വസിച്ചിരുന്ന മറ്റൊരു രാഷ്ട്രമാണ് പുരാതന ഇസ്രായേൽ. അവരുടെ ഭരണഘടനയുടെ പേര് തോറ എന്നായിരുന്നു. ഭരണഘടനയിലെ ഏറ്റവും വിലപ്പെട്ട ഭാഗമായി അവർ കരുതിയിരുന്നത് പത്ത് കല്പനകളായിരുന്നു. നിയമം നിർമ്മിക്കേണ്ടത് പുരോഹിതന്മാരാണെന്നും (പുറപ്പാട് 18:19) നിയമം നടപ്പിലാക്കേണ്ട ഭരണാധികാരികൾ നിയമം എല്ലാ ദിവസം വായിക്കണമെന്നും, ഭരണാധികാരിയും പ്രജകളും നിയമത്തിനു മുൻപിൽ തുല്യരാണെന്നും (നിയമാവർത്തനം 17:19-20) യഹൂദ ഭരണഘടനചൂണ്ടിക്കാണിക്കുന്നു. ഇതാണ് സ്വതന്ത്ര ജനാധിപത്യത്തിലേക്കുള്ള വളർച്ചയുടെ രണ്ടാംഘട്ടം.

സ്വതന്ത്രജനാധിപത്യ വ്യവസ്ഥയിലേക്കുള്ള മൂന്നാമത്തെ ഘട്ടം ആരംഭിക്കുന്നത് ഗ്രീക്കോ-റോമൻ സംസ്കാരത്തിലാണ്. ഈ ഘട്ടത്തിൽ മനുഷ്യനാണ് നിയമത്തിന്റെ അടിസ്ഥാനമാനദണ്ഡം എന്ന് മനുഷ്യവർഗ്ഗം കണ്ടെത്തി. മനുഷ്യന്റെ ഹൃദയത്തിലെഴുതിയ കല്പനകളാണ് ഭരണഘടനയിൽ പ്രതിഫലിക്കേണ്ടതെന്ന് പ്ലാറ്റോ 'റിപ്പബ്ലിക്' എന്ന കൃതിയിൽ ചൂണ്ടിക്കാണിച്ചു. പ്രസ്തുത ആശയം റോമൻ തത്വചിന്തകനായ സിസറോ (106-43 BCE) നിയമസംഹിതയുടെ ഭാഗമാക്കി. ഇന്ന് ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ ഉപയോഗിക്കുന്ന ഭരണഘടനയുടെ ആത്മാവായ (spirit) സ്വാഭാവിക അവകാശങ്ങൾ (Natural Rights) റോമൻ ചിന്തകരുടെ സംഭാവനയാണ്.

സ്വതന്ത്രജനാധിപത്യത്തിന്റെ അടിത്തറയായ ഭരണഘടനയുടെ നാലാം ഘട്ടം രൂപപ്പെടുത്തുന്നത് യേശുക്രിസ്തുവും ക്രിസ്തുമത അനുയായികളുമാണ്. ക്രിസ്തുമതമനുസരിച്ച് a) ഭരണാധികാരി ജനങ്ങളുടെ സേവകനാണ് (Mathew 20:26) b) രാഷ്ട്രീയാധികാരം മതാധികാരത്തിലോ, മതാധികാരം രാഷ്ട്രീയാധികാരത്തിലോ കൈകടത്തരുത് (Mathew 22:21) c) നിയമം മനുഷ്യന് വേണ്ടിയാണ് (Mark 2:27) d) നിയമം പുരോഹിതന്മാർക്കു മാത്രമല്ല, എല്ലാ മനുഷ്യർക്കും മനസ്സിലാക്കാൻ കഴിയും (Hebrews 7:11, 8:10-11), e) അയിത്താചരണവും മനുഷ്യജാതികളെ ഉന്നതജാതി, കീഴ്ജാതി എന്നതായി വേർതിരിക്കലും നിരോധിക്കണം (Acts 10:22).

f) വ്യക്തിയുടെ മൗലികാവകാശങ്ങൾ അവന് നൽകുന്നത് ദൈവമാണ്. അതിനാൽ അവ ലംഘിക്കാൻ സമൂഹത്തിന്റെ ഭൂരിപക്ഷ

ത്തിന് അവകാശമില്ല. ഇത്തരം അവകാശങ്ങളെ മൗലികാവകാശങ്ങൾ (fundamental rights) എന്ന് വിളിക്കുന്നു.

ഇവയെല്ലാം യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ ഭാഗമാണെങ്കിലും അവ ജനങ്ങളുടെ ഭൂരിപക്ഷം അംഗീകരിക്കുമ്പോഴാണ് ഒരു ഭരണഘടന പ്രായോഗികമാകുന്നത്. ഇന്ന് യൂറോപ്യൻ രാജ്യങ്ങളിൽ കാണുന്ന ഭരണഘടനയിലും സംവിധാനങ്ങളിലും മുകളിൽ പറഞ്ഞ എല്ലാ തത്വങ്ങളും രാഷ്ട്രീയ സംവിധാനങ്ങളിലൂടെ (Political System) നടപ്പിലാക്കുന്നു. ഇവ മനുഷ്യനിർമ്മിത സംവിധാനങ്ങളാകയാൽ, രാഷ്ട്രീയ സംവിധാനം സ്വയം പ്രവർത്തിക്കില്ല. സംവിധാനത്തെ (system) നിയന്ത്രിക്കുന്നത് മനുഷ്യനാണ്. മനുഷ്യനാൽ നയിക്കപ്പെടുന്ന സംവിധാനങ്ങളാണ് സ്ഥാപനങ്ങൾ (institutions) ഈ സംവിധാനങ്ങളുടെ നേതൃത്വം നെറികെട്ടതാകുമ്പോൾ സ്വതന്ത്ര ജനാധിപത്യവ്യവസ്ഥിതി നശിക്കുന്നു, സാമൂഹിക ജനാധിപത്യമായി സ്വതന്ത്രജനാധിപത്യം അധഃപതിക്കുന്നു.

**മൗലികാവകാശലംഘനവും രാഷ്ട്രത്തിന്റെ തകർച്ചയും**

സാമൂഹിക ജനാധിപത്യത്തിൽ വ്യക്തികൾക്ക് സ്വാതന്ത്ര്യമില്ല. സമൂഹമാണ് വ്യക്തിയുടെ അവകാശങ്ങൾ അനുവദിച്ചുനൽകുന്നത്. എന്നാൽ സ്വതന്ത്ര ജനാധിപത്യത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തെ സമൂഹം അംഗീകരിക്കുക (Recognise) മാത്രമാണ് ചെയ്യുന്നത്. ഒരു വ്യക്തിയുടെ ജീവിക്കാനുള്ള അവകാശം, തൊഴിൽ ചെയ്യാനുള്ള അവകാശം, വിദ്യ അഭ്യസിക്കാനുള്ള അവകാശം, കുടുംബം രൂപപ്പെടുത്താനുള്ള അവകാശം, സഞ്ചാരസ്വാതന്ത്ര്യം, ഇഷ്ടമുള്ള മതം വിശ്വസിക്കാനും ജീവിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഇവയെല്ലാം മനുഷ്യസ്വഭാവത്തിന്റെ അവിഭാജ്യ ഭാഗമാണ്. ഇവ സമൂഹം നിഷേധിക്കുമ്പോൾ ഒരുവൻ മനുഷ്യനല്ലാതായിത്തീരുന്നു. ഇന്ത്യൻ ഭരണഘടനരൂപപ്പെടുത്തിയത് അമേരിക്ക, കാനഡ, ബ്രിട്ടൺ മുതലായ രാജ്യങ്ങളിലെ ഭരണഘടനയിലെ നല്ല ഗുണങ്ങൾ ചേർത്തിട്ടാണ്. അതുകൊണ്ട് മൗലികാവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായി മാറി. എങ്കിലും അവ ഇന്ത്യയിലെ ജനങ്ങളുടെ ഹൃദയവികാരമായി മാറിയിട്ടില്ല. ഇന്ത്യയുടെ ആത്മാവ് സാമൂഹിക ജനാധിപത്യമെന്ന രാഷ്ട്രീയ പ്രയോഗത്തിൽ കുടുങ്ങികിടക്കുന്നു.

അതിനാൽ ദേശസ്നേഹത്തിന്റെ മൊത്തകച്ചവടക്കാരായ സംഘപരിവാർ സംഘടനകൾ ഞങ്ങൾ ഇന്ത്യയിൽ ഭൂരിപക്ഷമായാൽ മൗലികാവകാശങ്ങൾ ഭരണഘടനയിൽ നിന്ന് എടുത്തുകളയും എന്ന് ഭീഷണിപ്പെടുത്തുന്നു. അതിന്റെ ചില മുൻസൂചനകൾ മാത്രമാണ് ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന ആക്രമണങ്ങൾ. എന്നാൽ മൗലികാവകാശങ്ങൾ നിഷേധിക്കുന്ന രാഷ്ട്രങ്ങൾ എന്നന്നേക്കുമായി നശിച്ചുപോകുന്നു. അതുകൊണ്ട് ഇന്ത്യയുടെ നിലനില്പും വളർച്ചയും ആഗ്രഹിക്കുന്നവർ സ്വതന്ത്ര ജനാധിപത്യവ്യവസ്ഥയെ സംരക്ഷിക്കാൻ ബാധ്യസ്ഥരാണ്. ഈ സംരക്ഷണമാണ് ഏറ്റവും വലിയ ജീവകാരുണ്യപ്രവർത്തി.



ഡീക്കൻ ജോസഫ്
ബ്രഹ്മകുളം

# യാത്ര: വിനോദവും വിജ്ഞാനവും

‘ലോകം ഒരു പുസ്തകമാണ്; യാത്ര ചെയ്യാത്തവർ അതിലെ ഒരു പേജ് മാത്രം വായിക്കുന്നു‘ വിശുദ്ധ അഗസ്റ്റിന്റെ വാക്കുകളാണിത്. ജനിച്ച സ്ഥലത്ത് മാത്രം ഒതുങ്ങി ജീവിക്കുന്നവർ, ജീവിതത്തിന്റെ ഒരേയൊരു പേജ് മാത്രമേ വായിക്കുന്നുള്ളൂ. എന്നാൽ യാത്ര ചെയ്യുന്നവർ, ലോകത്തിന്റെ പല അധ്യായങ്ങളും തുറന്ന് വായിക്കുന്നു. യാത്ര മനുഷ്യനെ പുതുമയുടെ ലോകത്തിലേക്ക് നയിക്കുന്നു. പുതിയ കാഴ്ചകൾ, പുതുമയുള്ള വികാരങ്ങൾ, വ്യത്യസ്തമായ ചിന്തകൾ; യാത്ര മനസ്സിനെ വിസ്തൃതമാക്കുന്നു. അത് വിനോദവും വിജ്ഞാനവും ഒരുമിച്ചുകൂടിയ അനുഭവമാണ്, മനുഷ്യന്റെ ഉള്ളിലെ അന്യമായ ലോകങ്ങളിലേക്കുള്ള ഒരു പ്രവേശന കവാടം പോലെ.

ചരിത്രം പറയുന്നത് പോലെ, യാത്രകൾ പലപ്പോഴും ലോകത്തിന്റെ ദിശ മാറ്റി. മാർക്കോ പോളോയുടെ കിഴക്കൻ യാത്രകൾ യൂറോപ്പിന്റെ ലോകദൃശ്യങ്ങൾ മാറ്റിമറിച്ചു. ഫാഹിയാനും ഹേവൻ സാങ്ങും ഭാരതത്തിലെ ബൗദ്ധ സാംസ്കാരിക സമ്പത്ത് നേരിട്ട് അനുഭവിച്ച് ചൈനയിൽ എത്തിച്ചു. കൊളംബസ്, ഇന്ത്യയെ തേടി പുറപ്പെട്ടപ്പോൾ, പുതുഭൂഖണ്ഡമായ അമേരിക്കയെ കണ്ടെത്തി, അതിലൂടെ മനുഷ്യചരിത്രത്തിന്റെ വഴിത്തിരിവുകൾ തന്നെ മാറ്റി. "Not all those who wander are lost" ജെ.ആർ.ആർ. ടോൾക്കീന്റെ വാക്കുകൾ പോലെ, യാത്ര ചെയ്യുന്നവരുടെ ലക്ഷ്യം പലപ്പോഴും സ്വന്തം പ്രകാശം കണ്ടെത്തലാണ്. ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കാ യാത്ര, അദ്ദേഹത്തെ സത്യാഗ്രഹത്തിന്റെ പാതയിലേക്ക് നയിച്ചു. സ്വാമി വിവേകാനന്ദന്റെ ലോകയാത്രകൾ, സർവ്വമനുഷ്യ സഹോദര്യത്തിന്റെ സന്ദേശം ലോകത്തിന് നൽകി.

ഈശോ യാത്ര ഇഷ്ടപ്പെട്ടിരുന്ന വ്യക്തിയായിരുന്നു. നീണ്ട 30 വർഷം രഹസ്യ ജീവിതം നയിച്ച ഈശോ ഒരുപാട് യാത്രകൾ ചെയ്തിട്ടുണ്ട് എന്നത് തീർച്ചയാണ്. ജെറുസലേം ദേവാലയത്തിലേക്ക് ഈശോ പല പ്രാവശ്യം യാത്ര ചെയ്തിട്ടുണ്ട്. നല്ല ഒരു യഹൂദ കുടുംബമായിരുന്ന

തുകൊണ്ട് ദേവാലയത്തിൽ പോകുമ്പോൾ ഉണ്ണീശോയെ അവർ കൂടെ കൂട്ടിയിരുന്നു. അമ്മയുടെ ഉദരത്തിൽ ആയിരിക്കുമ്പോൾ തുടങ്ങിയ യാത്രയാണ് അത് അവസാനിക്കുന്നത് കാൽവരിമലയിലെ കുരിശിലാണ്. ഈശോയുടെ അവസാനത്തെ യാത്ര കഠിനമായിരുന്നു ആ സഹനയാത്രയാണ് നാം ഓരോരുത്തരും എന്നും വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുന്നത്. അവിടുത്തെ യാത്രകൾ എന്നും ലക്ഷ്യമുള്ളതായിരുന്നു പലർക്കും വെളിച്ചമേകാൻ, പലരുടെയും ജീവിതത്തെ മാറ്റിമറിക്കാൻ, അങ്ങനെ വ്യത്യസ്ത നിയോഗങ്ങൾ.........

ബൈബിളിൽ പലയിടങ്ങളിലായി ഈശോ ഗ്രാമങ്ങൾ ചുറ്റി സഞ്ചരിച്ചു എന്ന് പറയുന്നുണ്ട് ഈ സഞ്ചാരങ്ങളൊക്കെ ഈശോയ്ക്ക് പുതിയ അനുഭവങ്ങൾ ആയിരുന്നു, സ്ഥലങ്ങൾ പരിചയപ്പെടാനും ആളുകളെ മനസ്സിലാക്കാനും സാഹചര്യങ്ങൾ തിരിച്ചറിയാനും സഹായങ്ങൾ ആവശ്യമുള്ളവരെ കണ്ടെത്താനും അവന്റെ യാത്രകൾക്ക് കഴിഞ്ഞു. ഈശോയുടെ യാത്രകളിലൂടെയാണ് നാല് സുവിശേഷകന്മാരും സഞ്ചരിച്ചത്.

എനിക്കും യാത്രകൾ വളരെ ഇഷ്ടമാണ്. ഈ ഇടവകയിൽ വന്നതിനു ശേഷം ഞാൻ ഒരുപാട് യാത്രകൾക്ക് പോയിട്ടുണ്ട്. യാത്രകൾ മനുഷ്യനെ കുറേക്കൂടി വിശാല ഹൃദയം ഉള്ളവനാക്കുന്നുണ്ട്. നമ്മുടെ അറിവുകൾ തിരിച്ചറിവുകളാകാൻ ചിന്തകൾ കുറച്ചുകൂടി തെളിച്ചമുള്ളതാകാൻ യാത്രകൾ സഹായിക്കുന്നുണ്ട്. മനുഷ്യൻ ചോദ്യങ്ങൾ ചോദിക്കുന്ന ജിജ്ഞാസയുള്ള യുക്തി കൂടിയ ജീവി ആയതുകൊണ്ടായിരിക്കും, നാം യാത്രകൾ ഇഷ്ടപ്പെടുന്നത് അല്ലേ? ആയിരിക്കുമെന്നാണ് എന്റെ തോന്നൽ. എന്നെ സംബന്ധിച്ചിടത്തോളം കുട്ടികളുടെ കൂടെയും മുതിർന്നവരുടെ ഒപ്പവുമുള്ള എന്റെ യാത്രകൾ വളരെ മനോഹരമായിരുന്നു. ഞാൻ പലരെയും പരിചയപ്പെട്ടതും അടുത്തറിഞ്ഞതും പലരുടെയും കഴിവുകൾ തിരിച്ചറിഞ്ഞതും ഈ വിനോദയാത്രകളിൽ ആയിരുന്നു. വിനോദയാത്രകൾ വിനോദം മാത്രമല്ല മറിച്ച് വിജ്ഞാനവും നിറഞ്ഞതാണ്. യാത്ര ചെയ്യുമ്പോൾ അത് മനസ്സിലായില്ലെങ്കിലും ഒന്ന് ധ്യാനിച്ചു കഴിഞ്ഞാൽ ഒരുപാട് കാര്യങ്ങൾ ഞാൻ അറിയാതെ പഠിക്കുന്നുണ്ടെന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ആളുകളെ പരിചയപ്പെടൽ, സ്ഥലങ്ങൾ പരിചയപ്പെടൽ, ചരിത്രം മനസ്സിലാക്കൽ, പലതരത്തിലുള്ള കാഴ്ചകൾ, വ്യത്യസ്തമായ ജീവിതശൈലികൾ അങ്ങനെ പലതും........

ഒരുപാട് വിനോദയാത്രകൾ പോയെങ്കിലും എനിക്ക് ഇവിടെ ഏറ്റവും ഇഷ്ടപ്പെട്ട യാത്ര രണ്ട് പിള്ളേരുടെ കൂടെ നടക്കാൻ പോയതാണ് ഞങ്ങൾ അധികം ദൂരം സഞ്ചരിച്ചില്ലെങ്കിലും ഒത്തിരി സംസാരിച്ചു, തമാശകൾ പറഞ്ഞു, അനുഭവങ്ങൾ പങ്കിട്ടു, കടുപ്പത്തിൽ ഒരു ചായ കുടിച്ചു. ആ യാത്ര ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നുണ്ട്, ആ രണ്ട് മുഖങ്ങളും. എല്ലാ മനുഷ്യരിലും നന്മയുണ്ട് നാം അത് കണ്ടെത്തുന്നിടത്താണ് നമ്മുടെ വിജയം. സാധാരണ ജീവിതത്തിൽ നിന്നും മാറി ഒന്ന് ശാന്തമാകാൻ സന്തോഷിക്കാൻ യാത്രകൾ നല്ലതാണ്. യാത്രകളുടെ ദൂരവും സമയവും കാഴ്ചകളും മാത്രമല്ല അതിനെ മനോഹരമാക്കുന്നത്, മറിച്ച് ആ യാത്രയിൽ നാം എങ്ങനെയായിരുന്നു, എനിക്ക് സന്തോഷമായിരുന്നോ? ഞാൻ സംതൃപ്തനായിരുന്നോ? എന്നതിലാണ് യാതകൾ മനോഹരമാകുന്നത്.






ജോഷി ചിറമ്മൽ

# വിപ്ലവകാരികളെ സ്വാധീനിച്ച വിശുദ്ധൻ

18-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വവും സാമ്പത്തിക പ്രതിസന്ധിയും സമത്വം, സ്വാതന്ത്ര്യം, ജനാധിപത്യം തുടങ്ങിയ ആശയങ്ങളുടെ പ്രചരണവുമെല്ലാം ഫ്രഞ്ചുവിപ്ലവത്തിലേക്ക് നയിച്ചു. പുരോഹിതന്മാർക്കും പ്രഭുക്കന്മാർക്കും നൽകിയിരുന്ന പ്രത്യേക അവകാശങ്ങളും നികുതിയിളവുകളും ഈ വിഭാഗങ്ങളെ സാധാരണക്കാരായ കർഷക ജനവിഭാഗങ്ങളുടെ കണ്ണിൽ ശത്രുക്കളായി കാണാൻ ഇടവരുത്തി. 1789 മുതൽ 1799 വരെ നടന്ന ഫ്രഞ്ചുവിപ്ലവത്തിൽ അധികാരവർഗ്ഗത്തോടും വരേണ്യവിഭാഗങ്ങളോടുമുള്ള ശത്രുത മറനീക്കി പുറത്തുവന്നു. ഫ്രാൻസിൽ അലയടിച്ച വിപ്ലവ കൊടുങ്കാറ്റിൽ ക്രൈസ്തവ ബിംബങ്ങളും മതസ്ഥാപനങ്ങളും വലിയ തോതിൽ ആക്രമണത്തിന് ഇരയായി. എന്നാൽ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുസ്വരൂപങ്ങളും വിശുദ്ധൻ സ്ഥാപിച്ച ഉപവിയുടെ സഹോദരിമാരുടെ സമൂഹവും വിപ്ലവകാരികളുടെ അക്രമത്തിന് ഇരയാകേണ്ടിവന്നില്ല. അതിന് കാരണം വിശുദ്ധന്റെ ജീവിതമാതൃകയും പാവപ്പെട്ടവരുടെ കണ്ണീരൊപ്പാൻ വിശുദ്ധൻ നടത്തിയ പരിശ്രമങ്ങളുമായിരുന്നു.

ഫ്രാൻസിലെ പിരണീസ് പർവ്വതത്തിനു സമീപമുള്ള 'പൂയി' എന്ന കൊച്ചുഗ്രാമത്തിൽ 1581ൽ ആയിരുന്നു വിൻസെന്റിന്റെ ജനനം. ജിൻ ഡി പോൾ - ബെട്രാന്റ് ദമ്പതികളുടെ ആറു മക്കളിൽ മൂന്നാമനാ

യിരുന്നു വിൻസെന്റ്. തീക്ഷ്ണമായ ദൈവവിശ്വാസവും പാവങ്ങളോടുള്ള അനുകമ്പയും ചെറുപ്പം മുതലേ വിൻസെന്റിൽ ദൃശ്യമായിരുന്നു. വിൻസെന്റ് ഒരു വൈദികനായി തീരണമെന്ന് മാതാപിതാക്കൾ ആഗ്രഹിച്ചു. ദരിദ്രരായിരുന്ന മാതാപിതാക്കൾ നന്നേ ക്ലേശിച്ചാണെങ്കിലും വിൻസെന്റിനെ സെമിനാരിയിൽ ചേർത്ത് പഠിപ്പിച്ചു. 1600ൽ പൗരോഹിത്യം സ്വീകരിച്ചു. 1605ൽ ഫ്രാൻസിൽ നിന്നും മാർസെയിലേക്കുള്ള കപ്പൽയാത്രയിൽ കടൽകൊള്ളക്കാരാൽ പിടിക്കപ്പെട്ട് അടിമയായി വിൽക്കപ്പെട്ടു. തന്റെ മൂന്നാമത്തെ യജമാനൻ ക്രൈസ്തവ വിശ്വാസം ഉപേക്ഷിച്ച ഒരു സന്യാസിയായിരുന്നു. വിൻസെന്റിന്റെ ആകർഷകമായ പെരുമാറ്റവും ക്രൈസ്തവ വിശ്വാസവും യജമാനനിൽ മാനസാന്തരം വരുത്തി. അദ്ദേഹം വീണ്ടും ക്രൈസ്തവ വിശ്വാസത്തിലേക്ക് തിരിച്ചുവന്നു. താമസിയാതെ വിൻസെന്റിനെ അടിമ ജോലിയിൽ നിന്നും മോചിതനാക്കി.

ആ കാലഘട്ടത്തിൽ ഗോണ്ടി പ്രഭുവായിരുന്നു അടിമകളുടെ ജനറൽ. അദ്ദേഹം ഫ്രാൻസിലെ തടവുകാരുടെ ആത്മീയ കാര്യങ്ങൾ നോക്കാനായി വിൻസെന്റ് അച്ചനെ നിയോഗിച്ചു. 1616ൽ ഗോണ്ടി പ്രഭിയുടെ ജ്ഞാനപിതാവായും നിയമിച്ചു. ശാരീരിക പീഡനങ്ങളോടുകൂടി ആത്മീയാന്ധതയും ബാധിച്ച അടിമകൾ മനുഷ്യരൂപമുള്ള പിശാചുക്കളെ പോലെയായിരുന്നു. വിൻസെന്റച്ചന്റെ കണ്ണുനീരിന്റേയും പ്രാർത്ഥനയുടേയും മുമ്പിൽ കഠിനപാപികളുടെ മനസ്സ് ഉരുകി. അടിമകളുടെ ഇടയിലെ വിൻസെന്റിന്റെ സേവനത്തെ മാനിച്ച് ഫ്രാൻസിന്റെ രാജാവായിരുന്ന ലൂയി പിതിമൂന്നാമൻ അദ്ദേഹത്തെ അടിമകളുടെ 'ചാപ്ലിൻ ജനറൽ' ആയി നിയമിച്ചു. ഈ നിയമനം വിൻസെന്റ് അച്ചന്റെ പരസ്നേഹപ്രവർത്തനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകി. അദ്ദേഹം സാധാരണക്കാരായ കർഷകർക്കായി അനേകം ധ്യാനങ്ങൾ നടത്തി. വൈദികർക്കായി 'കോൺഗ്രിഗേഷൻ ഓഫ് ദി മിഷൻ' എന്ന സന്യാസസമൂഹവും 'ഡോട്ടേഴ്സ് ഓഫ് ചാരിറ്റി' എന്ന സന്യാസിനി സമൂഹവും സ്ഥാപിച്ചു. 1939ൽ ഒരു ശിശുപരിചരണ കേന്ദ്രവും സ്ഥാപിച്ചു. 1649ൽ ഫ്രാൻസിൽ ആഭ്യന്തരയുദ്ധമുണ്ടായ ഘട്ടത്തിൽ ആതുരസേവനവുമായി പ്രവർത്തിക്കുകയും യുദ്ധത്തിൽ നിരാലംബരായവരെ പുനരധിവസിപ്പിക്കുകയും ചെയ്തു. പാവങ്ങളോടുള്ള കാരുണ്യപ്രവർത്തനങ്ങൾ ജീവിതാവസാനം വരെ അനുസ്യൂതം തുടർന്നു.

1660 സെപ്തംബർ 27ന് വിൻസെന്റ് അച്ചൻ ഈ ലോകത്തിലെ ദൗത്യം പൂർത്തിയാക്കി ദൈവസന്നിധിയിലേക്ക് യാത്രയായി. 1729ൽ വാഴ്ത്തപ്പെട്ടവനായും 1737ൽ വിശുദ്ധനായും നാമകരണം ചെയ്യപ്പെട്ടു. പിന്നീട് 1883ൽ ലിയോ പതിമൂന്നാമൻ പാപ്പ വിശുദ്ധ വിൻസെന്റ് ഡി പോളിനെ പരസ്നേഹപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു.

**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി**

വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ പരസ്നേഹപ്രവർത്തനങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് ഫ്രാൻസിന്റെ തലസ്ഥാനമാ

യ പാരീസിൽ സോർബോൺ സർവ്വകലാശാലയിൽ വിദ്യാർത്ഥിയായിരിക്കെ ഫ്രെഡറിക് ഓസ്സാനം തന്റെ അഞ്ചു സുഹൃത്തുക്കളോടും തങ്ങളുടെ അധ്യാപകനായിരുന്ന പ്രൊഫ. ബെയ്‌ലിയോടും ചേർന്ന് 1833ൽ പാരീസിൽ ആരംഭിച്ച പ്രസ്ഥാനമാണ് സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ. 'ഉപവി കോൺഫ്രൻസ്' എന്നാണ് ഈ പ്രസ്ഥാനം ആരംഭത്തിൽ അറിയപ്പെട്ടിരുന്നത്. ഇന്ന് ഈ പ്രസ്ഥാനം ലോകത്തെ ക്രൈസ്തവ സാന്നിദ്ധ്യമുള്ള മിക്കവാറും രാജ്യങ്ങളിലും പ്രവർത്തിച്ചുവരുന്നു.

1859ൽ ഭാരതത്തിൽ കൽക്കട്ടയിലും 1879ൽ കേരളത്തിൽ തിരുവനന്തപുരം പാളയത്തും സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചു. തൃശൂർ അതിരൂപതയിൽ 1902ൽ വേലൂരിലാണ് സൊസൈറ്റിയുടെ പ്രവർത്തനം ആരംഭം കുറിച്ചത്. 1939ൽ നമ്മുടെ ഇടവകയിലും സൊസൈറ്റി സ്ഥാപിതമായി. 1948ൽ ആചാര്യ ജെ.സി. ചിറമ്മലിന്റെ നേതൃത്വത്തിൽ സൊസൈറ്റിയുടെ രൂപതാതലത്തിലുള്ള കൗൺസിലായ തൃശൂർ സെൻട്രൽ കൗൺസിൽ രൂപം കൊണ്ടു.

വിശുദ്ധന്റെഓ ർമ്മതിരുനാൾെ സപ്തംബർ2 7ന്ആ ചരിക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ വിശുദ്ധന്റെ ജീവിതമാതൃകകൾ പിന്തുടരാൻ നമുക്കും ആത്മാർത്ഥമായി പരിശ്രമിക്കാം.

"ഈ എളിയ സഹോദരരിൽ ഒരുവന് ചെയ്തുകൊടുത്തപ്പോഴെല്ലാം നിങ്ങൾ എനിക്ക് തന്നെയാണ് ചെയ്തത്" – മത്തായി 25:40

## ഒക്ടോബർ മാസത്തെ ചർച്ചാ വിഷയങ്ങൾ

1. വാർദ്ധക്യത്തെ നേരിടേണ്ടതെങ്ങിനെ?
2. തപാൽ സംവിധാനം
3. ദേശത്തിന്റെ ഐക്യം
4. ഭക്ഷണം പാഴാക്കരുത്

## നവംബർ മാസത്തെ ചർച്ചാ വിഷയങ്ങൾ

1. ശിശുക്കൾ ദൈവദാനം
2. ദൃശ്യമാധ്യമങ്ങളുടെ ഗുണവും ദോഷവും
3. ഭരണഘടനയുടെ പ്രാധാന്യം
4. പ്രമേഹത്തെ നേരിടുന്നതെങ്ങിനെ?

**കൂടാതെ പ്രസക്തമായ ഏതു വിഷയത്തെക്കുറിച്ചും എഴുതാം**
**(എഴുതുന്നവർ A4 പേപ്പറിൽ 2 സെന്റീമീറ്ററെങ്കിലും മാർജിൻ ഇട്ട് വൃത്തിയായി, വ്യക്തമായി, എഴുതി മൊബൈൽ നമ്പർ രേഖപ്പെടുത്തി 10–ാം തിയ്യതിക്കുമുമ്പ്, കത്തീഡ്രൽ വോയ്സിന്റെ ബോക്സിൽ നിക്ഷേപിക്കുക.)**



# ഉപഭോഗം അതീവശ്രദ്ധയോടെ



ഡോ. ഇഗ്നേഷ്യസ്
കൊള്ളന്നൂർ

പ്രകൃതിയുടെ പ്രകൃതത്തിന് അനുസരിച്ച് ഓരോ ഇക്കോസിസ്റ്റത്തിലും ലഭ്യമായ മൈക്രോ & മാക്രോ ന്യൂട്രിയൻസും, മണ്ണിന്റെ ഘടനയും വെള്ളത്തിന്റെ ലഭ്യതയും പ്രത്യേകതകളും, അറ്റ്മോസ്ഫറിക് പ്രത്യേകതകളും അനുസരിച്ചാണ് ഓരോ ഇക്കോസിസ്റ്റത്തിലും എല്ലാതരം സസ്യങ്ങളും മൃഗങ്ങളും ജന്മംകൊള്ളുന്നതും വളരുന്നതും പ്രജനനം നടത്തുന്നതും നിലനിൽക്കുന്നതും. ഓരോ ഇക്കോസിസ്റ്റവും അതിലെ ജീവജാലങ്ങളും അത്രമാത്രം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. മിക്കവാറും ജീവജാലങ്ങളും ആ സിസ്റ്റത്തിൽനിന്നുതന്നെ ആഹാരം സമ്പാദിക്കുന്നു; അപൂർവ്വം ചിലത് പുറത്ത് നിന്ന് ഇരതേടി കൂടണയൽ മാത്രം പ്രത്യേക ഇക്കോസിസ്റ്റത്തിൽ നടത്തുന്നു. പ്രകൃതിവിഭവങ്ങളാണ് അവ ഉപയോഗപ്പെടുത്തുന്നത്.

മനുഷ്യൻ നൊമാടിക് ആയിരുന്ന കാലഘട്ടത്തിലും അവൻ അവന് ആവശ്യമുള്ളതു തേടി സഞ്ചരിക്കുകയും ഭക്ഷിക്കുകയും സിസ്റ്റത്തിൽ തന്നെ ജീവിക്കുകയും ചെയ്തിരുന്നു. പുരോഗതിക്ക് അനുസരിച്ച് മനുഷ്യൻ ആയുധനിർമ്മിക്കാനും ഇരതേടാനും നദീതടങ്ങളിൽ സ്ഥിരതാമസമാക്കുകയും കൃഷിചെയ്യാൻ ആരംഭിക്കുകയും ചെയ്തു. നദീതടസംസ്കാരങ്ങൾ അതിന്റെ തെളിവുകളാണ്.

കൃഷിരീതികൾ പ്രകൃതിയോടിണങ്ങിമാത്രം ചിലയിടങ്ങളിൽ ഒരു പൂവ്വും രണ്ട് പൂവ്വും, അപൂർവ്വം സ്ഥലങ്ങളിൽ മൂന്ന് പൂവ്വും കൃഷിയിറക്കുകയും ചെയ്തിരുന്നു. കരഭൂമിയും പാടങ്ങളിലും കൃഷിയിറക്കിയിരുന്നു. പ്രകൃതിയിൽനിന്നുതന്നെ നല്ലയിനം വിത്തുകൾ തിരഞ്ഞെടുക്കുകയും വളർത്തി സംരക്ഷിക്കുകയും പുതിയത് വളർത്തിയെടുക്കുകയും ചെയ്തിരുന്നു. പിന്നീടാണ് വിളവു വർദ്ധിപ്പിക്കുന്നതിനുവേണ്ടി രാ

സവളങ്ങളും കീടനാശിനികളും ഉപയോഗിക്കാനും സാങ്കേതികവിദ്യക ളിലൂടെയും ബ്രീഡിങ്ങ് ടെക്നിക്കുകളിലൂടെയും പുതിയ പുതിയ വി ത്തിനങ്ങൾ വികസിപ്പിച്ചെടുക്കുവാനും ആരംഭിച്ചത്.

ഇന്ന് സ്ഥിതി മാറി. മലയാളി കൃഷി ചെയ്യാതായിക്കൊണ്ടിരി ക്കുന്നു. പരിസ്ഥിതി സൗഹൃദ ഉപഭോഗത്തിൽ മാറ്റം വന്നുകഴിഞ്ഞിരി ക്കുന്നു. ഒരു കാലത്തെ കേരളത്തിന്റെ നെല്ലറയായ കുട്ടനാടും പാല ക്കാടും കൃഷി കുറഞ്ഞുവന്നു. കേരളം ഒരു ഉപഭോഗസംസ്ഥാനമായി മാറികഴിഞ്ഞിരിക്കുന്നു. എന്തിനേറെ ഈ ഓണക്കാലത്തും പൂവിനും പ ച്ചക്കറികൾക്കും പഴങ്ങൾക്കും നമ്മൾ ആശ്രയിക്കുന്നു, അരിക്കുള്ള ആ ശ്രയം തീരാകളങ്കമായി.

കിണറുകളും കുളങ്ങും നദികളും പുഴകളും വെള്ളത്തിന്റെ ല ഭ്യതയ്ക്കായി ആശ്രയിച്ചിരുന്ന മനുഷ്യർ ഇന്ന് ബോർവെല്ലുകളും ട്യൂ ബ്‌വെല്ലുകളും ഉപയോഗിച്ച് ഗ്രൗണ്ട്‌വാട്ടർ അമിതമായി ഉപയോഗി ക്കാൻ പഠിച്ചിരിക്കുന്നു. വെള്ളത്തിന്റെ ലഭ്യത കുറവുള്ളിടത്ത് തീർച്ച യായും ഇത് ആവശ്യംതന്നെ. 44 നദികളാൽ സമ്പുഷ്ടമാണെന്ന് അഭിമാ നിക്കുന്ന കേരളം ചില അവസരങ്ങളിൽ വരൾച്ചയും പല അവസരങ്ങ ളിലും വെള്ളപ്പൊക്കത്തേയും അഭിമുഖീകരിക്കുന്നു. ഗ്രൗണ്ട് വാട്ടർ ടേ ബിൾ താഴോട്ട് പോകുന്നതായി വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ചെറുതും വലുതുമായ ഏത് കാര്യം എടുത്താലും ഉപഭോഗം അനാവശ്യമായി വർദ്ധിച്ചുവരുന്നു. വൈദ്യുതിയുടെ കാര്യത്തിലായാലും വാഹനങ്ങളു ടെ കാര്യത്തിലും ഡ്രസ്സുകളുടെ കാര്യത്തിലും ലഭ്യമാകുന്ന സൗകര്യ ങ്ങളുടെ കാര്യങ്ങളിലും ആർഭാടം അടിമുടി തഴച്ചു വളർന്നിരിക്കുന്നു.

എല്ലാ ജീവജാലങ്ങളും ആവശ്യത്തിനു മാത്രം ഭക്ഷിക്കുന്നു. അപൂർവ്വം ചിലതുമാത്രമെ ശേഖരിച്ചുവെക്കുന്നുള്ളൂ. വായ അറിഞ്ഞ് ഭ ക്ഷിക്കാതെ വയറ് അറിഞ്ഞ് ഭക്ഷിക്കണമെന്ന പൂർവ്വികരുടെ ചൊല്ലു കൾക്ക് അർത്ഥമുണ്ടെന്ന് ബോധ്യപ്പെടാതെ രാവിലേയും ഉച്ചയ്ക്കും വൈകുന്നേരവും ലഭിക്കുന്ന ഓരോ അവസരത്തിലും ഭക്ഷണങ്ങളിലെ ആർഭാടം ഉയർന്നുവരുന്നു. രോഗങ്ങൾ വർദ്ധിച്ചുവരുന്നു. ആവശ്യവും അനാവശ്യവും അത്യാവശവും തിരിച്ചറിഞ്ഞിരുന്ന മനുഷ്യരുടെ എ ണ്ണം വിരളമായികൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യകൾ നല്ലതുതന്നെ, മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയിൽ ശാസ്ത്രസാങ്കേതിക മികവുകൾ ഗുണകരം തന്നെ. പക്ഷേ ആ മികവുകൾ നന്മയ്ക്കായി, മിതമായി ആവ ശ്യത്തിന് ഉപയോഗിക്കാതെ അമിത ഉപയോഗം സമസ്ത മേഖലയി ലും വർദ്ധിച്ചിരിക്കുന്നു. വേണ്ടേ നമുക്കും ചില മുൻകരുതലുകളും പഴ യകാല ഓർമ്മകളും തിരുത്തലുകളും നമ്മുടെ മക്കളുടെയും വരും തല മുറകളുടെയും നന്മയ്ക്കായി. മനുഷ്യബന്ധങ്ങളിലും സ്നേഹബന്ധ ങ്ങളിലും ഉപഭോഗസംസ്കാരം വളർന്നിരിക്കുന്നു. ഉപയോഗിച്ച് പുറം തള്ളുന്ന മനുഷ്യരുടെ പ്രത്യേകിച്ചും മാതാപിതാക്കളുടെയും സഹോദ രിസഹോദരന്മാരുടെയും ഭാര്യാഭർത്താക്കന്മാരുടെയും മക്കളുടേയും എണ്ണം വർദ്ധിച്ചിരിക്കുന്നു. മനുഷ്യൻ മനുഷ്യനോട് ചെയ്യുന്ന ദ്രോഹ ങ്ങളും പ്രകൃതിയോടും സഹജീവജാലങ്ങളോടും പ്രവർത്തിക്കുന്ന ചൂ ഷണങ്ങളേയുംസ dയംത ിരിച്ചറിയാൻ്ര ശമിക്കുന്നഅ തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു തലമുറ കടന്നുവരട്ടെ.



# ഗ്രന്ഥശാലകൾ അറിവിന്റെ കേന്ദ്രങ്ങൾ



ഡേവിസ് കണ്ണമ്പുഴ

ഒരു സമൂഹത്തിന്റെ സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിയെ നിർണ്ണയിക്കുന്നത് ജ്ഞാനത്തിന്റെ വളർച്ചയാണ്. സമൂഹം ചിന്തിക്കുന്നതിൽനിന്ന് വ്യത്യസ്തമായി ചില വ്യക്തികൾ പുതിയ ജ്ഞാനം നിർമ്മിക്കുന്നു. ഇത്തരം അറിവുകൾ തലമുറകളിലേക്ക് കൈമാറിയിരുന്നത് വാമൊഴിയായിട്ടായിരുന്നു. വാമൊഴിയിലൂടെ കൈമാറുന്ന അറിവുകൾ പലപ്പോഴും തെറ്റായിട്ടാണ് പകർന്നുനൽകിയിരുന്നത്. ഈ പരിമിതിയെ മറികടക്കാനാണ് മനുഷ്യൻ വരമൊഴിയായി ജ്ഞാനം രേഖപ്പെടുത്താൻ ആരംഭിച്ചത്. വരമൊഴിയായി രേഖപ്പെടുത്തിയ അറിവുകളാണ് ഗ്രന്ഥങ്ങൾ. പ്രസ്തുത ഗ്രന്ഥങ്ങൾ ചില വ്യക്തികളാണ് സൂക്ഷിച്ചുവെച്ചിരുന്നത്. പിന്നീട് അത് സർവ്വകലാശാലകളോട് ബന്ധപ്പെടുത്തി സൂകഷിച്ചുവെയ്ക്കാൻ ആരംഭിച്ചു. ഇത്തരത്തിൽ ഗ്രന്ഥശാലകളിൽ വ്യത്യസ്ത പുസ്തകങ്ങൾ സൂക്ഷിക്കുന്ന രീതി ഗ്രീസിലും റോമിലും നിലനിന്നിരുന്നു. പ്രസ്തുത ഗ്രന്ഥശാലകളാണ് ഇന്നും ജ്ഞാനം സമ്പാദിക്കാനും നിർമ്മിക്കാനും അങ്ങനെസമൂഹത്തെ മുന്നോട്ടു നയിക്കാനും ആഗ്രഹിക്കുന്നവരുടെ പ്രധാനആശ്രയം.

**വത്തിക്കാൻ ഗ്രന്ഥാലയം**

ലോകത്തിലെ പല രാജ്യങ്ങളിലും ഗ്രന്ഥാലയങ്ങൾ ഉണ്ടെങ്കിലും, ഏറ്റവും അധികം പഴയകാല ഗ്രന്ഥങ്ങൾ സൂക്ഷിച്ചുവെച്ചിട്ടുള്ള ഒ

രു സ്ഥലമാണ് വത്തിക്കാൻ ഗ്രന്ഥാലയം. ഗ്രീക്ക്-റോമൻ പാരമ്പര്യത്തിന്റെ തുടർച്ച ഈ ഗ്രന്ഥാലയത്തിൽ കാണാം. മാത്രമല്ല ആഗോള കത്തോലിക്കാസഭ 'ഗ്രന്ഥാലയം' സംരക്ഷിക്കുക എന്നത് തങ്ങളുടെ മൗലിക കടമയായി കരുതുന്നു.

വത്തിക്കാനിലെ മഹത്തായ ഗ്രന്ഥാലയം അന്നും ഇന്നും വിജ്ഞാനസമ്പാദനത്തിന്റെയും സംരക്ഷണത്തിന്റെയും ദൗത്യം സാർവ്വലൗകികാടിസ്ഥാനത്തിൽ ഫലപ്രദമായി നിർവ്വഹിക്കുന്നു. എല്ലാ ഇടവകകളിലും ഗ്രന്ഥശാലകൾ ഉണ്ടാകേണ്ടതിലേക്ക് ഇത് വിരൽചൂണ്ടുന്നു. കാലഗതിക്കനുസരിച്ച് ചിന്തയും അറിവും നാനാവിധത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. കതിരും പതിരും വേർതിരിച്ചെടുക്കണമെന്നുമാത്രം. പുതിയ തലമുറയ്ക്ക് ദിശാബോധവും മാർഗ്ഗദർശനവും നൽകേണ്ടതുണ്ട്. ക്രൈസ്തവന് പിൻതിരിഞ്ഞ് നിൽക്കാനാവില്ല. നിലനിൽപ്പിനും മുന്നേറ്റത്തിനുമായി ക്രൈസ്തവനും ലോകനിലവാരത്തിനൊപ്പം തലയുയർത്തിനിൽക്കണം. വിദ്യാഭ്യാസമണ്ഡലത്തിന്റെ വൈപുല്യവും അതിന്റെ ഫലപ്രാപ്തിയും വിദ്യാർത്ഥിലോകത്തിന് ലഭിക്കുന്നതിന് അത്യുദാത്തമായ സേവനത്തിന്റെ സരണികളാണ് സഭ വികസിപ്പിച്ചെടുത്തിട്ടുള്ളത്. എന്നാൽ അനുദിനമെന്നോണമുള്ള പരിവർത്തനത്തിനു വേണ്ടിയുള്ള പ്രയാണം ലോകമൊക്കെയും തുടരുകയാണ്; അപഥവും സുപഥവുമായ മാർഗ്ഗങ്ങളിലൂടെ. സഭയ്ക്കിവിടെ അടിയന്തിരമായി ചെയ്യേണ്ടിവരിക പ്രകാശത്തിന്റെ പുതിയ തുരുത്തുകൾ (Library) ഇടവകകൾതോറും വിതാനിച്ചെടുക്കുക എന്നതാണ്. അതിൽ കാലികപ്രാധാന്യം കൊടുക്കേണ്ടത് ഓരോ വിശ്വാസിക്കും പ്രത്യേകിച്ച് യുവാവിനും തന്റെ ഇടവകയിൽ പുതുതായി സ്ഥാപിക്കപ്പെട്ട, അല്ലെങ്കിൽ ആദ്യമേ നിലവിലുള്ള ഗ്രന്ഥശാലയുടെ വിജ്ഞാനവൈവിധ്യവും പ്രജ്ഞാശക്തിയും നേർവഴിയും നേടിയെടുക്കേണ്ട ലക്ഷ്യത്തിലേക്കായി ആ ഗ്രന്ഥാലയങ്ങളെ പ്രവർത്തനക്ഷമമാക്കുക എന്നതുതന്നെയായിരിക്കും.

**ഇടവക ലൈബ്രറിയുടെ പ്രാധാന്യം**

ഒരു നവലോക ദർശനം ചില കോണുകളിൽ ശക്തി പ്രാപിക്കുന്നുണ്ട്. അത് മാനവികതയെ തള്ളിമാറ്റിക്കൊണ്ടാവരുത്. ഇവിടെ വായനയും ചിന്തയും സ്വാതന്ത്ര്യബോധവും പണയപ്പെടുത്തരുതല്ലോ. ഉണ്ടാകേണ്ട ഒരു തിരിച്ചറിവ് ഇതാകട്ടെ. പുതിയ തലമുറയ്ക്ക് അവരുടെ കർമ്മകാണ്ഡത്തിൽ തമസ്സിനെതിരിച്ചറിയാൻ, അറിവിനെ സ്വായത്തമാക്കാൻ ഗ്രന്ഥങ്ങൾ കൈത്തിരികളാകണം. ഗ്രന്ഥാലയങ്ങൾ ദീപഗോപുരങ്ങളാണ്. ഈശ്വരവിശ്വാസപരവും സാന്മാർഗ്ഗികവും സാംസ്കാരികവും മാനവികവുമായ അടിത്തറയിൽ രൂപപ്പെടുന്ന, സർവ്വരാജ്യങ്ങളുമടങ്ങുന്ന നവസമൂഹസൃഷ്ടി എന്ന ആശയത്തിനൊപ്പം നിൽക്കാൻ നാം തയ്യാറാവുകയും വേണം.

ലോകബോധമുള്ള തലമുറ ഇടവകകളിൽനിന്ന് രൂപപ്പെടണം. കൂടിച്ചേരലുകളും സൗഹൃദം പങ്കിടലും ഇടവകകളിൽ ഉണ്ടാകുന്നുണ്ട് എന്നത് വാസ്തവം തന്നെ. ഒരുപടി കൂടി ഉയർന്ന് എല്ലാ മനു

## വി. ഇഗ്നേഷ്യസ് ലൊയോള അനുസ്മരണദിനം



## കന്യാസ്ത്രീകളുടെ അന്യായമായ അറസ്റ്റിനെ പ്രതിഷേധിച്ചുകൊണ്ട് നടത്തിയ റാലി




## വി. ജോൺ മരിയ വിയാനിയുടെ തിരുനാളാഘോഷം



## വിശ്വാസപരിശീലന വിദ്യാർത്ഥികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം



## മാതൃവേദിയുടെ വാർഷികാഘോഷം




## അൾത്താര ബാലന്മാരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ ബർക്കുമെൻസിന്റെ തിരുന്നാളാഘോഷം



## കൈക്കാരൻമാരുടെ സ്ഥാനമാറ്റം



## വികാരിയച്ചന്റെ ജന്മദിനാഘോഷം



# വിശ്വാസപരിശീലന ദിനം



# നവീകരിച്ച സെൻ്റ് മേരീസ് യു.പി. സ്കൂളിൻ്റെ വെഞ്ചരിപ്പ്






















# സ്വാഗതം

## പുതിയ കൈക്കാരന്മാർ


കവലക്കാട്ട് ജോസ്
**ജോർജ്ജ്**


പാനിക്കുളങ്ങര ലോനായ്
**സെബി**


കിടങ്ങത്തുപറമ്പിൽ ആന്റണി
**റാഫി**


പുതുക്കാടൻ ഡേവിസ്
**റോഷൻ**

## പുതിയ കുറി ഡയറക്ടർമാർ


വടക്കേത്തല
**ജോസ്**


കൊള്ളന്നൂർ ആന്റണി
**ഇഗ്നേഷ്യസ്**

# നന്ദി

## കഴിഞ്ഞ ഒരു വർഷക്കാലം കൈക്കാരന്മാരായി സേവനം ചെയ്ത


ചിറയത്ത് മഞ്ഞില ആന്റണി
**ജോജു**


ചിറയത്ത് കോനിക്കര അന്തപ്പൻ
**തോമസ്**


കണ്ണാത്ത് ജോസ്
**ലൂവി**


ചിറ്റാട്ടുകര വർഗ്ഗീസ്
**ജോസ്**

## കുറി ഡയറക്ടറായി സേവനം ചെയ്ത


ചിറ്റിലപ്പിള്ളി കുഞ്ഞാപ്പു കൊച്ചപ്പൻ
**ജോബി**

## സ്വാതന്ത്ര്യദിനാഘോഷം



## സി.എൽ.സി. പതാകദിനം





ഏൽ റഫാ (ദൈവം സുഖപ്പെടുത്തുന്നു)

തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പൊലീത്തൻ കത്തീഡ്രൽ വോയ്സും,
IMA തൃശൂരും സംയുക്തമായി നടത്തുന്ന

# 11-ാം സൗജന്യ ചികിത്സാ ക്യാമ്പ്

## ഗ്യാസ്ട്രോഎൻട്രോളജി

ദിവസം : 2025 സെപ്തംബർ 21 ഞായറാഴ്ച
സമയം : രാവിലെ 9 മണി മുതൽ 1 മണി വരെ
സ്ഥലം : ലൂർദ്ദ് കത്തീഡ്രൽ ഹാൾ, തൃശ്ശൂർ

അന്നനാളം, ആമാശയം, ചെറുകുടൽ, വൻകുടൽ,
മലാശയം, കരൾ, പിത്താശയം, പാൻക്രിയാസ്
തുടങ്ങിയ അവയവങ്ങളെ ബാധിക്കുന്ന
രോഗ നിർണ്ണയം ചികിത്സ

ജാതിമത ഭേദമെന്യേ
ഏവർക്കും സ്വാഗതം

**മരുന്നുകൾ സൗജന്യമായി നൽകുന്നു**

ആവശ്യമായ ടെസ്റ്റുകളും എക്സ്റേകളും പ്രത്യേക
ഡിസ്കൗണ്ടോടു കൂടി ചെയ്തു കൊടുക്കുന്നു.
പങ്കെടുക്കുന്നവരുടെ പേരുകൾ താഴെ കൊടുത്തിട്ടുള്ള
മൊബൈൽ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക.

| | | |
|---|---|---|
| ശ്രീ. ജോഷി ചിറമ്മൽ<br>94 95 42 20 75 | ഡോ. ഇഗ്നേഷ്യസ് ആന്റണി<br>94 96 21 73 17 | ശ്രീമതി. അൽഫോൻസ സിംസൺ<br>94 95 85 58 34 |

സ്പോൺസേഴ്സ് : പോളി ക്ലിനിക്, തൃശ്ശൂർ
ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ഹോസ്പിറ്റൽ, തൃശ്ശൂർ

ഫാ. ജോസ് വല്ലൂരാൻ (കത്തീഡ്രൽ വികാരി)

| | | |
|---|---|---|
| സോണി കവലക്കാട്ട്<br>ജനറൽ കൺവീനർ | പ്രൊഫ. കെ.എം. ഫ്രാൻസിസ്<br>എഡിറ്റർ | സി.ആർ. ആന്റോ<br>കോർഡിനേറ്റർ |



# 50 Wedding Anniversary

Sep. - 28 - 1975



Sep. 28 - 2025

**Joseph Chettupuzha &**
**Tessy Joseph**
Kovattuparambil house
White street
Kizhakkumpattukara
Vimala Nadha Unit

To Our Ever Dearest Appa & Amma,

You are a shining example of faithful servants in God's vineyard.
Through every joy and challenge,
in both good times and hard times,
you stood strong, leaning on the
Lord Jesus' boundless mercy
and amazing grace.
For fifty blessed years,
your love has remained unwavering -
anchored firmly in God's perfect plan.
Your life together is a living testimony
of faith, sacrifice, and unconditional
love. On this golden milestone,
we thank God for the beautiful gift of
your marriage and pray for many
more years filled with His blessings,
peace, and joy.

Happy 50th Wedding Anniversary!
With all our love, prayers,
and heartfelt wishes,
Your dear sons, daughters, grandchildren,
friends, and relatives.





ലൂർദ് കത്തീഡൽ ഇടവകാംഗം
പൗളിൻ ഇനാശു കവലക്കാട്ട് പകർത്തിയെഴുതിയ
സമ്പൂർണ്ണ ബൈബിൾ
ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്തിന്
സമർപ്പിക്കുന്നു



14th Death Anniversary



# K.P.DAVIS

*You will always be in our Hearts.*
*In there, You are still alive.*

KUNNAPPILLY
ESTD 1936

# ഫാറ്റിമ നഗർ കോ-ഓപ്പറേറ്റീവ് ബാങ്ക്
## ലിമിറ്റഡ് നമ്പ്ര് ആർ. 224

ESTD. 1962

ഹെഡ് ഓഫീസ്, കിഴക്കേകോട്ട, തൃശ്ശൂർ – 680 005
Ph : 2322214, 2322215, Mob : 8301026215, Email : fatimanagarcobank@gmail.com

62 വർഷത്തെ
വിശ്വസ്ത സേവന
പാരമ്പര്യം

### ബ്രാഞ്ചുകൾ

മെയിൻ ബ്രാഞ്ച്
Ph: 2322214

പാലസ് റോഡ്
Ph: 2331012

റൈസ് ബസാർ
Ph: 2421012

കിഴക്കുംപാട്ടുകര
Ph: 2323412

ശക്തൻ നഗർ
Ph: 2420102



# സ്വർണ്ണ പണയ വായ്പ

പലിശ
**7.75%**

### ലളിതമായ വ്യവസ്ഥയിൽ നൽകി വരുന്ന വായ്പകൾ

- സാധാരണ വായ്പ
- ഓവർ ഡ്രാഫ്റ്റ്
- ഹയർ പർച്ചെയ്സ്
- വസ്തു പണയ വായ്പ
- പണ്ടം പണയം
- ഹൗസിംഗ് ലോൺ

### ഭരണസമിതി

ബൈജു വർഗ്ഗീസ്
പ്രസിഡന്റ്

സേവ്യർ ചേലപ്പാടൻ
വൈസ്. പ്രസിഡന്റ്

ടി.ആർ. സന്തോഷ്
ഡയറക്ടർ

കെ.എ. ടോണി
ഡയറക്ടർ

രാജു മുളക്കൻ
ഡയറക്ടർ

സെബി ഇരിമ്പൻ
ഡയറക്ടർ

അഡ്വ. ജോയ് ബാസ്റ്റിൻ
ഡയറക്ടർ

ഡേവിസ് പുളിക്കൻ
ഡയറക്ടർ

ബ്രിജി ഹേമി
ഡയറക്ടർ

റീന ജോൺസൺ
ഡയറക്ടർ

പ്രിയ ഷാജി
ഡയറക്ടർ

വനജ രവി
ഡയറക്ടർ

ജിൻസി കെ. ചെറിയാൻ
അസി. രജിസ്ട്രാർ / സെക്രട്ടറി

## ആഗ്രഹങ്ങൾ സഫലമാക്കാൻ
## പണം ഒരു തടസ്സമാകേണ്ട !



### ആധുനിക ബാങ്കിങ്ങ് സൗകര്യങ്ങൾ

- Mobile Banking
- RTGS, NEFT
- Fatima Nagar Co-op My Bank Application

നിക്ഷേപങ്ങൾക്ക് സർക്കാർ
ഗ്യാരണ്ടിയോടെ ഉയർന്ന പലിശ

*In Loving Memory of*



# Jose Kattookaran

KLRA 37, Lourdepuram, East Fort

02 April 1942 - 03 August 2025



IN LOVING MEMORY OF

25–ാം ചരമവാർഷികം



## C.I. DEVASSY

**Born: 16.02.1921**
**Died: 30-09-2000**

15–ാം ചരമവാർഷികം



## KOCHUTHRESSIA

**Born: 01.01.1937**
**Died: 22-08-2010**



## CHALISSERY KUTTUKARAN

**Aristo Road, Thrissur**

# 3-ാം ചരമവാർഷികം

14-09-2025



## പയ്യപ്പിള്ളി തോമസ് മകൻ

# ദേവസ്സി

(Prof. P.T. Devassy)

ജനനം : 07-04-1939

മരണം : 14-09-2022

പ്രാർത്ഥനാപൂർവ്വം : ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

# സ്നേഹ സ്മരണകളോടെ

66–ാം
ചരമവാർഷികം
24–05–2025

30–ാം
ചരമവാർഷികം
23–09–2025



**ഡോ. ടി. എ. ഗബ്രിയേൽ**
ഐനിക്കൽ തോട്ടാൻ
ഗബ്രിയേൽ വില്ല,

**ആനി ഗബ്രിയേൽ**
(കുഞ്ഞന്നം)
W/o. ഡോ. ഗബ്രിയേൽ തോട്ടാൻ

തൃശിവപേരൂർ–5

ജനനം 17–8–1903
മരണം 24–5–1959
122–ാം ജന്മദിനം

ജനനം 3–4–1913
മരണം 23–9–1995
112–ാം ജന്മദിനം

# സ്നേഹസ്മരണയ്ക്ക്

9 – ാം ചരമവാർഷികം
18 – 09 – 2025

14 – ാം ചരമവാർഷികം
13 – 09 – 2025





## ആലപ്പാട്ട് പൊന്തേക്കൻ

## പൈലോത് പൊറിഞ്ചു

## എൽസി പൊറിഞ്ചു

ഫാത്തിമ മാതാ യൂണിറ്റ്, ബിഷപ്പ് ആലപ്പാട്ട് റോഡ്,
ഫാത്തിമ നഗർ, കിഴക്കേകോട്ട, തൃശൂർ
ഫോൺ : 9447389893, 9447524868

ഷ്യരും ദൈവമക്കൾ എന്ന പ്രമാണത്തിൽ ഉറച്ചുനിന്ന് ലോകത്തെ കാണാൻ ക്രൈസ്തവികത പഠിപ്പിക്കുന്നുണ്ട്. താഴെത്തട്ടിൽ നിന്നുണ്ടാകേണ്ടതാണിത്. ഒരു നല്ല അടിസ്ഥാനം ഇതിനായി ഉണ്ടാക്കിയെടുക്കേണ്ടിടത്താണ് നാം എത്തിനിൽക്കുന്നതെന്നറിയണം. ഗ്രന്ഥശാലകൾക്കും വ്യാപകമായ വായനയ്ക്കും ക്രൈസ്തവദർശനത്തിന്റെ പുതിയ വിതരണക്കാരെ വാർത്തെടുക്കാൻ കഴിയും. നവമായ ആന്തരോർജ്ജം ആത്മനിഷ്ഠയായ വായനയിലൂടെ സംജാതമാകും. 'എന്റെ കൂട്ടുകാരായി നല്ല പുസ്തകങ്ങൾ കൂടെയുണ്ട്, എന്നെയും ലോകത്തെയും പ്രബുദ്ധരാക്കാൻ' എന്ന വിചാരശീലം ഇടവകകളിൽ വളരാൻ ഇടവകയിലെ വലിയ പുസ്തകശേഖരകേന്ദ്രം പ്രേരകശക്തിയായിത്തീരും എന്ന് കരുതുന്നു. വായനയോടുള്ള വല്ലാത്ത മടുപ്പ് കുട്ടികളിൽ വേരൂന്നിയിരിക്കുന്നു എന്ന വിദ്യാലയ-കലാലയവേദികളിൽ നിന്നുള്ള നിരന്തരപ്രസ്താവം അവസാനിപ്പിച്ചേ മതിയാവൂ. ഒന്നിനുമില്ല സ്ഥായീഭാവം എന്ന് നാമറിയണം. ഇക്കാര്യത്തിൽ പോസിറ്റീവ് ചിന്ത പ്രാവർത്തികമാക്കാൻ എന്തു ചെയ്തു നാം? വേണ്ടെന്നു കരുതിയതിനെ ഉഴുതുമറിച്ച് വേണ്ടതിന്റെ വിത്തുപാകി നവമായതിനെ മുളപ്പിച്ചെടുത്തൊരുക്കിയ പരിവർത്തന ചിന്തയുടെ, പാരമ്പര്യസംരക്ഷണത്തിന്റെ ചരിത്രസാക്ഷ്യത്തിനു മുമ്പിൽ പ്രാർത്ഥനാനിർഭരതയോടെ നിൽക്കുന്ന കേരളീയ ക്രൈസ്തവരാണ് നാം. ഉത്തമമായതിന്റെ വായനയും അതു നൽകുന്ന ആത്മപ്രഭാവവും തിരിച്ചുവരുമെന്ന പ്രത്യാശ കൈവിടരുത്. സർഗ്ഗാത്മകമായ വായന മനുഷ്യനെ വല്ലാതെ മാറ്റുന്നുണ്ട്. വായന മനുഷ്യനെ സാംസ്കാരികമായി ശുദ്ധീകരിക്കുന്നു.

വിധ്വംസനാത്മകമായ വായനയ്ക്കുള്ള പ്രവണതയും അതിനുള്ള അവസരങ്ങളും കഴിവതും കണ്ടെത്തിത്തടയണം, ഉണ്ടാകാതിരിക്കണം. അതീവശ്രദ്ധ വേണ്ട ഒരു മേഖലയാണിതെന്ന് അറിയാവുന്നതാണല്ലോ. എല്ലാ സാഹിത്യശാഖകളിലുമുള്ള കൃതികൾ ലൈബ്രറിയിൽ ഉണ്ടാകണം. കഥ, കവിത, നോവൽ, ലേഖനം, ആത്മകഥ, ചരിത്രം, ശാസ്ത്രം, നാടകം തുടങ്ങിയവ. യുവമാനസങ്ങളെ വക്രീകരിക്കാൻ പോന്ന പുസ്തകങ്ങൾ തെരഞ്ഞെടുക്കാതിരിക്കുക.

സദുദ്ദേശപരവും നിർദ്ദേശാത്മകവുമായ ചില കാര്യങ്ങൾ:

1. അതിരൂപതയിലെ എല്ലാ ഇടവകകളിലും ഗ്രന്ഥശാലകൾ
2. കേന്ദ്രസംഘടനകളുടെ ഓഫീസുകളിലും ഉണ്ടായാൽ നന്ന്
3. അതിരൂപതയിൽ ഒരു കേന്ദ്രഗ്രന്ഥാലയം
4. അതിരൂപത ഡയറക്ടറേറ്റിൽ ഒരു കൾച്ചറൽ ഡിപ്പാർട്ട്മെന്റ്
5. ഓരോ ഇടവകയിലെ ഒരു വായനക്കൂട്ടം. പുസ്തകചർച്ച, പുസ്തക പരിചയം
6. സർഗ്ഗാത്മകതയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുക, സമ്മാനങ്ങൾ നൽകുക, സാക്ഷ്യപത്രങ്ങൾ കൊടുക്കുക.
7. സ്വന്തം കവിത, കഥ, പ്രബന്ധം തുടങ്ങിയവ വായിക്കാനുള്ള അരങ്ങൊരുക്കുക. സദസ്സിന്റെ അംഗീകാരം അവർക്കു നൽകുക മുന്നോട്ടു പോകാനുള്ള ഉത്തേജനമാണ്.
8. കുട്ടികളിൽ ധൈഷണിക, നൈതിക, സാമൂഹിക പരിപ്രേക്ഷ്യം ഉ

ണ്ടാക്കുക; ക്രിയേറ്റിവ് എനർജി വളർത്തുക.

9. നല്ല ലൈബ്രറികളെ അഭിനന്ദിക്കുക.

10. ക്രൈസ്തവന്റെ ലൈബ്രറികളെ പ്രകാശിപ്പിക്കേണ്ടത് തെരഞ്ഞെടുത്ത കൃതികൾ

ഇരുൾമൂടി നിൽക്കുന്ന അന്തരീക്ഷം ചുറ്റുമുണ്ട്. വെളിച്ചം ഗ്രന്ഥശാലയിലുമുണ്ട്. ഓരോ പ്രകാശരശ്മിയും ആവാഹിച്ചെടുക്കാൻ തുറന്നുവെച്ച വാതിലുകളുണ്ടാകുകയാണ് ഭാവിതലമുറയ്ക്കു വേണ്ടിയുള്ള അക്ഷയമായ അക്ഷരജ്യോതിസ്സ് എല്ലാറ്റിനെയും പ്രകാശിപ്പിക്കും. അവർക്കായുള്ളൊരു കരുതലാണ് ഉണ്ടാവുന്നത്. അതിരൂപത ഈ സ്വപ്നസാക്ഷാത്കാരം നേടട്ടെ. തിരുവചനങ്ങളും തിരുമൊഴികളും യേശുവിന്റെ പീഡാസഹനവും പ്രബോധനങ്ങളും നമ്മെ വർദ്ധിതശക്തിയോടെ മുന്നോട്ടു നയിക്കുന്നു. അപ്പോഴും ലോകസാഹചര്യത്തിനൊത്ത് നമ്മുടെ തലമുറ പ്രശോഭിതരായി അടിവെച്ചു മുന്നേറാൻ പ്രാപ്തരാകണം. എല്ലാ തുറകളിലും സഭ നേരിടുന്ന വെല്ലുവിളികളെ ചെറുക്കാൻ യുവാക്കളുടെ കരുത്ത് വായനബോധ്യങ്ങളിലുറച്ചുനിന്ന് വഴിതിരിച്ചുവിടാൻ കഴിയും.

“എല്ലാ ദിക്കുകളിൽനിന്നും അറിവും ഉദാത്തചിന്തകളും നമ്മിലേക്കു കടന്നുവരട്ടെ” എന്ന ഋഗ്വേദദർശനം ഗ്രന്ഥശാലകളുടെ അനിവാര്യതയിലേക്കു വിരൽചൂണ്ടുന്നു. സഭയിലെ പൂർവ്വകാരണവന്മാർ നൽകിയ ഏതു മേഖലയിലെയും പൈതൃകം പിൻതലമുറയ്ക്കു നൽകുന്ന പാഠമാണ്; “നാം മുന്നോട്ട് മുന്നോട്ട്, ഇനിയും മുന്നോട്ട്.”

ലൂർദ്ദ് ഭദ്രാസന ദേവാലയത്തിന്റെ പാരിഷ് ബുള്ളറ്റിൻ നിലനിൽക്കുന്നതിന് പ്രയത്നിച്ചവരും വിയർപ്പൊഴുക്കിയവരും നിരവധിയാണ്. നേതൃത്വം നൽകിയ വികാരിമാരെയും കൈക്കാരന്മാരെയും പ്രസിദ്ധീകരണ ചുമതല കയ്യാളിയ വൈദികരെയും പത്രാധിപസമിതികളെയും ബന്ധപ്പെട്ട മറ്റു പ്രവർത്തകരെയും ഇത്തരുണത്തിൽ കൃതജ്ഞതാപുരസ്സരം ഓർക്കാൻ വായനക്കാർ ഒപ്പമുണ്ടായിരിക്കും.

വായനയുടെ വസന്തം നാടിനെ സഭക്കൊപ്പമാക്കും. ക്രൈസ്തവ യുവത അവരെ നയിക്കുന്ന ഒരു ചാലകശക്തി പുസ്തകവും വിരിയിക്കുന്ന ഗ്രന്ഥശാലകളുടെ സംവൃദ്ധിയും വായനയും.

നിങ്ങളും ഇസ്രായേൽജനം മുഴുവനും
ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ കുരിശിൽ തറച്ചു
കൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം
ഉയിർപ്പിക്കുകയും ചെയ്ത നസറായനായ
യേശുക്രിസ്തുവിൻറെ നാമത്തിലാണ് ഈ മനുഷ്യൻ
സുഖം പ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്.
അപ്പ. പ്രവർത്തനങ്ങൾ 4 : 10



# വ്യാകുലമാതാവ്



**ഡിംപിൾ ആനന്ദ് പോൾ**
**ഫാത്തിമമാതാ യൂണിറ്റ്**

യേശുവിന്റെ അമ്മയായ മറിയത്തെ അവളുടെ ജീവിതത്തിലെ സന്താപങ്ങളുമായി ബന്ധപ്പെടുത്തി വണങ്ങുമ്പോൾ ഉപയോഗിക്കുന്ന പേരാണ് വ്യാകുലമാതാവ്. വ്യാകുലങ്ങളുടെ അമ്മ; സപ്തസന്താപങ്ങളുടെ മാതാവ് എന്നീ പേരുകളിലും ഈ വണക്കത്തിൽ മറിയം അറിയപ്പെടുന്നു.

കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെ പിറ്റേദിവസം പരിശുദ്ധ അമ്മയുടെ ഏഴു വ്യാകുലതകളുടെ തിരുനാൾ കൊണ്ടാടുന്നു. പരിശുദ്ധ അമ്മയുടെ ഏഴ് വ്യാകുലതകളും ദൈവപുത്രന്റെ പീഢാനുഭവങ്ങളും ഭയഭക്തിപൂർവ്വം ഈ ദിനത്തിൽ നമ്മൾ അനുസ്മരിക്കുന്നു. മാതാവിന്റെ ജനനദിനമായ സെപ്റ്റംബർ എട്ടിന് ശേഷമുള്ള ഏഴ് ദിവസം കഴിഞ്ഞിട്ടുള്ള സെപ്റ്റംബർ 15 കണക്ക് കൂട്ടിയിട്ടുള്ളത്.

തന്റെ സ്വർഗ്ഗീയപുത്രന്റെ കഷ്ടതയിലുള്ള ദൈവമാതാവായ മറിയത്തിന്റെ അതികഠിനമായ വേദനയാണ് ഈ തിരുനാളിൽ സമർപ്പിച്ചിരിക്കുന്നത്. മാനസിക കഷ്ടത അനുഭവിച്ചത്, സഹ വീണ്ടെടുപ്പുകാരിയായി ഭവിച്ച പരിശുദ്ധ അമ്മ പാപത്തേയും പശ്ചാത്താപത്തിലേക്കുള്ള യഥാർത്ഥ മാർഗ്ഗത്തേയും നമ്മെ ഓർമ്മപ്പെടുത്തുന്ന വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനങ്ങളും തന്നെയാണ് ഇതിന്റെ ഉത്ഭവത്തിന് ഉറവിടം.

തിരുസങ്കടങ്ങളോടുള്ള ഭക്തി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സെർവൈറ്റുകളാണ് ഈ തിരുനാൾ ആദ്യമായി ആരംഭിച്ചത്.

# *the* BLESSED PIER GIORGIO FRASSATI



# വിൻസെന്റ് ഡി പോളിലൂടെ വിശുദ്ധ പദവിയിലേക്ക് വാഴ്ത്തപ്പെട്ട ജിയോർജിയോ ഫ്രസാറ്റി

വടക്കുപടിഞ്ഞാറൻ ഇറ്റലിയിലെ ടൂറിനിൽ ആൽഫ്രെഡോ ഫ്രസാറ്റിയുടേയും അഡലെയ്ഡ് അമെറ്റിസ് ഫ്രസാറ്റിയുടേയും മകനായി 1901ൽ ഏപ്രിൽ 9-ാം തിയതി വലിയ ശനിയാഴ്ചയാണ് ജിയോർജിയോ ഫ്രസാറ്റിയുടെ ജനനം. പിതാവ് ആൽഫ്രെഡോ സ്വതന്ത്രവർത്തമാനപത്രമായ 'ലാ സ്റ്റാംപാ'യുടെ സ്ഥാപകനും ഡയറക്ടറുമായിരുന്നു. ഇറ്റാലിയൻ രാഷ്ട്രീയത്തിൽ മുഴുകിയിരുന്ന അദ്ദേഹം പിന്നീട് ജർമ്മനിയിലെ ഇറ്റാലിയൻ അംബാസിഡറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പ്രതികൂലമായ ചുറ്റുപാടുകളുണ്ടായിരുന്നെങ്കിലും ജിയോർജിയോ ചൈതന്യമേറിയ ആദ്ധ്യാത്മികജീവിതം വളർത്തിയെടുത്തു. തന്റെ ആനന്ദകരമായ അദ്ധ്യാത്മികാനുഭവങ്ങൾ സുഹൃത്തുക്കളുമായി പങ്കിടുന്നതിൽ അദ്ദേഹം എന്നും തത്പരനായിരുന്നു.

1918-ൽ ജിയോർജിയോ തന്റെ പതിനെട്ടാമത്തെ വയസ്സിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ അംഗമായി ചേർന്നുകൊണ്ട് പാവങ്ങളേയും രോഗികളേയും സേവിക്കുന്നതിന് തന്റെ ഒഴിവുസമയം ചെലവഴിക്കാൻ തുടങ്ങി. ഒരു മൈനിങ്ങ് എഞ്ചിനീയറായി ഖനിത്തൊഴിലാളികൾക്കിടയിൽ സേവനമനുഷ്ഠിച്ചുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ ആ യുവാവ് ആഗ്രഹിച്ചു. വിശ്രമമില്ലാത്ത പഠനം അദ്ദേഹത്തിന്റെ സാമൂഹിക പ്രവർത്തനങ്ങൾക്ക് ഒരിക്കലും തടസ്സമായിരുന്നില്ല.

ഇറ്റലിയിലെ പ്രമുഖ പ്രഭുകുടുംബമായിരുന്നതിനാൽ സാധാരണക്കാരും ദരിദ്രരുമായ രോഗികളോട് ഇടപഴകുന്നതിനും പ്രവർത്തിക്കുന്നതിനും ഒരുപാട് തടസ്സങ്ങളും എതിർപ്പുകളും കുടുംബാംഗങ്ങളിൽനിന്ന് അദ്ദേഹത്തിന് നേരിടേണ്ടിവന്നിരുന്നു. എന്നാൽ പ്രഭുകു

ടുംബങ്ങളുടെ ചട്ടക്കൂട്ടിലൊതുങ്ങിനിൽക്കാതെ ഉല്ലാസപ്രിയനും സന്തോഷപ്രിയനുമായ ജിയോർജിയോ സംഘടനാപ്രവർത്തനങ്ങളിൽ ആനന്ദം കണ്ടെത്തുകയും ചെയ്തു.

തന്റെ കുടുംബാംഗങ്ങളുടെ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് വിവിധ സംഘടനകളിൽ അംഗത്വം സ്വീകരിച്ചുകൊണ്ട് ഊർജ്ജസ്വലനായി പാവങ്ങൾക്കിടയിൽ പ്രവർത്തിച്ചു. കാത്തലിക് സ്റ്റുഡന്റ്സ് ഫെഡറേഷനിലും കത്തോലിക്കാസഭയുടെ പഠനങ്ങളെ പിന്താങ്ങിയിരുന്ന രാഷ്ട്രീയസംഘടനയായ പോപ്പുലർ പാർട്ടിയിലും പ്രവർത്തിച്ചു. കാത്തലിക് വർക്കേഴ്സ് ഫെഡറേഷനോട് സഹകരിച്ചുകൊണ്ട് തൊഴിലാളിമണ്ഡലത്തിലും അദ്ദേഹം തന്റെ ശുശ്രൂഷ വ്യാപിപ്പിച്ചു.

പ്രഭുകുടുംബമായിരുന്നെങ്കിലും പിതാവ് സാമ്പത്തികകാര്യങ്ങളിൽ മിതവ്യയശീലനായിരുന്നു. തന്റെ രണ്ടുമക്കളേയും അമിതമായി പണം ചിലവഴിക്കാൻ അനുവദിച്ചിരുന്നില്ല. കൃത്യനിഷ്ഠയും മിതവ്യയവും ആ കുടുംബത്തിൽ പാലിക്കപ്പെടണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. ജിയോർജിയോ ആകട്ടെ പഠനത്തിനും വണ്ടിക്കൂലിക്കും പിതാവ് നൽകുന്ന തുച്ഛമായ സംഖ്യകൾപോലും പാവങ്ങളെ സഹായിക്കാൻ വേണ്ടി ചിലവഴിക്കുമായിരുന്നു. വണ്ടിക്കൂലിക്കു പിതാവ് നൽകുന്ന പണംപോലും പാവങ്ങളെ സഹായിക്കാൻ ചിലവഴിക്കുന്ന ജിയോർജിയോ കൃത്യസമയത്ത് വീട്ടിലെ ഭക്ഷണമേശയ്ക്കരുകിലെത്താൻ ഇടവഴികളിലൂടെ തിരക്ക്പിടിച്ചോടുന്നത് ഒരു പതിവ് കാഴ്ചയായിരുന്നു.

പ്രവർത്തനരംഗത്ത് പ്രതിബന്ധങ്ങളും എതിർപ്പുകളും ഉണ്ടാകുമ്പോഴൊക്കെ പകച്ചുനിൽക്കാതെ ധീരതയോടെ മുന്നോട്ടുനീങ്ങാനുള്ള തന്റേടം ജിയോർജിയോ പ്രകടിപ്പിച്ചിരുന്നു. സഭയുടെ നേതൃത്വത്തിൽ റോമിൽ സംഘടിപ്പിക്കപ്പെട്ട ഒരു പ്രകടനത്തിനുനേരെ പോലീസ് മർദ്ദനങ്ങൾ അഴിച്ചുവിട്ടപ്പോൾ പ്രകടനത്തിൽ പങ്കാളിയായിരുന്ന ജിയോർജിയോ ധീരതയോടെ അതിനെ ചെറുത്തുനിൽക്കുകയും ആരുടേയോ കൈയിൽനിന്ന് പോലീസ് പിടിച്ചെടുത്ത് വലിച്ചെറിഞ്ഞ ബാനറെടുത്ത് ഉയർത്തിപ്പിടിച്ച് മറ്റു യുവാക്കളെ തന്റെ കൂടെ അണിനിരത്തിക്കൊണ്ട് മുന്നോട്ടു നീങ്ങുകയും പോലീസിന്റെ ലാത്തിയടികൾ തടുക്കാൻ ബാനറിന്റെ കാലുകൾ ഉപയോഗിക്കുകയും ചെയ്തു.

എല്ലാ ദിവസവും ദിവ്യകാരുണ്യം സ്വീകരിക്കുകയും തന്റെ സ്നേഹിതരെ ആദ്ധ്യാത്മിക ജീവിതത്തിന്റെ വഴിയിൽ നടക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ഏറ്റവും പ്രിയപ്പെട്ട കായികവിനോദം പർവ്വതാരോഹണമായിരുന്നു.

1925 ജൂൺമാസത്തിൽ ജിയോർജിയോ പോളിയോ രോഗത്തിനിരയായി. ആ അവസരത്തിൽ അദ്ദേഹത്തിന്റെ അപ്പന്റെ അമ്മയും മരണശയ്യയിലായിരുന്നു. തന്മൂലം ജിയോർജിയോ തന്റെ സ്വന്തം രോഗം അവഗണിച്ചു. ഡോക്ടർമാർ രോഗമെന്തെന്ന് കണ്ടുപിടിച്ചപ്പോഴേക്കും ചികിത്സിച്ചു സുഖപ്പെടുത്താനാവാത്തവിധം രോഗം ഗുരുതരമായി ക

ഴിഞ്ഞിരുന്നു. ജിയോർജിയോ ശുശ്രൂഷിച്ചിരുന്ന പാവപ്പെട്ട രോഗികളിൽനിന്നാണ് ഈ രോഗം അദ്ദേഹത്തിന് പകർന്നതെന്ന് ഡോക്ടർമാർ കണ്ടുപിടിച്ചു. 1925 ജൂലൈ നാലാം തീയതി തന്റെ ഇരുപത്തിനാലാമത്തെ വയസ്സിൽ ജിയോർജിയോ ഫ്രസാറ്റി നിര്യാതനായി.

ശവസംസ്കാരശുശ്രൂഷയിൽ ജിയോർജിയോയുടെ പ്രവർത്തനരംഗങ്ങളുമായി ബന്ധപ്പെട്ട രാഷ്ട്രീയ നേതാക്കളെയും വിശിഷ്ടവ്യക്തികളേയും കുടുംബാംഗങ്ങൾ പ്രതീക്ഷിച്ചിരുന്നെങ്കിലും, മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര നഗരത്തിലൂടെ കടന്നുപോകുമ്പോൾ തെരുവിന്റെ ഇരുവശവും ആയിരക്കണക്കിന് പാവങ്ങൾ കണ്ണീരൊഴുക്കിക്കൊണ്ട് നിൽക്കുന്നത് കണ്ടപ്പോഴാണ് ജിയോർജിയോയുടെ ഉപവിപ്രവർത്തനങ്ങൾ ഇത്രയേറെ വിപുലമായിരുന്നെന്ന് അവർ മനസ്സിലാക്കിയത്. ആ യുവാവിന്റെ നിര്യാണത്തിൽ ദുഃഖിച്ചവരിൽ അധികംപേരും ഏഴുവർഷക്കാലമായി അദ്ദേഹത്തിന്റെ നിസ്വാർത്ഥസേവനങ്ങളുടെ ഫലമനുഭവിക്കാൻ സാധിച്ച ദരിദ്രരും ദുഃഖിതരുമായിരുന്നു. തങ്ങളിൽ ഒരുവനെപ്പോലെ കഷ്ടപ്പാടുകളനുഭവിച്ചുകൊണ്ട് തങ്ങൾക്കുവേണ്ടി പ്രവർത്തിച്ച ജിയോർജിയോ ഫ്രസാറ്റിയുടെ വിശുദ്ധജീവിതം അപ്പോഴാണ് എല്ലാവരും തിരിച്ചറിയുന്നത്.

തുടക്കം മുതലേ അദ്ദേഹത്തോടു പ്രാർത്ഥിക്കുവാനായി ഒരുപാട് യുവജനങ്ങളും പാവങ്ങളും അദ്ദേഹത്തിന്റെ കബറിടത്തിൽ വരുമായിരുന്നു. പിന്നീട് കല്ലറ തുറന്നപ്പോൾ അഴുകാത്ത ശരീരമാണ് കാണാൻ കഴിഞ്ഞത്. ഇപ്പോൾ അദ്ദേഹം മരിച്ചിട്ട് നൂറുവർഷം തികയും. 1932ലാണ് അദ്ദേഹത്തിന്റെ നാമകരണനടപടികൾക്ക് സഭ ആരംഭം കുറിച്ചത്. നിരവധി പ്രതിബന്ധങ്ങൾ തരണം ചെയ്ത് അത് പൂർത്തീകരിക്കപ്പെട്ടത് 1981ലാണ്. 1990 മെയ് 20-ാം തിയതി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സൃഷ്ടിജാലങ്ങളിലെല്ലാം ദൈവമഹത്വം കണ്ടെത്തിയ ജിയോർജിയോ ഫ്രസാറ്റിയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

ഫ്രസാറ്റിയുടെ ആദ്യത്തെ അത്ഭുതം 1933ൽ ഡൊമിനിക്കോ സെല്ലാൻ എന്ന യുവാവിന് അസ്ഥിയിൽ ട്യൂബർക്കുലോസിസ് (TB) എന്ന ഗുരുതരരോഗം ബാധിച്ചു. വൈദ്യശാസ്ത്രത്തിന് അസാദ്ധ്യമായ അവസ്ഥയിൽ ഒരു പുരോഹിതൻ അദ്ദേഹത്തിന് ജിയോർജിയോ ഫ്രസാറ്റിയുടെ ചിത്രം നൽകുകയും വിശ്വാസത്തോടെ പ്രാർത്ഥിക്കാൻ ഉപദേശിക്കുകയും ചെയ്തു. പിന്നീട് ഡോക്ടർമാർ അതിശയത്തോടെ കാണുന്നത് ഡൊമിനിക്കോയുടെ രോഗം പൂർണ്ണമായി സുഖപ്പെട്ടതായിട്ടാണ്. പിന്നീട് ഡൊമിനിക്കോ 35 വർഷം കൂടി ആരോഗ്യത്തോടെ ജീവിച്ചു.

രണ്ടാമത്തെ അത്ഭുതം ഒരു അമേരിക്കൻ സെമിനാരി വിദ്യാർത്ഥിക്ക് പന്തുകളിക്കിടയിൽ കാലിലെ ഉപ്പൂറ്റിയിലെ അക്കിലസ് ടെൻണ്ടൺ ഗുരുതരമായ പിളർച്ച സംഭവിച്ചു. ശസ്ത്രക്രിയ അല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. രോഗി ഫ്രസാറ്റിയുടെ നൊവേനആരംഭിക്കുകയും നൊവേനയ്ക്കിടയിൽ കാലിൽ ചൂടനുഭവപ്പെടുകയും തുടർന്ന് നടത്തിയ വൈദ്യപരിശോധനയിൽ കാലിൽ സം

ഭവിച്ച ഗുരുതരമായ പരിക്ക് ശസ്ത്രക്രിയ കൂടാതെതന്നെ സുഖപ്പെടുകയും ചെയ്തു. വത്തിക്കാൻ ഈ അത്ഭുതങ്ങളെല്ലാം വിശദമായ അന്വേഷണം നടത്തി അതിന്റെ യാഥാർത്ഥ്യങ്ങൾ അംഗീകരിക്കുകയും ചെയ്തു.

ഈ വരുന്ന സെപ്റ്റംബർ ഏഴിന് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ യുവജനമദ്ധ്യസ്തനായ വാഴ്ത്തപ്പെട്ട ജിയോർജിയോ ഫ്രസാറ്റിയെ വിശുദ്ധനാക്കുന്ന നാമകരണപരിപാടികളുടെ ആഘോഷം വിപുലമായി കൊണ്ടാടാൻ തീരുമാനിച്ചിരിക്കുകയാണ്. യുവജനങ്ങൾക്കുവേണ്ടി വിശുദ്ധനോട് പ്രാർത്ഥിക്കാം.

ഡോ. റോണി ഇഗ്നേഷ്യസ്
കടപ്പാട്: സെന്റ് വിൻസെന്റ് ഡി പോൾ നിയമാവലി

‘നമ്മുടെ നിലനിൽപ്പിന്റെ കാരണം യേശുവിന്റെ ദാഹം ശമിപ്പിക്കുക എന്നതാണ്. അദ്ദേഹം വെള്ളം ചോദിച്ചപ്പോൾ, പട്ടാളക്കാരൻ അദ്ദേഹത്തിന് കുടിക്കാൻ വിനാഗിരി നൽകി - പക്ഷേ അദ്ദേഹത്തിന്റെ ദാഹം സ്നേഹത്തിനും, ആത്മാക്കൾക്കും, നിങ്ങൾക്കും എനിക്കും വേണ്ടിയുള്ളതായിരുന്നു.‘
കൊൽക്കത്തയിലെ വി. മദർ തെരേസ





# കുരിശിലെ ആത്മീയത

സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. വി. കുരിശിനെ സ്നേഹിക്കാനും വി. കുരിശിൽ അഭയം പ്രാപിക്കുവാനും നമ്മെ ഉദ്ബോധിപ്പിക്കുന്ന തിരുനാളാണിത്. പരിഹാസത്തിന്റേയും ഭോഷത്തത്തിന്റേയും ചിഹനമായ കുരിശിനെ ഈശോ തന്റെ കുരിശുമരണം വഴി രക്ഷയുടെ അടയാളമായി ഉയർത്തി.

എ.ഡി. 326ൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ അമ്മയായ ഹെലനരാജ്ഞി യേശുവിനെ കുരിശിൽ തറച്ച യഥാർത്ഥ കുരിശ് കണ്ടെത്തി എന്നാണ് ചരിത്രസാക്ഷ്യം. എന്നാൽ പേർഷ്യൻ രാജാക്കന്മാർ ഇത് കൈക്കലാക്കി. പിന്നീട് എ.ഡി 629ൽ ഹെരാലിയസ് ചക്രവർത്തി ഈ വിശുദ്ധ വസ്തു വീണ്ടെടുത്ത് ജെറുസലേമിൽ കൊണ്ടുവന്ന് സ്ഥാപിച്ചു. അന്നുമുതലാണ് കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്നത്.

ഒരു ക്രിസ്ത്യാനിയുടെ ആത്മീയതയിൽ കുരിശ് നൽകുന്ന വെളിച്ചമെന്താണ്? കുരിശിന്റെ നാലഗ്രങ്ങളിൽ ഒരഗ്രം ഭൂമിയിൽ ഉറച്ചു നിൽക്കുമ്പോൾ ഈ ഭൂമിയിൽ ജീവിക്കുന്ന നമ്മുടെ ജീവിതങ്ങളാണ് പ്രതിനിധീകരിക്കപ്പെടുന്നത്. ഒരഗ്രം ഉന്നതങ്ങളിലേക്കുയർന്ന് നിൽക്കുന്നത് പോലെ ഈ ലോകസുഖങ്ങളുടെ മായയിൽ പെട്ടുപോകാതെ സ്വർഗീയ പിതാവുമായുള്ള സുദൃഢമായ ബന്ധം പുലർത്താൻ നമുക്കാവണം എന്നതാണ് സൂചിപ്പിക്കുന്നത്. കുരിശിന് ഇരുപുറവും രണ്ട് കൈകൾ രണ്ട് വശങ്ങളിലേക്ക് വിടർന്നുനിൽക്കുന്നതുപോലെ നമ്മുടെ ജീവിതത്തിലെ സഹജീവികളോടുള്ള ബന്ധം അതായത് വെറുപ്പും വിദ്വേഷവുമില്ലാതെ സഹോദരങ്ങൾക്ക് ഇല്ലായ്മയിൽ താങ്ങായും വല്ലായ്മയിൽ ആശ്വാസമായും ജീവിക്കാൻ നമുക്കാവണമെന്ന് കുരിശ് നമ്മെ ഓർമ്മിപ്പിക്കുന്നു.

നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്; എന്നാൽ രക്ഷയിലുടെ ചരിക്കുന്ന നമുക്കോ ദൈവത്തിന്റെ ശക്തിയത്രേ. കൂടെക്കൂടെ നമുക്ക് കുരിശിലേക്ക് നോക്കാം. നമ്മുടെ സന്തോഷങ്ങളും സങ്കടങ്ങളും സർവതും കുരിശിന്റെ ചുവട്ടിലേക്ക് സമർപ്പിക്കാം. ശിക്ഷയുടെ അടയാളമായ കുരിശിനെ രക്ഷയുടെ അടയാളമായി രൂപാന്തരപ്പെടുത്തിയ ഈശോ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കുരിശാണ് രക്ഷ
കുരിശിലാണ് രക്ഷ
കുരിശേ നമിച്ചീടുന്നു.

കവിത റോഷൻ
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

## വിശുദ്ധ കുരിശിന്റെ പ്രാർത്ഥന

ഓ! ആരാധ്യനായ ദൈവമേ, രക്ഷകനായ യേശു ക്രിസ്തുവേ, അങ്ങ് ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ചുവല്ലോ. വിശുദ്ധ കുരിശേ! എന്റെ സത്യപ്രകാശമായിരിക്കണമെ. ഓ! വി. കുരിശേ! എല്ലാ തിന്മകളിൽനിന്നും എന്നെ മോചിപ്പിക്കണമെ. ഓ! വി. കുരിശേ! എല്ലാ അപകടങ്ങളിൽനിന്നും പെട്ടെന്നുള്ള മരണത്തിൽനിന്നും എന്നെ രക്ഷിക്കണമെ. എനിക്കു നിത്യജീവൻ നല്കണമെ. ഓ! ക്രൂശിതനായ നസ്രായക്കാരൻ യേശുവേ! ഇപ്പോഴും എപ്പോഴും എൻറെമേൽ കരുണയുണ്ടാകണമെ. നിത്യജീവിതത്തിലേക്ക് നയിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ തിരുരക്തത്തിൻറെയും, മരണത്തിൻറെയും, ഉയർപ്പിൻറെയും, സ്വർഗാരോഹണത്തിന്റെയും പൂജിത ബഹുമാനത്തിനായി യേശു, ക്രിസ്തുമസ്സ് ദിവസം ജനിച്ചുവെന്നും, ദു:ഖ വെള്ളിയാഴ്ച അവിടുന്ന് കുരിശിൽതൂങ്ങി മരിച്ചുവെന്നും നിക്കോദേമൂസും ഔസേപ്പും കർത്താവിന്റെ തിരുശരീരം കുരിശിൽനിന്നിറക്കി സംസ്കരിച്ചുവെന്നും അവിടുന്ന് സ്വർഗാരോഹിതനായി എന്നും ഞങ്ങൾ വിശ്വസിക്കുന്നു. കാണപ്പെടുന്നതും കാണപ്പെടാത്തതുമായ എല്ലാ ശത്രുക്കളിൽനിന്നും എന്നെ സംരക്ഷിക്കണമേ. കർത്താവായ യേശുവേ! എന്നിൽ കനിയണമെ. പരി. അമ്മേ, വി. ഔസേപ്പിതാവേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ. ഭയം കൂടാതെ കുരിശുവഹിക്കുവാനുള്ള ശക്തി അങ്ങയുടെ കുരിശിൻന്റെ സഹനത്തിലൂടെ എനിക്കു നല്കണമെ. അങ്ങയെ അനുഗമിക്കുവാനുള്ള കൃപാവരം എനിക്കു നല്കണമെ. ആമ്മേൻ




# സെപ്തംബർ 23
# വി. പാദ്രെ പിയോ (1887 – 1968)

"നമ്മുടെ കർത്താവായ യേശുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ എനിക്ക് ഇടയാക്കാതിരിക്കട്ടെ" എന്ന വി. പൗലോസ് ശ്ലീഹായുടെ വചനങ്ങൾക്ക് ജീവിതത്തിൽ വളരെ പ്രാധാന്യം നൽകി ജീവിച്ച വ്യക്തിയാണ് പാദ്രെ പിയോ. അദ്ദേഹത്തിന്റെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും ശക്തിയും സ്രോതസ്സും കർത്താവിന്റെ കുരിശായിരുന്നു. ദൈവസ്നേഹത്തെപ്രതി, ലോകരക്ഷയ്ക്കായി തന്നെത്തന്നെ അദ്ദേഹം ബലിചെയ്തു. ക്രൂശിതനായ ക്രിസ്തുവിനെ അനുകരിക്കാൻ ഇഷ്ടപ്പെട്ട അദ്ദേഹത്തിന്റെ ജീവിതത്തിലും പൗലോസ് ശ്ലീഹായുടെ വചനങ്ങൾ അന്വർത്ഥമാണ്. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്."

ഫ്രാൻസിസ് അസ്സീസിയെ കർമ്മം കൊണ്ടും വാക്കുകൊണ്ടും അനുകരിച്ച പാദ്രെ പിയോ ജനിച്ചത് 1887 മേയ് 25നാണ്. അതിനടുത്ത ദിവസം തന്നെ മാമ്മോദീസയും സ്വീകരിച്ചു. 12-ാമത്തെ വയസ്സിൽ അദ്ദേഹം പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും സ്വീകരിച്ചു. 16-ാമത്തെ വയസ്സിൽ, 1903 ജനുവരി 6ന് കപ്പൂച്ചിൻ സഭയിൽ ചേർന്ന പിയോ ആ വർഷത്തിന്റെ അവസാനത്തിൽ പ്രഥമ വ്രതവാഗ്ദാനവും 1907 ജനുവരി 27ന് നിത്യവ്രതവാഗ്ദാനവും നടത്തി. 1910 ആഗസ്റ്റ് 10 ന് ആയിരുന്നു അദ്ദേഹത്തിന്റെ പൗരോഹിത്യസ്വീകരണം.

ദൈവസ്നേഹത്താലും പരസ്നേഹത്താലും നിറഞ്ഞ പാദ്രെ പിയോ മനുഷ്യരുടെ രക്ഷയ്ക്കായി അക്ഷീണം പരിശ്രമിച്ചു. അദ്ദേഹത്തിന്റെ എല്ലാ അപ്പസ്തോലിക പ്രവർത്തനങ്ങളുടെയും ശക്തിസ്രോതസ് ആഘോഷമായ വിശുദ്ധ ബലിയർപ്പണമായിരുന്നു. കുടുംബങ്ങളുടെ സമാധാനത്തിനും ഉന്നമനത്തിനും വേണ്ടി വളരെയധികം കഷ്ടതകൾ സഹിച്ച പാദ്രെ പിയോയെ സംബന്ധിച്ചിടത്തോളം വിശ്വാസം എന്നത് ജീവിതം തന്നെയായിരുന്നു. ഇത് ദൈവതിരുമനസ്സിന് കീഴ്വഴങ്ങി ജീവിക്കുവാൻ അദ്ദേഹത്തെ സഹായിച്ചു. പലവിധ പ്രശ്നങ്ങ

ളാൽ തന്നെ സമീപിക്കുന്നവർക്കും അദ്ദേഹത്തിനു നല്കാനുണ്ടായിരുന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടേതുമായ ജീവിതസാക്ഷ്യം തന്നെയായിരുന്നു. കുമ്പസാരക്കൂട്ടിൽ ദീർഘനേരം ചെലവഴിച്ചിരുന്ന പാദ്രെ പിയോ അനേകം പാപികളുടെ മാനസാന്തരത്തിനു വഴിതെളിച്ചു. ദൈവത്തിന്റെ പ്രതിപുരുഷനായി നിലനിന്നുകൊണ്ട് പാവപ്പെട്ടവരെയും കഷ്ടതകൾ അനുഭവിക്കുന്നവരെയും രക്ഷിക്കാൻ പരിശ്രമിച്ചു. സ്വന്തം ജീവിതവിശുദ്ധീകരണത്തിനായി പലവിധത്തിലുള്ള പരിഹാരപ്രവർത്തികൾ അദ്ദേഹം അനുഷ്ഠിച്ചുപോന്നു.

ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും ജീവിതലാളിത്യം കൊണ്ടും നന്മകൊണ്ടും അനേകായിരങ്ങളെ ക്രിസ്തുവിലേക്കടുപ്പിച്ച ആ പുണ്യാത്മാവ് 1968 സെപ്തംബർ 23ന് ഈ ലോകത്തോട് വിടവാങ്ങി. 1999 മെയ് 2ന് പാദ്രെ പിയോയെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തി. 2002 ജൂൺ 16ന് അദ്ദേഹം വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു.

സി. ബീന ഒ.എസ്.എഫ്

**ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ; സ്വർഗരാജ്യം അവരുടേതാണ്.**
**വിലപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ആശ്വസിപ്പിക്കപ്പെടും.**
**ശാന്തശീലർ ഭാഗ്യവാൻമാർ; അവർ ഭൂമി അവകാശമാക്കും.**
**നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ; അവർക്കു സംതൃപ്തി ലഭിക്കും.**
**കരുണയുള്ളവർ ഭാഗ്യവാൻമാർ; അവർക്കു കരുണ ലഭിക്കും.**
**ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും.**
**സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവപുത്രൻമാരെന്നു വിളിക്കപ്പെടും.**
**നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ; സ്വർഗരാജ്യം അവരുടേതാണ്.**
**എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിൻമകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ;**
**നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകൻമാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്.**
**മത്തായി 5 : 3–12**


# സുധർമ
മെട്രോപൊളിസ് ലബോറട്ടറി
കിഴക്കേ കോട്ട ഷോപ്പിംഗ് കോംപ്ലക്സ്, കിഴക്കേ കോട്ട ജംഗ്ഷൻ
9744110888, 7902474474, 9895359097
sudharmaeastfort@gmail.com
SUDHARMA METROPOLIS The Pathology Specialist

വീട്ടിൽ വന്ന് സാംപിൾ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
LAB TIMING Monday – Saturday 7AM – 5PM

# പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2025 ഡിസംബർ 6-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹ ത്തിന്റെ വിവിധ തലങ്ങളിൽ 2024 ജൂൺ 1 മുതൽ 2025 ജൂൺ 1 വരെ യുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ/ സ്ഥാപനങ്ങളെ ഈ സമ്മേളന ത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. (തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാര ങ്ങൾക്ക് പരിഗണിക്കുന്നതല്ല).

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ 15-10-2025 നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ-680 005 എന്ന അഡ്രസ്സിൽ അയക്കേണ്ടതാണ്.
* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു. വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 15 നു പ്രസിദ്ധീകരിക്കുന്നതാണ് (www. trichurarchdiocese.org).

1. വിദ്യാഭ്യാസരംഗം
2024-25 അധ്യയനവർഷത്തിൽ
1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കു കൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ
1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ
1.3 സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടു ള്ളവർ.
1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാ

തിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

2. കായികം
2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ
(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.
സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സമ്മാനർഹരായിട്ടുള്ളവർ.
2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3. കലാസാഹിത്യ രംഗം
3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ
(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.
സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനർഹരായിട്ടുള്ളവർ.
3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

4. മറ്റു രംഗങ്ങൾ
4.1 സി.ബി.സി.ഐ., കെ.സി.ബി.സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ
4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും, സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).
4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

NB: 1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.
2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേ

ണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.
3. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള സർവ്വീസ് അവാർഡുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നൽകുന്നതിനാൽ അവർ അപേക്ഷിക്കേണ്ടതില്ല.
4. അവാർഡിന് പരിഗണിക്കുന്ന സർട്ടിഫിക്കറ്റുകൾ വിലയിരുത്തി സമ്മാനാർഹരെ നിശ്ചയിക്കുന്നത് അതിരൂപത കാര്യാലയത്തിന്റെ തീരുമാനപ്രകാരമാണ്.



**ജൂലായ് മാസത്തെ കത്തീഡ്രൽ വോയ്സ് മത്സരവിജയികൾക്കുള്ള സമ്മാനം നേടിയവർ**

# പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന



പരിശുദ്ധാത്മാവേ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കാവനും കഴിവു തരുന്ന ദൈവിക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നും അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ച് ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും.

വെറോനിക്ക ഡേവീസ്

# സീനിയർ സി.എൽ.സി.

**നേത്രദാനം - 59, 60, 61**



തൃശൂർ ലൂർദ്ദ് കത്തീഡ്രൽ കിഴക്കുംപാട്ടുകര സെന്റ് ലൂക്ക് കുടുംബകൂട്ടായ്മ കല്ലിങ്കൽ ഫ്രാൻസിസ് മകൻ ദീപക് (55)



തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ലൂർദ്ദ്പുരം സെന്റ് മേരീസ് കുടുംബകൂട്ടായ്മ കാട്ടൂക്കാരൻ പാവുണ്ണി മകൻ ജോസ് (84)



തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പ്രിയദർശിനി നഗർ മേരിമാത് കുടുംബകൂട്ടായ്മ വടക്കേത്തല പൂവ്വത്തിങ്കൽ ജോർജ്ജ് മകൻ മനോജ് (വാവച്ചൻ, 56)

ഞങ്ങളുടെ കണ്ണുകൾ മണ്ണിനുള്ളതല്ല, മനുഷ്യർക്കുള്ളതാണ്. ഞങ്ങളുടെ നേത്രപടലങ്ങൾ ഇനിയും ജീവിക്കും. അന്ധതയിൽ ജീവിക്കുന്നവരെ പ്രകാശത്തിലേക്ക് നയിക്കും."

വേർപാടിന്റെ ദുഃഖത്തിലും നേത്രദാനത്തിന് സമ്മതം നൽകിയ കുടുംബാംഗങ്ങൾക്കും സഹകരിച്ച കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും നന്ദി പറയുന്നു. പരേതരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേർന്നുകൊണ്ട്,

നേത്രദാന സമിതി
കൺവീനർ, 9946394889


**മഞ്ഞില**
**ഡ്രൈവിങ്ങ് സ്കൂൾ**
**24 മണിക്കൂർ ബ്രേക്ക് ഡൗൺ സൗകര്യം ലഭ്യമാണ്**
**കോരത് ലെയിൻ, ലൂർദ്ദ്പുരം**
**Ph: 8304077360, 9495026360**

# സെന്റ് അൽഫോൺസ കുടുംബകൂട്ടായ്മ



സെന്റ്. അൽഫോൺസ കുടുംബകൂട്ടായ്മയുടെ പ്രതിമാസ യോഗവും യൂണിറ്റ് മധ്യസ്ഥയായ വി. അൽഫോൺസാമ്മയുടെ നാമഹേതുക തിരുന്നാളും 27.07.25 ഞായറാഴ്ച 3 pm ന് ഡോ. ഇരിമ്പൻ ജോർജ് എഡ്വിന്റെ വസതിയിൽ യൂണിറ്റ് വൈസ് പ്രസിഡണ്ട് ശ്രീ. ജോബി ജോൺസന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. കത്തീഡ്രൽ വികാരി റവ ഫാ. ജോസ് വല്ലൂരാന്റെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ യൂണിറ്റ് അനിമേറ്റേഴ്സ് ആയ സി. ഷാനി, സി. രമ്യ, റിസോഴ്സ് പേഴ്സൺ ഡോ. ഇഗ്നേഷ്യസ് ആന്റണി എന്നിവർ സന്നിഹിതരായിരുന്നു. സമുദായ ശാക്തീകരണ ജാഗ്രത സദസ്സിന് മുന്നോടിയായി ഡോ. ഇഗ്നേഷ്യസ് ആന്റണി അവബോധ ക്ലാസ് നടത്തുകയുണ്ടായി. തുടർന്ന് 2025 - 28 ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുകയുണ്ടായി. അൽഫോൺസാമ്മയുടെ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് നേർച്ചഭക്ഷണ വിതരണവും ഉണ്ടായിരുന്നു.

28.07.25 തിങ്കളാഴ്ച ഇടവക പള്ളിയിൽ വൈകീട്ടത്തെ ആഘോഷമായ പാട്ടുകുർബ്ബാന, ലദ്ദീഞ്ഞ്, നൊവേന എന്നിവ യൂണിറ്റ് ഏറ്റെടുത്ത് നടത്തുകയും കാഴ്ചസമർപ്പണം, പുഷ്പാർച്ചന എന്നിവ നടത്തുകയും ചെയ്തു.

ജോസ് ചിറ്റാട്ടുകര
(സെക്രട്ടറി)

# സെന്റ് മേരീസ് കുടുംബകൂട്ടായ്മ

15 ജൂൺ 2025, ഞായറാഴ്ച 3 മണിക്ക് വികാരിയച്ചൻ റവ. ഫാ. ജോസ് വല്ലൂരാന്റെ അദ്ധ്യക്ഷതയിൽ നടന്ന കുടുംബകൂട്ടായ്മയിൽ 2025-2028 കാലയളവിലേക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ ഇലക്ഷൻ നടത്തപ്പെട്ടു.

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീ. ജോസഫ് കുഞ്ഞാപ്പു |
| സെക്രട്ടറി | - | ശ്രീ. ലിയോ ടോം വടക്കൻ |
| ട്രഷറർ | - | ശ്രീ. ഷാജ് തോമസ് ചെറുവന്നൂർ |

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് | – | ശ്രീ. ജെറിൻ പൂവ്വത്തിങ്കൽ |
| വൈസ് പ്രസിഡന്റ് | – | ശ്രീമതി ക്ലാര നെടുമ്പറമ്പിൽ |
| ജോ. സെക്രട്ടറി | – | ശ്രീ. ജോവിൻ ജോമോൻ അറയ്ക്കൽ |
| ജോ. സെക്രട്ടറി | – | ശ്രീമതി ആനി അടാട്ടുകാരൻ |

# വിമലനാഥ കുടുംബകൂട്ടായ്മ – വാർഷിക സംഗമം



വിമലനാഥ കുടുംബകൂട്ടായ്മയുടെ വാർഷിക സംഗമം ജൂലൈ 27, 2025 ഞായറാഴ്ച വൈകീട്ട് 7.00ന് ലൂർദ്ദ് കത്തീഡ്രൽ ഹാളിൽ വെച്ചു നടത്തുകയുണ്ടായി. വികാരി ഫാ. ജോസ് വല്ലൂരാൻ പരിപാടികൾ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് ശ്രീമതി മരിയ അരുൺ സ്വാഗതം ആശംസിച്ചു. പ്രസിഡണ്ട് ശ്രീ. ലൂവി കണ്ണാത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷിക യോഗത്തിൽ സഹവികാരിമാരായ ഫാ. പ്രിജോവ്, ഫാ. ജീസ്മോൻ, ഡീക്കൻ ജോസഫ്, നടത്തുകൈകാരൻ ശ്രീ. ജോസ് ചിറ്റാട്ടുക്കര, അതിരൂപത കുടുംബകൂട്ടായ്മ ട്രഷറർ ശ്രീ. ജയ്സൺ മാണി, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ അഡ്വ. പ്രിൻസ് ജോർജ്, താബോർ മേഖല കൺവീനർ ശ്രീ. ജെയിംസ് ആളൂർ, നിർമ്മലഭവൻ സിസ്റ്റേഴ്സ് എന്നിവർ പങ്കെടുത്തു.

സെക്രട്ടറി ശ്രീമതി ഡെൻസി റെജിനാൾഡ് വാർഷിക റിപ്പോർട്ടും, ട്രഷറർ ശ്രീ. സോണി ആലപ്പാട്ട് വാർഷിക കണക്കും അവതരിപ്പിച്ചു. വാർഷിക യോഗത്തിൽ വികാരിയച്ചൻ യൂണിറ്റിലെ മുതിർന്ന പൗരന്മാരെ പൊന്നാട അണിയിച്ച് ആദരിച്ചു. ഇടവക ദിനത്തോടനുബന്ധിച്ച് നടത്തിയ കലാകായിക സാഹിത്യ മത്സരങ്ങളിൽ കൂടുതൽ പോയിന്റ് നേടിയവർക്കും, വിജയികളായവർക്കും പാരിതോഷികങ്ങൾ വിതരണം ചെയ്തു. കൂട്ടായ്മയിൽ മുഴുവൻ ഹാജർ നേടിയവർ, ബൈബിൾ ക്വിസ് വിജയികൾ, 10, 12 ക്ലാസുകളിൽ ഉന്നത വിജയം നേടിയവർ, വേദപാഠം- മികച്ച വിജയം നേടിയവർ, മുഴുവൻ ഹാജർ ലഭിച്ചവർ എന്നിവർക്കും സമ്മാനങ്ങൾ നൽകുകയുണ്ടായി. കൂടാതെ, ക്രിസ്തുമസ് കൂട് മത്സരത്തിൽ വിജയിച്ചവർക്കും സമ്മാനങ്ങൾ നൽകി. വിവിധ കലാപരിപാടികൾ യോഗത്തിന് മാറ്റുകൂട്ടി. ശ്രീ ലിക്സൺ പെരേപ്പാടൻ യോഗത്തിന് നന്ദി പറഞ്ഞു. സ്നേഹവിരുന്നോടുകൂടി രാത്രി 10.00 മണിക്ക് പരിപാടികൾ സമാപിച്ചു.

ഡെൻസി റെജിനാൾഡ്
(സെക്രട്ടറി)

# സെന്റ് ആൻഡ്രൂസ് കുടുംബസമ്മേളനം



സെന്റ് ആൻഡ്രൂസ് കുടുംബകൂട്ടായ്മയുടെ വാർഷികയോഗം 3.8.2025 ഞായറാഴ്ച വൈകീട്ട് 7 മണിക്ക് ശ്രീ. അക്കരപ്പറ്റി ദേവസ്സി മകൻ ജെയ്സൺന്റെ ഭവനത്തിൽ അഡ്വ. പ്രിൻസ് ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ കത്തീഡ്രൽ വികാരി വെ.റവ.ഫാ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. സഹ വികാരി ഫാ. ജീസ്മോൻ ചെമ്മണ്ണൂർ, ഡീക്കൻ ജോസഫ് ബ്രഹ്മകുളം, യൂണിറ്റ് ആനിമേറ്റേഴ്സ് സി. ഫ്ളവർജിസ്, മേഖല പ്രതിനിധി ശ്രീ. പോൾ മേക്കാട്ടുകുളം എന്നിവർ ആശംസ നേർന്നു. യൂണിറ്റംഗങ്ങളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. യൂണിറ്റ് സെക്രട്ടറി റിപ്പോർട്ടും, ട്രഷറർ കണക്കും അവതരിപ്പിച്ചു. ജോയന്റ് സെക്രട്ടറി നന്ദി പറഞ്ഞു. സ്നേഹവിരുന്നിനു ശേഷം യോഗം 9 മണിക്ക് അവസാനിച്ചു.

– സെക്രട്ടറി

**പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | – | അഡ്വ. പ്രിൻസ് ജോർജ്ജ് കാങ്കപ്പാടൻ |
| വൈസ് പ്രസിഡന്റ് | – | 1. ജെയ്സൺ നടക്കാവുകാരൻ<br>2. റോസക്കുട്ടി ജോസ് |
| സെക്രട്ടറി | – | തെരേസ വിപിൻ കൊള്ളന്നൂർ |
| ജോയിന്റ് സെക്രട്ടറി | – | 1. വർഗ്ഗീസ് പുല്ലോക്കാരൻ<br>2. അൽഫോൻസ പോൾ കാക്കശ്ശേരി |
| ട്രഷറർ | – | എൽസി വർഗീസ് പുതുശ്ശേരി |


# വീട്ടിൽ ട്യൂഷൻ

**CBSE, State സിലബസ് 8, 9, 10 ക്ലാസിലെ കുട്ടികൾക്ക് എല്ലാ വിഷയങ്ങളിലും. ട്യൂഷൻ സമയം 5 മണി മുതൽ (ഒഴിവുദിവസം കാലത്ത് തൊട്ട് വൈകീട്ട് വരെ)**

**Contact us 9895536733**

# സെന്റ് ജോൺ പോൾ II കുടുംബയൂണിറ്റ്




**വാർഷികം**

സെന്റ് ജോൺ പോൾ II കുടുംബയൂണിറ്റ് വാർഷികം ലൂർദ്ദ് കത്തീഡ്രൽ വികാരി റവ. ഫാ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീമതി പ്രിൻസി ജോണി അദ്ധ്യക്ഷത വഹിച്ചു. കത്തീഡ്രൽ അസി.വികാരിമാരായ ഫാ. പ്രിജോവ് വടക്കേത്തല, ഫാ. ജീസ്മോൻ ചെമ്മണ്ണൂർ, ശാന്തിഭവൻ കോൺവെന്റ് മദർ സുപ്പീരിയർ റവ. സി. ക്ലെയർ OSF, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ അഡ്വ. പ്രിൻസ് ജോർജ്ജ്, സെക്രട്ടറി അഡ്വ. സണ്ണി മാത്യു എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. യൂണിറ്റ് സെക്രട്ടറി ജോർജ്ജ് കുറ്റിക്കാട്ട് വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീമതി ബിന്ദു റോബി വാർഷിക കണക്കും അവതരിപ്പിച്ചു. ശ്രീ. ജോസ് സെബാസ്റ്റ്യൻ സ്വാഗതവും അഡ്വ. വിനോദ് ഡേവിസ് നന്ദിയും പറഞ്ഞു. യോഗത്തിനിടയിൽ യൂണിറ്റ് അംഗങ്ങളുടെ വിവിധ കലാപരിപാടികളും യോഗത്തിന് ശേഷം സ്നേഹവിരുന്നു ഉണ്ടായിരുന്നു.

സെക്രട്ടറി
ജോർജ്ജ് കുറ്റിക്കാട്ട്


# മേരിമാത യൂണിറ്റ്



ആഗസ്റ്റ് മാസത്തിൽ നടന്ന കുടുംബസമ്മേളനത്തിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ അസി. വികാരി ഫാ. ജീസ്മോൻ ചെമ്മണ്ണൂർ അനുമോദിക്കുകയും ആശംസിക്കുകയും ചെയ്തു. പ്രസിഡന്റ് മേരി ജോഷി, സെക്രട്ടറി ഓമന ജോൺസൺ, ട്രഷറർ ജോജു മഞ്ഞില എന്നിവർ പ്രസംഗിച്ചു.

പ്രസിഡന്റ്
മേരി ജോഷി

# സെന്റ് സെബാസ്റ്റ്യൻ കുടുംബകൂട്ടായ്മ



സെന്റ് സെബാസ്റ്റ്യൻ കൂട്ടായ്മയുടെ കുട്ടികൂട്ടായ്മ വിഭാഗം മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിനോടനുബന്ധിച്ച് 'മാതാവിനൊരു പൂച്ചെണ്ട്' എന്ന പ്രവർത്തനത്തിന്റെ ഭാഗമായി ആഗസ്റ്റ് ഒന്നാം തിയതി മുതൽ പതിനഞ്ചാം തിയതി വരെ ഓരോ ദിവസവും കഴിയുന്നത്ര നന്മ നിറഞ്ഞ മറിയമേ എന്ന ജപം ചൊല്ലി ഒരുങ്ങി. എല്ലാ കുട്ടികൂട്ടായ്മ അംഗങ്ങളുടെ സജീവ പങ്കാളിത്തത്തോടെ 12006 നന്മ നിറഞ്ഞ മറിയമെ ജപം മാതാവിനു മുമ്പിൽ സമർപ്പിച്ചു. കുട്ടികൂട്ടായ്മ അംഗമായ ജോൺ ടി. ഫ്രാങ്കോ മനോഹരമായി നിറം നൽകിയ മാതാവിന്റെ ചിത്രത്തിനു മുന്നിൽ പ്രതീകാത്മകമായി ഓരോ അംഗങ്ങളും തങ്ങൾ ചൊല്ലിയ നന്മ നിറഞ്ഞ മറിയമെ എന്ന ജപം പൂക്കളായി സമർപ്പിച്ചു. ഇതിലേക്കായി പൂക്കൾ തയ്യാറാക്കിയത് കുട്ടികൂട്ടായ്മ ലീഡർ തന്നെയാണ്. ഏറ്റവും അധികം ജപം ചൊല്ലിയവർക്ക് സമ്മാനങ്ങൾ നൽകി. പൂക്കൾ സമർപ്പിച്ച എല്ലാ അംഗങ്ങൾക്കും ഡീക്കൻ ജോസഫ് ബ്രഹ്മകുളം സമ്മാനങ്ങൾ നൽകി കുട്ടികൂട്ടായ്മ ആനിമേറ്റർ ബേബി തോമസ് പ്രവർത്തനത്തിന് നേതൃത്വം നൽകി.

കുട്ടികൂട്ടായ്മ അംഗങ്ങൾ
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

**ഭക്തിയോടുകൂടി ഓരോ വിശുദ്ധ കുർബ്ബാന അർപ്പിക്കുമ്പോഴും നിരവധി ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തു നിന്നും മോചിതരായി പറുദീസായിലേയ്ക്കു പറക്കുന്നു.**
**വി. ജെറോം**

## ഞങ്ങൾ വരവായി : സ്വാഗതം

1. തൃശ്ശൂർ ലൂർദ്ദ്, നടക്കാവുക്കാരൻ റോമി – വനേസ മകൾ കെൻസി റോമി
   12.02.2025 20.07.2025
2. എറവ്, മാളിയേക്കൽ എബിൻ – ആൻഫി മകൾ റൂവി ബെത്ത് സാവിയോ
   21.01.2025 26.07.2025
3. ആലുവ, പൊഴോലിപറമ്പിൽ എബിൻ – അമൃത മകൻ ജോസഫ് എബിൻ പൊഴോലിപറമ്പിൽ
   17.07.2025 28.07.2025
4. തൃശൂർ ലൂർദ്ദ്, അക്കരപ്പറ്റി മാനുവൽ – താനിയ മകൻ ടായൻ മാനുവൽ
   29.10.2024 09.08.2025
5. പോട്ട, വാഴപ്പിള്ളി ഡേവിഡ് – ശിൽപ മകൾ എമിലി ഡേവിഡ്
   15.02.2025 10.08.2025
6. പെരുംമ്പാവൂർ, തോട്ടുങ്കൽ മിറാജ് – ശാമിലി മകൾ എയ്സൽ മരിയ മിറാജ്
   31.03.2025 10.08.2025
7. ദേവഗിരി, കുരുതുകുളങ്ങര അജയ് – ഡിംപിൾ മകൻ എയ്ഡൻ അജയ്
   22.05.2024 10.08.2025
8. തൃശൂർ ലൂർദ്ദ്, നീലങ്കാവിൽ അരുൺ – ആനി മകൻ ജോസഫ് അരുൺ
   09.02.2025 11.05.2025
9. തൃശൂർ ലൂർദ്ദ്, അതിയുന്തൻ ബിജു – വിൻസി മകൻ ഐവിൻ ബിജു
   11.06.2025 17.08.2025

## ഞങ്ങൾ ഒന്നായി : ആശംസകൾ

1. തൃശൂർ ലൂർദ്ദ്, ഇലഞ്ഞിക്കൽ ഷിബു – മിനി മകൾ നേഹ
   ഒല്ലൂർ, അക്കര ജോജു – സ്റ്റെല്ല മകൻ ഓസ്റ്റിൻ 12.07.2025
2. തൃശൂർ ലൂർദ്ദ്, ആളൂർ ജെയിംസ് – ഷെർളി മകൻ റോക്കി
   മണ്ണംപേട്ട, അക്കരപ്പറ്റി ജേക്കബ്ബ് – ബീന മകൾ സാന്ദ്ര 10.08.2025
3. തൃശൂർ ലൂർദ്ദ്, അറങ്ങാശ്ശേരി റോയ്സൺ – ഷിജി മകൻ ഗോഡ്സൺ
   പട്ടിക്കാട്, സാഫല്യം പ്രതാപ് – ഷീജ മകൾ അതുല്യ 10.08.2025
4. തൃശൂർ ലൂർദ്ദ്, കവലക്കാട്ട് സണ്ണി – എലിസബത്ത് മകൻ ബോണി
   പാലക്കൽ, ഐനിക്കൽ ഫ്രാൻസീസ് – മേഗി മകൾ പ്രവീണ 17.08.2025
5. തൃശൂർ ലൂർദ്ദ്, കൊച്ചികുന്നേൽ ഷാജു – റിൻസി മകൻ കേഷ്വസ്
   തിരുവല്ല, കുളങ്ങര സാബു – ആലിസ് മകൾ റിയ 17.08.2025
6. തൃശൂർ ലൂർദ്ദ്, ഇലഞ്ഞിക്കൽ ബേബി – സുമ മകൻ ഷിബു
   മാടക്കത്തറ, ചേറ്റുപുഴക്കാരൻ ജോസ് – റാണി മകൾ നിസി 17.08.2025

## ഇടവകയിൽ ചേർന്നവർ : നാം ഒരു കുടുംബം

1. പാനികുളങ്ങര ലോനായി മകൻ ഷാജു (കുമ്പിടി പള്ളി) 15.07.2025
2. തരകൻ ദേവസ്സി മകൻ സെബാസ്റ്റ്യൻ (കോട്ടപ്പടി പള്ളി) 16.07.2025
3. തെക്കേക്കര സെബാസ്റ്റ്യൻ മകൻ സൈക്കോ (കരാഞ്ചിറ പള്ളി) 18.07.2025
4. പ്ലാക്കൽ ഈനാശു മകൾ ഷെർളി (പൊന്നൂക്കര പള്ളി) 18.07.2025
5. ചിറ്റിലപ്പിള്ളി ഷാജു മകൻ സാവിയോ (പൊന്നൂക്കര പള്ളി) 18.07.2025
6. കടമ്പമറ്റത്തിൽ വിൻസെന്റ് മകൻ ഡേവിസ് (വെട്ടുക്കാട് പള്ളി) 30.07.2025
7. പുത്തൂർ വർക്കി മകൻ അഭിലാഷ് (പൂങ്കുന്നം പള്ളി) 04.08.2025
8. പാലാട്ടി തോമസ് മകൻ അലക്സാണ്ടർ (അരിമ്പൂർ പള്ളി) 11.08.2025

## ഇടവകയിൽ നിന്ന് മാറിപ്പോയവർ : നന്മ നേരുന്നു

1. കിഴക്കൂടൻ മാത്തുണ്ണി മകൻ ജോൺസൺ (പറവട്ടാനി പള്ളി) 02.08.2025
2. ചക്കാലയ്ക്കൽ ആന്റണി മകൾ റോഷ്ണി (മുക്കാട്ടുകര പള്ളി) 08.08.2025

## ഞങ്ങൾ യാത്രയായി : പ്രാർത്ഥനാപൂർവ്വം

| | | |
|---|---|---|
| 1. | ചെമ്പൂക്കാവ്, കോയിൽപറമ്പിൽ പീറ്റർ മകൻ റെസ്മിനോൾ (83) | 12.07.2025 |
| 2. | അഞ്ചങ്ങാടി, ചിറയത്ത് മഞ്ഞില റാഫേൽ ഭാര്യ എൽസി (84) | 17.07.2025 |
| 3. | കിഴക്കുംപാട്ടുകര, കല്ലിങ്ങൽ ഫ്രാൻസീസ് മകൻ ദീപക് (55) | 23.07.2025 |
| 4. | ഹോളിഗാർഡൻ, കാളാശ്ശേരി ചാക്കോ മകൻ ജെയിംസ് (70) | 23.07.2025 |
| 5. | കിഴക്കുംപാട്ടുകര, കിഴക്കൂടൻ മാത്തുണ്ണി ഭാര്യ മേരി (87) | 27.07.2025 |
| 6. | ലൂർദ്ദ്പുരം, കാട്ടൂക്കാരൻ പാവുണ്ണി മകൻ ജോസ് (84) | 03.08.2025 |
| 7. | അവന്യൂ റോഡ്, തോട്ടാൻ പോൾ ഭാര്യ ആലിസ് (82) | 08.08.2025 |
| 8. | പ്രിയദർശിനി നഗർ, വടക്കേത്തല പൂവ്വത്തിങ്കൽ ജോർജ്ജ് മകൻ മനോജ് (56) | 09.08.2025 |
| 9. | ചേലക്കോട്ടുകര, കൈതാരത്ത് തോമസ് മകൻ പീറ്റർ (60) | 17.08.2025 |

# കാരുണ്യപ്രവർത്തികൾ പതിനാല്

(മ) ശാരീരികങ്ങൾ ഏഴ്

1 വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുന്നത്
2 ദാഹിക്കുന്നവർക്കു കുടിക്കാൻ കൊടുക്കുന്നത്
3 വസ്ത്രമില്ലാത്തവർക്കു വസ്ത്രം കൊടുക്കുന്നത്
4 പാർപ്പിടമില്ലാത്തവർക്കു പാർപ്പിടം കൊടുക്കുന്നത്
5 രോഗികളെയും തടവുകാരെയും സന്ദർശിക്കുന്നത്.
6 അവശരെ സഹായിക്കുന്നത്.
7 മരിച്ചവരെ അടക്കുന്നത്.

(യ) ആദ്ധ്യാത്മികങ്ങൾ ഏഴ്

1. അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്
2. സംശയമുള്ളവരുടെ സംശയം തീർക്കുന്നത്
3. ദു:ഖിതരെ ആശ്വസിപ്പിക്കുന്നത്
4. തെറ്റു ചെയ്യുന്നവരെ തിരുത്തുന്നത്
5. ഉപദ്രവങ്ങൾ ക്ഷമിക്കുന്നത്
6. അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുന്നത്
7. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുന്നത്

വിശുദ്ധ ഗ്രന്ഥത്തെപ്പറ്റിയുള്ള അജ്ഞത,
ക്രിസ്തുവിനെപ്പറ്റിയുള്ള അജ്ഞതയാണ്.
വി. ജെറോം

# ബൈബിൾ ക്വിസ് മത്സരം

**(എഫേസോസ് 1 മുതൽ 6 വരെ അദ്ധ്യായങ്ങൾ)**



**സെപ്തംബർ 2025**

**സി. ദീപ വർഗ്ഗീസ് S.K.D.**

1. ............. അവന്റെ ശരീരമാണ്. പൂരിപ്പിക്കുക.
2. നിങ്ങൾ രക്ഷിക്കപ്പെട്ടത് എങ്ങനെ?
3. ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല; മറിച്ച് ആരാണ്?
4. രഹസ്യം എനിക്ക് അറിവായത് എങ്ങനെ?
5. നമുക്കോരോരുത്തർക്കും ക്രിസ്തുവിന്റെ ദാനത്തിനനുസൃതമായി നല്കപ്പെട്ടിരിക്കുന്നത് എന്ത്?
6. നിങ്ങളുടെ അധരങ്ങളിൽനിന്ന് .............. പുറപ്പെടാതിരിക്കട്ടെ. പൂരിപ്പിക്കുക.
7. രക്ഷയുടെ ദിനത്തിനുവേണ്ടി നിങ്ങളെ മുദ്രിതരാക്കിയ ആരെ വേദനിപ്പിക്കരുത് എന്നാണ് പറയുന്നത്?
8. പ്രശോഭിക്കുന്നത് എന്താണ്?
9. ക്രിസ്തുവിനോടുള്ള ബഹുമാനത്തെപ്രതി എന്താണ് ചെയ്യേണ്ടത്?
10. ശുശ്രൂഷ ചെയ്യേണ്ടത് എങ്ങനെ?

**ക്വിസ് കോർണർ**

1.രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ – അദ്ധ്യായവും വാക്യവും എഴുതുക.

2. എഫേസോസ് 5/4 ഉദ്ധരിക്കുക.

**ആഗസ്റ്റ് 2025 ഉത്തരങ്ങൾ**

1. ജോഷ്വ
2. സെറുബാബേലിന്റെ കരം
3. ജോസിയാ
4. സിയോനെ
5. ഹദ്രാക്ക്
6. ഗാസായിൽ
7. ഫിലിസ്ത്യരുടെ
8. യൂദാഭവനത്തെ
9. എഫ്രായിം
10. ഈജിപ്തിന്റെ

**ക്വിസ് കോർണർ**

1. ആരും കയറിയിറങ്ങി നടക്കാതിരിക്കാൻ ഞാൻ എന്റെ ഭവനത്തിനു ചുറ്റും പാളയമടിച്ചു കാവൽ നിൽക്കും. സഖറിയാ 9/8

–സി. ദീപ വർഗ്ഗീസ്

**ക്വിസ് കോർണർ വിജയികൾ**

1. ധന്യ അരുൺ സെന്റ് ക്രിസ്റ്റഫർ യൂണിറ്റ്
2. ആൻറിയ റോയ് ആലപ്പാട്ട് ചെറുപുഷ്പം യൂണിറ്റ്

**ബൈബിൾ ക്വിസ് വിജയികൾ**

1. എൻവിയ. വി. ജോവൽ.ലൂർദ്ദ്നാഥ യൂണിറ്റ്
2. ആനി ജോസ് സെന്റ് ക്രിസ്റ്റഫർ യൂണിറ്റ്



പേര്.......................................................................................................................

ക്ലാസ്......................യൂണിറ്റ്.......................................................................................

.......................................................................................................................................



## 2025 ആഗസ്റ്റ് മാസം അടിക്കുറിപ്പ് മത്സര വിജയികൾ

**LP വിഭാഗം**

1st സിലിൻ റോസ് - IIIA, സെന്റ് ആഗ്നസ് യൂണിറ്റ് .
‘നല്ല സ്വാദ് മുഴുവനും തിന്നാലോ?’

2nd മിഖേല മരിയ അനൂപ് -IV C, സെന്റ് ജോസഫ്സ് യൂണിറ്റ് .
‘ഒരെണ്ണം കൂടി മേടിച്ചു തരട്ടേ’

**UP വിഭാഗം**

1st അൽജോ ജോജു N. VI B, സെന്റ് ജോർജ്ജ് യൂണിറ്റ് .
‘പയ്യെ തിന്നാൽ പനയും തിന്നാം.’

2nd ജുവാൻ ബിബിൻ - V A, സെന്റ് ജൂഡ് യൂണിറ്റ് .
‘തിന്നത് മതി, ബാക്കിയുള്ളത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് വരുന്നവർക്ക് കൊടുക്കാം’

**H S വിഭാഗം**

1st അന്ന റോസ് ആന്റണി - X B, , ഹോളി സ്പിരിറ്റ് യൂണിറ്റ് .
‘എന്നെ കൂടി നിങ്ങളുടെ ലൂർദ്ദ് സ്കൂളിൽ പഠിപ്പിക്കാമോ’

2nd റോമ റോസ് - XII B, മേരിമാതാ യൂണിറ്റ് .
‘കടിച്ചിട്ടും പൊട്ടുന്നില്ല, തേങ്ങേടെ മൂഡ്. ഓ.... വയസ്സനായി’

# TRIANGLE EDUCATION CENTRE (TEC)

Behind Nirmalamatha Central School, Lourdpuram, Eastfort & Kuriachira

**WELCOME BACK TO TRIANGLE EDUCATION CENTRE**

## 10TH CBSE 90%ത്തിനു മുകളിൽ മാർക്ക് നേടിയ പൂർവ്വകാല വിദ്യാർത്ഥികൾ




Anagha (Nirmala Matha), Gopika (Nirmala Matha), Sreelakshmi (Nirmala Matha), Sreeya (Nirmala Matha), Abiya (Nirmala Matha), Amal (Amritha Vidyalayam)



Anchal (Amritha Vidyalayam), Arjun (Carmel), Harsha (Carmel), Namiya (Devamatha)

10th, +1, +2, 8th, 9th CBSE/State Admission തുടരുന്നു.

+1 Improvement ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു.



Reshma (Devamatha), Flemin (Kendriya Vidyalaya), Joy (St. Pauls), Kevin (St. Vincent), Harvy (St. Vincent), Andrea (St. Pauls)

- CLASSES FOR : 10TH, +2, +1, 9TH 8TH, CBSE / STATE AND B-TECH
- SUBJECTS : MATHS, PHYSICS CHEMISTRY FOR 10TH, +2,+1 AND BIOLOGY, SOCIAL SCIENCE ONLY FOR 10TH CLASSES
- FOR OUR EXPERT - LED TUITION CLASSES
- REGULAR SERVICES RUN FROM **4.30 PM TO 6.30 PM**
- FOCUSING ON IN DEPTH LEARNING
- NEED EXTRA SUPPORT ? INDUVIDUAL ATTENTION CLASSES ARE AVAILABLE AFTER **6.30 PM**
- SECURE YOUR SPOT TODAY FOR PERSONALIZED GUIDANCE

**NO PAIN NO GAIN**

# 9387106649, 9387375851

ട്യൂഷൻ രംഗത്ത് 25 വർഷം പ്രവർത്തന പരിചയമുള്ള Triangle Education Centre (TEC) കോവിഡിന് ശേഷം ഈ വർഷം മുതൽ എല്ലാവരുടേയും ആശിർവാദത്തോടുകൂടി വീണ്ടും ട്യൂഷൻ മേഖലയിലേക്ക്

9387106649 മുൻ വർഷങ്ങളിലെ +2 റിസൾട്ടിലേക്ക് തിരിഞ്ഞുനോട്ടം 9387375851

## 2018–19 +2, ട്യൂഷൻ വിഷയങ്ങളുടെ റിസൾട്ട്



Christa (St. Joseph) Maths : 200/200 Phy : 190/200 Chem : 156/200
Jisna (Vivekodayam) Maths : 197/200 Phy : 183/200 Chem : 192/200
Catherine (St. Raphael) Maths : 190/200 Phy : 167/200 Chem : 187/200
Glina (Sacred Heart) Maths : 193/200 Phy : 192/200 Chem : 194/200
Pradosha (Vivekodayam) Maths : 189/200 Phy : 185/200 Chem : 183/200
Jesna Anto (St. Raphaels) Maths : 184/200 Phy : 190/200 Chem : 200/200
Shehin (Sacred Heart) Maths : 200/200 Phy : 163/200 Chem : 200/200
Adithya (St. Raphael) Maths : 186/200 Phy : 185/200 Chem : 180/200
Devika (Chaldean) Maths : 190/200 Phy : 178/200 Chem : 192/200



Aiswarya (Vivekodayam) Maths : 194/200 Phy : 176/200 Chem : 170/200
Krishnendu (Vivekodayam) Maths : 193/200 Phy : 177/200 Chem : 158/200
Anna (St. Raphael) Maths : 196/200 Phy : 158/200 Chem : 178/200
Swathi (Sacred Heart) Maths : 200/200 Phy : 198/200
Sowmanasya (Sacred Heart) Maths : 200/200 Phy : 196/200
Jephy (Sacred Heart) Maths : 198/200 Phy : 194/200
Anitta (Sacred Heart) Maths : 194/200 Phy : 196/200
Ann Mary (Sacred Heart) Maths : 198/200 Phy : 198/200
Ayrin (Sacred Heart) Maths : 188/200 Phy : 180/200




Archana (St. Joseph) Maths : 195/200 Phy : 171/200 Chem : 186/200
Pritam (Chaldean) Maths : 193/200 Phy : 157/200 Chem : 182/200
Christeena (Sacred Heart) Maths : 180/200 Phy : 151/200 Chem : 161/200
Devidasan (St. Augustine) Maths : 182/200 Phy : 169/200 Chem : 181/200
Sreeram (St. Thomas) Maths : 183/200 Phy : 168/200
Nivedya (St. Raphael) Maths : 179/200 Phy : 160/200 Chem : 162/200
Sayana (St. Raphaels) Maths : 185/200 Phy : 152/200 Chem : 163/200
Helen (St. Raphaels) Maths : 162/200 Phy : 155/200 Chem : 175/200
Ann Rose (St. Raphaels) Maths : 160/200 Phy : 144/200 Chem : 181/200




Anju (Sacred Heart) Maths : 188/200 Phy : 158/200 Chem : 167/200
Gouri (St. Joseph's) Maths : 180/200 Phy : 158/200 Chem : 169/200
Anitta (St. Raphael's) Maths : 182/200 Phy : 158/200 Chem : 185/200
Negha (St. Raphael's) Maths : 184/200 Phy : 154/200 Chem : 168/200
Nima (St. Raphael's) Maths : 171/200 Phy : 150/200 Chem : 145/200
Anvia (Chaldean) Maths : 173/200 Phy : 144/200 Chem : 158/200
Juna (Model Girls) Phy : 175/200 Phy : 156/200
Neethu (Nirmala Matha) Maths : 145/150
Vaishnavi (Vivekodayam) Maths : 173/200 Phy : 155/200 Chem : 178/200

# നിറം കൊടുക്കൽ മത്സരം



**സെപ്തംബർ 2025**



പേര്.......................................................................................................................

ക്ലാസ്.......................യൂണിറ്റ്...............................................................................

## 2025 ആഗസ്റ്റ് മാസം നിറം കൊടുക്കൽ മത്സര വിജയികൾ

**LP വിഭാഗം**

1st ജോവന്ന കൊള്ളന്നൂർ - IV B ക്രൈസ്റ്റ് കിങ്ങ് യൂണിറ്റ് .

2nd എസ്തർ ഹൃദയ്- III C, ലൂർദ്ദ് നാഥാ യൂണിറ്റ്

**UP വിഭാഗം**

1st ജീവ് നിജോ - VI A, സെൻ്റ് ക്രിസ്റ്റഫർ യൂണിറ്റ് യൂണിറ്റ്

2nd അരോമ റോയ് ആലപ്പാട്ട് - VII B, ചെറുപുഷ്പം യൂണിറ്റ്

**H S വിഭാഗം**

1st ഏയ്ഞ്ചല സിബി - XI, സെൻ്റ് സെബാസ്റ്റ്യൻ യൂണിറ്റ്

2nd ഫാബിയോ ജോസ് - XI B, സെൻ്റ് ആൻസ് യൂണിറ്റ്

| കൂടുംബകൂട്ടായ്മകൾ – സെപ്റ്റംബർ 2025 | | | | |
|---|---|---|---|---|
| 1 | സെന്റ് തോമസ് | 3:00 PM | 07.09.2025 | കോടങ്കണ്ടത്ത് ദേവസ്സി ആന്റോ |
| 2 | സെന്റ് മാത്യുസ് | 3:00 PM | 07.09.2025 | എലുവത്തിങ്കൽ കുറ്റുക്കാരൻ ആന്റണി ജോൺസൺ |
| 3 | സെന്റ് ജോൺ | 5:00 PM | 07.09.2025 | കല്ലറയ്ക്കൽ ദേവസ്സി മേരി |
| 4 | സെന്റ് പീറ്റർ | 6:30 PM | 14.09.2025 | വാർഷികം – ഫസ്റ്റ് സ്കൂൾ |
| 5 | സെന്റ് ആന്റണി | 4:00PM | 14.09.2025 | ചിറയത്ത് മുറ്റിച്ചൂക്കാരൻ തോമസ് വർഗ്ഗീസ് |
| 6 | സെന്റ് സേവ്യർ | 5:00 PM | 07.09.2025 | വാച്ചാപറമ്പിൽ ജൂഡോ |
| 7 | ചെറുപുഷ്പം | 4:00 PM | 07.09.2025 | ആലപ്പാട്ട് പാലത്തിങ്കൽ കുഞ്ഞിപ്പാലു വർക്കി |
| 8 | സെന്റ് വിൻസെന്റ് | 4:00 PM | | |
| 9 | നിർമ്മല മാത | 5:00 PM | 07.09.2025 | കവലക്കാട്ട് സോണി തോമസ് |
| 10 | സെന്റ് മദർ തെരേസ | 5:00 PM | 14.09.2025 | ചുങ്കത്ത് ഷേർളി ജോസ് |
| 11 | ഫാത്തിമ മാത | 5:00 PM | | |
| 12 | സെന്റ് ആൻഡ്രൂസ് | 6:00 PM | 14.09.2025 | ചാലക്കുടിക്കാരൻ ആനി റപ്പായി |
| 13 | ഗുഡ് ഷെപ്പേർഡ് | 3:00 PM | | |
| 14 | നിത്യസഹായ മാത | 7:00PM | 07.09.2025 | വാർഷികം – തോപ്പ് സ്കൂൾ |
| 15 | സെന്റ് ജോൺ മരിയ വിയാനി | 6:30 PM | | |
| 16 | ഹോളി സ്പിരിറ്റ് | 4:00 PM | 14.09.2025 | പുല്ലുപറമ്പിൽ ചാക്കു ജോസ് |
| 17 | സെന്റ് പോൾ | 6:00 PM | 14.09.2025 | തോട്ടാൻ ജെയ്ക്കബ്ബ് |
| 18 | അമലോത്ഭവ മാത | 4:00 PM | | |
| 19 | സെന്റ് ജോസഫ് | 5:00 PM | 14.09.2025 | ചെമ്പകശ്ശേരി കൂനമ്മാവ് കുഞ്ഞുവറീത് ലാസർ |
| 20 | സെന്റ് മേരീസ് | 3:00 PM | 21.09.2025 | ചിറമ്മൽ കൊച്ചാപ്പു ടോമി |
| 21 | സെന്റ് ക്രിസ്റ്റഫർ | 3:00 PM | 21.09.2025 | ചാലിശ്ശേരി കുറ്റുക്കാരൻ ജോർജ്ജ് ജോഷി |
| 22 | ലിറ്റിൽ ഫ്ളവർ | 3:00 PM | 21.09.2025 | എരിഞ്ഞേരി ലില്ലി ജോർജ്ജ് |
| 23 | ലൂർദ്ദ് നാഥ | 4:00PM | 21.09.2025 | നീലങ്കാവിൽ ജെയിംസ് ബെർണാഡ് |
| 24 | സെന്റ് സെബാസ്റ്റ്യൻ | 04:00PM | 21.09.2025 | പറമ്പൻ ജോസഫ് ജെറി |
| 25 | ഹോളി ക്രോസ് | 5:00 PM | | |
| 26 | മേരി മാത | 4:00 PM | 21.09.2025 | പിടിയത്ത് ഔസേപ്പ് ജോർജ്ജ് |
| 27 | സെന്റ് ജോർജ്ജ് | 5:00 PM | | |
| 28 | സെന്റ് ലൂക്ക് | 5:00 PM | 21.09.2025 | മാളിയേക്കൽ ആന്റണി ഷാജു |
| 29 | വിമല നാഥ | 3:00 PM | 28.09.2025 | ചിറയത്ത് ലോനപ്പൻ ഡെയ്സൺ |
| 30 | കാൽവരി | 6:00 PM | 26.09.2025 | തേർമഠം പാലിശ്ശേരി ജോൺസൺ |
| 31 | സെന്റ് ആൻസ് | 4:00 PM | 28.09.2025 | ചാലക്കൽ റപ്പായി ജെയ്ക്കബ്ബ് |
| 32 | ക്രൈസ്റ്റ് കിങ്ങ് | 4:00 PM | | |
| 33 | സെന്റ് മർത്ത | 4:00 PM | 28.09.2025 | മേയ്ക്കാട്ടുകുളം പോൾ |
| 34 | സെന്റ് ജൂഡ് | 6:30 PM | | |
| 35 | സേക്രഡ് ഹാർട്ട് | 5:00 PM | | |
| 36 | സെന്റ് ആഗ്നസ് | 6:30 PM | | |
| 37 | സെന്റ് അൽഫോൺസ | 3:00 PM | 28.9.2025 | കണ്ണംപ്പിള്ളി ജേക്കബ്ബ് ജോസഫ് |
| 38 | സെന്റ് ജോൺ പോൾ II | 4:00 PM | 28.09.2025 | പല്ലിശ്ശേരി അന്തോണി എൽസി |

# വചനവായനകൾ

## സെപ്റ്റംബർ 2025

### പുതിയ നിയമം

| | | |
|---|---|---|
| 1 | തിങ്കൾ | 1 യോഹ 4:7 – 11,ലൂക്കാ 6:43 – 45 |
| 2 | ചൊവ്വ | 1 തെസ 3:2 – 6, മത്താ 9:18 – 26 |
| 3 | ബുധൻ | 1തെസ 5:1 – 11, മത്താ 24:37 – 44 |
| 4 | വ്യാഴം | റോമാ 15:14 – 21, മത്താ 12:46 – 50 |
| 5 | വെള്ളി | എഫേ 4:7 – 12, യോഹ 15:18 – 25 |
| 6 | ശനി | 1 യോഹ 2:1 – 6, ലൂക്കാ 21:5 – 6, 20 – 24 |
| 7 | ഞായർ | 2 തെസ 1:3 – 10, ലൂക്കാ 18:35 – 43 |
| 8 | തിങ്കൾ | 2 കോറി 12:1 – 6, ലൂക്കാ 12:35 – 40 |
| 9 | ചൊവ്വ | ഗലാ 3:15 – 20, ലൂക്കാ 9:23 – 27 |
| 10 | ബുധൻ | ഗലാ 4:8 – 11, ലൂക്കാ 12:41 – 48 |
| 11 | വ്യാഴം | 1 പത്രോ 1:22 – 25, ലൂക്കാ 17:20 – 37 |
| 12 | വെള്ളി | റോമാ 8:18 – 25, ലൂക്കാ 12:54 – 59 |
| 13 | ശനി | 2 പത്രോ 3:8 – 13, മത്താ 13:44 – 51 |
| 14 | ഞായർ | 1 കോറി 1:18 – 25, ലൂക്കാ 24:13 – 27 |
| 15 | തിങ്കൾ | ഫിലി 4:10 – 14, മത്താ 5:43 – 48 |
| 16 | ചൊവ്വ | 2 പത്രോ 3:1 – 7, മത്താ 23:29 – 36 |
| 17 | ബുധൻ | 1 തെസ 4:13 – 18, മത്താ 24:29 – 36 |
| 18 | വ്യാഴം | 1 തിമോ 1:12 – 17, മത്താ 25:31 – 40 |
| 19 | വെള്ളി | 2 തിമോ 2:1 – 7, ലൂക്കാ 4:31 – 37 |
| 20 | ശനി | കൊളോ 1:24 – 29, ലൂക്കാ 15:1 – 7 |
| 21 | ഞായർ | ഫിലി 3:1 – 11, മത്താ 17:14 – 21 |
| 22 | തിങ്കൾ | 1 യോഹ 5:13 – 21, യോഹ 8:39 – 47 |
| 23 | ചൊവ്വ | റോമാ 3:1 – 8, മത്താ 10:26 – 33 |
| 24 | ബുധൻ | 2 കോറി 13:5 – 10, മത്താ 21:18 – 22 |
| 25 | വ്യാഴം | 2 പത്രോ 2:20 – 22, മത്താ 11:11 – 19 |
| 26 | വെള്ളി | 2 പത്രോ 1:20 – 2:3, മത്താ 15:1 – 9 |
| 27 | ശനി | 1 തെസ 1:4 – 8, ലൂക്കാ 8:16 – 21 |
| 28 | ഞായർ | ഫിലി 4:4 – 9, മത്താ 15:21 – 28 |
| 29 | തിങ്കൾ | ഫിലി 1:21 – 26, മർക്കോ 8:31 – 38 |
| 30 | ചൊവ്വ | തീത്തോ 2:11 – 14, മർക്കോ 9:42 – 48 |

### ഒക്ടോബർ 2025

| | | |
|---|---|---|
| 1 | ബുധൻ | 2 തെസ 3:6 – 12, ലൂക്കാ 9:1 – 6 |
| 2 | വ്യാഴം | 2 തിമോ 3:1 – 7, മത്താ 8:1 – 4 |
| 3 | വെള്ളി | തീത്തോ 2:6 – 10, ലൂക്കാ 11:5 – 13 |
| 4 | ശനി | 2 തിമോ 4:6 – 8, മത്താ 26:6 – 13 |
| 5 | ഞായർ | 2 കോറി 2:12 – 17, മത്താ 20:1 – 16 |
| 6 | തിങ്കൾ | തീത്തോ 3:1 – 7, ലൂക്കാ 10:38 – 42 |
| 7 | ചൊവ്വ | ഹെബ്രാ 4:1 – 11, ലൂക്കാ 11:14 – 23 |
| 8 | ബുധൻ | 1 കോറി 1:24 – 31, ലൂക്കാ 11:24 – 26 |
| 9 | വ്യാഴം | ഹെബ്രാ 10:1 – 10, ലൂക്കാ 9:28 – 36 |
| 10 | വെള്ളി | 1 പത്രോ 3:1 – 7, ലൂക്കാ 20:27 – 40 |

### പഴയ നിയമം

1. സെപ്റ്റംബർ 7 – ഞായർ
   നിയ 6:20 – 25
   ഏശ 31:4 – 9
2. സെപ്റ്റംബർ 8 – പരി. കന്യ കാമറിയത്തിന്റെ പിറവി
   ഉത്പ 17:15 – 22
   ഏശ 43:1 – 7
3. സെപ്റ്റംബർ 14 – ഞായർ
   സംഖ്യ 21:4 – 9
   ഏശ 42:13 – 17
4. സെപ്റ്റംബർ 21 – ഞായർ
   നിയ 9:1 – 6
   ഏശ 25:1 – 8
5. സെപ്റ്റംബർ 28 – ഞായർ
   നിയ 9:13 – 24
   ഏശ 26:1 – 11
6. ഒക്ടോബർ 1 – ബുധൻ
   വിശുദ്ധ കൊച്ചുത്രേസ്യ
   നിയ 32:8 – 12
   ഏശ 66:12 – 18
7. ഒക്ടോബർ 4 ശനി
   വി. ഫ്രാൻസിസ് അസ്സീസി
   നിയ 15:7 – 11
   ഏശ 40:12 – 17
8. ഒക്ടോബർ 5 – ഞായർ
   നിയ 11:1 – 9
   ഏശ 40:12 – 17

*In Loving Memory of*



## K. A. RAPHAEL
**(Rappai)**

Born: 23.10.1933
Died: 25.01.2004



## LILLY RAPHAEL

Born: 25.07.1939
Died: 23.03.2022



## ABBY KAVALAKATT
**(Toy)**

Born: 20.12.1963
Died: 29.09.2006

The call was sudden, the blow severe, to part with one, we loved so dear.
We loved them well, but God loved them more......

## 14–ാം ചരമവാർഷികം
## 12–09–2025



### നീലങ്കാവിൽ കോളങ്ങാടൻ പൈലോത്


# ജോണി

**ജനനം: 02.03.1944 മരണം: 12.09.2011**

ഞങ്ങളുടെ പപ്പ ഞങ്ങളെ വിട്ടുപോയെങ്കിലും
ഞങ്ങളുടെ ഹൃദയത്തിൽ ഇപ്പോഴും ജീവിക്കുന്നു.

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

## സ്നേഹസ്മരണയ്ക്ക്
4-ാം ചരമവാർഷികം
03-09-2025



തലക്കോട്ടൂർ ജോസഫ്

# ബോസ്കോ

ജനനം : 01-06-1945

മരണം : 03-09-2021

24TH DEATH ANNIVERSARY



ARAKKAPARAMBIL OUSEPH

**ANTONY**

11-09-2001

30TH DEATH ANNIVERSARY



**ROSA ANTONY**

ARAKKAPARAMBIL

26-09-1995



ഞങ്ങൾ നിങ്ങളിൽ നിന്ന്
അകന്ന് പോയെങ്കിലും
ഞങ്ങളുടെ സ്നേഹം എന്നും
നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം
ഒരുമിക്കുന്നതുവരെ
നിങ്ങളുടെ പ്രാർത്ഥനകളിൽ
ഞങ്ങളെയും ഓർക്കണമെ.

# 5th Death Anniversary
## 17-09-2025



Padathiparambil

# SAJU SIMON

Born: 28-04-1971 Died: 17-09-2020

*Though I go away from you*
*My love will be with you for ever*
*Please pray for me till we meet in heaven*

# സ്നേഹസ്മരണയ്ക്ക്



**തെക്കേക്കര അന്തോണി**

ജനനം : 10–12–1912 മരണം : 09–09–2002



**തെക്കേക്കര അന്തോണി ഭാര്യ സാറാമ്മ**

ജനനം : 23–09–1923 മരണം : 26–07–2002

ഞങ്ങൾ നിങ്ങളിൽ നിന്ന് അകന്ന് പോയെങ്കിലും ഞങ്ങളുടെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങളുടെ പ്രാർത്ഥനകളിൽ ഞങ്ങളെയും ഓർക്കണമെ

# 26-ാം ചരമവാർഷികം
# 19-09-2025



## അരിമ്പൂര് മൂക്കൻ അന്തോണി
# ബേബി

ജനനം: 08.08.1941
മരണം: 19.09.1999

ജീവിച്ചിരുന്നപ്പോൾ നിങ്ങളെന്നെ സ്നേഹിച്ചു.
മരണശേഷവും നിങ്ങളുടെ പ്രാർത്ഥനകളിൽ
എന്നെ ഓർക്കണമെ.

# 3-ാം ചരമവാർഷികം
## 08-09-2025



ചക്കാലക്കൽ പോൾ മകൻ

**സി. പി. ഡേവിസ്**

(റിട്ട. ചീഫ് മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക്)

ജനനം: 17.07.1937
മരണം: 08.09.2022



പൈപ്പ് ലെയിൻ റോഡ്,
മൈലിപ്പാടം, തൃശ്ശൂർ

പ്രാർത്ഥനയോടെ..
കുടുംബാംഗങ്ങൾ



ചക്കാലക്കൽ ഡേവിസ് ഭാര്യ

**ശാന്ത**

ജനനം: 09.10.1944
മരണം: 08.09.2022

**58th Death Anniverary**
**05-05-2025**



## K.T. Antony

**Kalliathuparambil House**
**Born : 09-11-1910**
**Died : 05-05-1967**

**31st Death Anniversary**
**21-09-2025**



## Kunjilakutty

**W/o. Kalliathuparambil Antony**
**Born : 07-04-1923**
**Died : 21-09-1994**

**38th Death Anniverary**
**16-12-2025**



## Mrs. Cicy Thomas

**W/o. K.A. Thomas**
**Kalliathuparambil House**

**28th Death Anniverary**
**10-09-2025**



## Saju Thomas

**Kalliathuparambil House**
**Born : 24-09-1975**
**Died : 10-09-1997**

**"Your Love and Laughter Will always be in Hearts"**
**Sorrowing Family**

## പാവനസ്മരണയ്ക്ക്



4-ാം ചരമവാർഷികം
23-09-2025

**പൈനാടൻ കുരിയപ്പൻ**

# ജോസഫ്

ജനനം: 10.10.1945
മരണം: 23.09.2021

സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്
കിഴക്കുംപാട്ടുകര

നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കണമെ.

## സ്നേഹസ്മരണയ്ക്ക്

20-ാം ചരമവാർഷികം
29-09-2025



**മേയ്ക്കാട്ടുകുളം ദേവസ്സി**

# വറീത്

ജനനം: 29-06-1918
മരണം: 29-09-2005

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമെ.

# 41-ാം ചരമദിനം

**01-09-2025**





നിങ്ങളുടെ
അനുദിന
പ്രാർത്ഥനയിൽ
എന്നേയും
ഓർക്കേണമെ

**കല്ലിങ്കൽ ഫ്രാൻസിസ് മകൻ**

## ദീപക്

ജനനം 09-02-1970

മരണം 23-07-2025



## 5-ാം ചരമവാർഷികം
25-09-2025

**നെല്ലങ്കര**
**വനീത് മകൻ**

## ജോസ് എൻ. വി.

ജനനം: 23.08.1951
മരണം: 25.09.2020

**യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ യേശുവിൽ നിദ്ര പ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും.**
**(1 തെസ്ലോനിക്കാ 4:14)**

# Elegant Stay @ Alite™ ENCLAVES

A DIVISION OF KAVALAKAT GROUP




just click on the icons




just click on the icons

FACILITIES | 24 x 7 Customer care Service | Security | Food on demand | CCTV | Doctor on call | Car parking | Housekeeping |Free Wi-Fi |Laundry Service |Air conditioned Rooms

894 3888 869, 984 6995 007 www.aliteenclaves.com aliteenclaves@gmail.com




ROUND EAST, THRISSUR. PH: 0487-2331812

# KONIKKARA

## GOLD & DIAMONDS

**സ്വർണ്ണം വാങ്ങാൻ തൃശ്ശൂർ,**
**തൃശ്ശൂരിൽ കോനിക്കര.**



RETAILER | WHOLESALER | EXPORTER

KONIKKARA TOWER, NEAR CHALDEAN HALL, PALLIKULAM ROAD, THRISSUR - 1.

PH: 0487 2427 384, 2421 916, 8547 383 002, 9846 621 916 Konikkaragold